സീക്കേഴ്സ് പാത്ത്
seekers path

Vol. 01 Issue No. 06
2012 March

Advisory Board

C.D.Thomas
J.C. Dev
P. I. Abraham
K.O.Thomas
P.M.Georgekutty
Edakkara

Editing & Publishing

C D Varghese

Contributing Editors

George John
V.S.Kunnathukuzhiyil
Anil Kumar V.
Ayyappan

Circulation Manager

V K Surendran
Wayanad

Circulation Assistants

Shajahan Malayil
Malappuram
Lijo Joseph Thadiyoor
Kottayam
Prince Mathew
Wayanad.
Cheriyan Chandy
Kozhikode

Contact Address:

C D Varghese
P O Box No.7,
Pullad.P.O,
Thiruvalla.
Pin:689548.
Ph: 9447518465

# അന്വേഷണ വീഥികളിൽ......

2 ക്രിസ്തു നിന്ദയുടെ വിവിധ തലങ്ങൾ.
(സത്യപ്രകാശ് ഡി.)



3. എഡിറ്റോറിയൽ



4. വംശാവലി ലൂക്കോസിന്റെ സുവിശേഷത്തിൽ
(അനിൽകുമാർ.വി.അയ്യപ്പൻ.)

7. യേശു ഇന്ത്യയിൽ വന്നുവോ?
(കാനം അച്ചൻ)

11. ലൂക്കോസിന്റെ തന്ത്രം?
(അസ്‌ലൻ ബർക്കർ)





15. കടുക്കിലും ഒരു കുടുക്ക്
(കെ.ഒ.തോമസ്)

19. ഹസ്രത്ത് ഷാ വലിയുല്ലാഹി ദഹ്ലവി
(സുരേഷ് എടക്കളത്തൂർ)





23. ചോദ്യം ചെയ്യപ്പെടുന്ന ധാർമ്മികത.
(പാസ്റ്റർ വി.കെ.സുരേന്ദ്രൻ പുല്പ്പള്ളി)

25. ബൈബിൾ ചരിത്രവും അക്ബറിന്റെ വാദവും .
(സി.ഡി.വർഗീസ്)

31. നേതൃത്വത്തിന്റെ രസതന്ത്രം.
(ലിയോ ജോണി പുല്പള്ളി)

35. സർപ്പം പൊടി തിന്നുമോ?
(9 പ്രതിവാദം. സി.ഡി.വർഗീസ് )

37. വിമർശനങ്ങൾക്കു മറുപടി
(സി.ഡി.വർഗീസ് & വി.കെ.സുരേന്ദ്രൻ.)


# ക്രിസ്തു നിന്ദയുടെ വിവിധ തലങ്ങൾ.

സത്യപ്രകാശ്.ഡി.

മാർക്സിസ്റ്റുകാരുടെ രാഷ്ട്രീയ തിരുവത്താഴചിത്രം വിവാദമായിരിക്കുകയാണല്ലോ. ഒരു കലാകാരന്റെയോ ഒരുപറ്റം കലാകാരൻമാരുടെ കൂട്ടായ്മയുടെയോ പ്രവർത്തനഫലമാണ് പ്രസ്തുത ചിത്രം. യേശുക്രിസ്തുവും ശിഷ്യൻമാരും ഒത്തു ചേർന്നുള്ള അവസാന പെസഹാ അത്താഴവിരുന്നിനെ അനുസ്മരിപ്പിക്കുന്ന ചിത്രത്തിന്റെ വികലസൃഷ്ടിയായി ഇത് എന്നതാണു വിവാദത്തിനു കാരണം. ചിത്രകാരൻ തന്റെ ഭാവനക്കനുസൃതമായി ധാർമ്മിക പരിസരത്തിൽ നിന്നുകൊണ്ട് ഒരു ചിത്രത്തിലൂടെ തന്റെ ആശയത്തെ വിശദീകരിക്കുന്നതിനെ മതനിന്ദയായി വിശേഷിപ്പിക്കപ്പെടേണ്ടതുണ്ടോ? ജനം ഇക്കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളുള്ളവരായിരിക്കും. ലിയനാർഡോ ഡാവിഞ്ചി തന്റെ ഭാവനയിൽ നിന്നും വിരിയിച്ചതാണ് യേശുവിന്റെ തിരുവത്താഴ ചിത്രം. ക്രൈസ്തവർ (എല്ലാവരുമല്ല) അത് തങ്ങളുടെ ആരാധ്യപുരുഷന്റെ ചിത്രമായി കരുതിവരുന്നു. തിരുവത്താഴ ചിത്രം വികലമായി ചിത്രീകരിച്ചതിന്റെ പേരിൽ അക്രമങ്ങൾക്ക് മുതിരാതിരുന്നതിൽ ക്രൈസ്തവരുടെ സൗമ്യതയും ക്ഷമയും വെളിവാകുന്നുണ്ട്.

ചിത്രമല്ല, മറിച്ച് ക്രിസ്ത്യാനികളെ വേദനിപ്പിച്ചത് മാർക്സിസ്റ്റുകാർ തങ്ങളുടെ ലൗകീക നേതാക്കളുടെ രക്തരൂക്ഷിത വിമോചന പടയാളികളായ നേതാക്കളുമായി അലൗകിക ചിന്താധാരയുടെ വക്താവായ, തികച്ചും സമാധാനകാംക്ഷിയും സ്നേഹവാനും കരുണാവാരിധിയുമായ യേശുവിനെ തുലനം ചെയ്ത് തരം താഴ്ന്ന ലോകനേതാവായി വിശദീകരിച്ചതാണ്. ക്ഷമാശീലനായ ക്രിസ്തുവിന്റെ അനുയായികൾ ഇവിടെ സംയമനം പാലിക്കുകയും ചെയ്തു. അതാണവരുടെ നേതാവ് പഠിപ്പിച്ച പാഠവും. വിപ്ലവത്തിലൂടെ അംഗഭംഗം വരുത്തുവാനോ ജീവനെടുക്കുവാനോ ക്രൈസ്തവർ പഠിപ്പിക്കപ്പെടുന്നില്ല. ശത്രുവിനെ സ്നേഹിക്കുവാൻ പഠിപ്പിച്ച ഏകമാർഗ്ഗമാണ് ക്രിസ്തുവിന്റേത്.

ക്രിസ്തുവിന്റെ കാലത്തുതന്നെ ക്രിസ്തുനിന്ദ ആരംഭിച്ചതാണ്. അതിന്നും തുടരുന്നു. ചിത്രങ്ങളിലൂടെയും കഥകളിലൂടെയും പ്രബോധനങ്ങളിലൂടെയും വിമർശങ്ങളിലൂടെയുമൊക്കെ അതു തുടർന്നുകൊണ്ടേയിരിക്കുന്നു. അതിലേക്കൊരു എത്തിനോട്ടം നടത്താനുള്ള ശ്രമമാണിത്. (തുടരും..)



# എഡിറ്റോറിയൽ

ദൈവത്തേക്കാൾ അധികം ഇന്ന് മതങ്ങളോടും അവയുടെ വികലമായ വ്യാഖ്യാനങ്ങളോടുമാണ് മനുഷ്യന് ആഭിമുഖ്യം. ദൈവികവിഷയങ്ങളിൽ എന്തു വിട്ടുവീഴ്ചക്കും തയ്യാറാകുന്നവർ പക്ഷെ, മതത്തിന്റെ കാര്യത്തിൽ കാർക്കശ്യം വെച്ചു പുലർത്തുന്നതാണ് ഇന്നത്തെ രീതി. മത സംഘടനകൾ തങ്ങളുടെ അഭീഷ്ട ത്തിനനുസൃതമായി മതനിയമങ്ങളെയും രാഷ്ട്രനിയമങ്ങളെയും കീഴ്പ്പെ ടുത്താനാണു പരിശ്രമിക്കുന്നത്. അതുകൊണ്ടു തന്നെ ദൈവീക ചിന്താനുസാരിയായ പദ്ധതിക്കു ഈ പ്രവണത പ്രതിസന്ധി സൃഷ്ടിക്കുന്നത് തുടർക്കഥയാവുകയാണ്. മതശാസനകളൊ രാജ്യനിയമാനുശാസനങ്ങളൊ  തങ്ങളെ ബാധിക്കില്ലെന്ന ചിന്തയും ഭൂരിപക്ഷമുണ്ടെങ്കിൽ പ്രക്ഷോഭാദികാര്യങ്ങളിലൂടെ എന്തും നേടാമെന്ന ധാരണയും (മിഥ്യാധാരണയാണെങ്കിൽ പോലും) ഈ പ്രവണതയ്ക്ക് ബലമേകുന്നു. ഒപ്പം ചില അഭിഭാഷകരുടെ സഹായവും രാഷ്ട്രീയ നേതാക്കന്മാ രുടെ പിൻബലവും കൂടിയാകുമ്പോൾ നിയമത്തെ ഭയപ്പെടേണ്ടതില്ലെന്ന തന്റേടവും മതപരിസരത്തെ ക്രിമിനൽ പശ്ചാത്തലത്തോളം മലീമസമാക്കു ന്നതാണ് കാണാൻ കഴിയുന്നത്. ഇവിടെ യഥാർത്ഥ മതതത്വസംഹിതകൾ നിസ്സഹായമായി നോക്കി നില്ക്കുന്ന കാഴ്ച ദയനീയമാണ്. സംഘടനകളല്ല, നേതാക്കളുമല്ല, മനുഷ്യനാണ് വലിയതെന്ന സത്യം ഇവരെന്നെങ്കിലും ഗ്രഹിക്കുമോ ആവോ?

ഭാവി സുരക്ഷാ പദ്ധതിയുടെ കൊടിഉയരുന്ന ശുഭദിനത്തിന്റെ ആ ഗമനത്തിനായി പ്രത്യാശയോടെ, പ്രാർത്ഥനയോടെ, സ്നേഹപൂർണ്ണതയിൽ, ദൈവീക പരിപാലനയിൽ വസിക്കാൻ സർവ്വകൃപാലുവായ ദൈവം തുണയ്ക്കട്ടെ.

എഡിറ്റർ,
സി.ഡി.വർഗീസ്

യേശുക്രിസ്തുവിന്റെ വംശാവലിയിൽ വൈരുദ്ധ്യമോ? 4

# വംശാവലി ലൂക്കോസിന്റെ സുവിശേഷത്തിൽ

അനിൽകുമാർ വി അയ്യപ്പൻ.

ലൂക്കോസ് യഹൂദനല്ലെങ്കിലും യേശുക്രിസ്തുവിന്റെ ശിഷ്യവൃന്ദത്തിൽ ഉൾപ്പെട്ടിരുന്ന ഒരാളായിരുന്നു എന്നു ക്രൈസ്തവ സഭാപാരമ്പര്യങ്ങളിൽ കാണാം. റോമിലെ ഹിപ്പോളിറ്റ്സ്( A.D.170-235, യോഹന്നാന്റെ ശിഷ്യനായ പോളിക്കാർപ്പിന്റെ ശിഷ്യനായ ഐറേനിയൂസിന്റെ ശിഷ്യനായിരുന്നു ഹിപ്പോളിറ്റ്സ്) ലൂക്കോസ് 10:1 -ലെ എഴുപതു ശിഷ്യന്മാരുടെ ലിസ്റ്റ് പറയുന്നുണ്ട്. അതിൽ 14-ാമത്തെ സ്ഥാനത്തുള്ളത് മർക്കോസും 15-ാം സ്ഥാനത്തുള്ളത് ലൂക്കോസും ആണ്. അതുപോലെ A.D.263 മുതൽ 339 വരെ ജീവിച്ചിരുന്ന ആദിമ സഭാപിതാക്കന്മാരിലെരാളായിരുന്ന 'യൂസേബിയൂസ്' തന്റെ പ്രശസ്തമായ 'ഹിസ്റ്റോറിയ എക്ലേസ്സിയ'( സഭാ ചരിത്രം) എന്ന A.D.314-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ, ലൂക്കോസ് 10:1 -ലെ എഴുപതു ശിഷ്യന്മാരുടെ ലിസ്റ്റ് കൊടുത്തിട്ടുണ്ട്. അതിൽ 2-ാം സ്ഥാനത്തുള്ളത് 'മർക്കോസ് എന്നു മറുപേരുള്ള യോഹന്നാനും' 32-ാം സ്ഥാനത്തുള്ളത് 'വൈദ്യനായ ലൂക്കോസു'മാണ്. അതുപോലെ തന്നെ വളരെ പുരാതനമായ ഒരു കാനോനിലും ഈ എഴുപതു പേരുടെ ലിസ്റ്റ് കാണാൻ കഴിയും. അതിൽ യഥാക്രമം നാലും അഞ്ചും സ്ഥാനങ്ങളിലാണ് മർക്കോസും ലൂക്കോസും ഉള്ളത്.

ഒരു സമ്പൂർണ്ണമനുഷ്യനായി യേശുക്രിസ്തുവിനെ അവതരിപ്പിക്കുന്ന ലൂക്കോസ് ആദ്യമനുഷ്യനായ ആദാമിലാണ് യേശുവിന്റെ വംശാവലി എത്തിക്കുന്നത്, അബ്രഹാമിലല്ല. ദൈവം ആദമിനോട് വാഗ്ദത്തം ചെയ്ത 'സ്ത്രീയുടെ സന്തതി'യാണ് യേശു എന്ന് ഈ വംശാവലിയിലൂടെ ലൂക്കോസ്



സമർത്ഥിക്കുന്നു. അതുകൊണ്ടു തന്നെ അത് സ്ത്രീയുടെ അഥവാ, വാഗ്ദത്ത സന്തതിയുടെ മാതാവായ മറിയയുടെ വംശാവലിയാണ്, യോസേഫിന്റേതല്ല!!

മത്തായിയിൽ നിന്നു വ്യത്യസ്തമായി മറിയയിൽ നിന്നു ലഭിച്ച വിവരങ്ങളാണ് യേശുവിന്റെ ജനനത്തെപ്പറ്റി പറയാൻ ലൂക്കോസ് ഉപയോഗിച്ചിരിക്കുന്നത്. മറിയക്ക് ദൂതൻ പ്രത്യക്ഷനാകുന്നത്, എലിശബത്തിനെ കാണാൻ മറിയ ചെല്ലുന്നത്, ശിമോൻ ശിശുവായ യേശുവിനെ കയ്യിലേന്തി മറിയയോടു: 'നിന്റെ ഹൃദയത്തിൽക്കൂടി ഒരു വാൾ കടക്കും' എന്നു പറഞ്ഞത്, ബാലനായ യേശു യരുശലേം ദേവാലയത്തിലെ തിരക്കിൽ തങ്ങളുടെ അശ്രദ്ധമൂലം ഉപേക്ഷിക്കപ്പെട്ടത് ഇങ്ങനെ ഒരു മാതൃഹൃദയത്തിന്റെ വീക്ഷണത്തിലൂടെയാണ് ഈ ഭാഗങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. മാത്രമല്ല, ' ഈ കാര്യങ്ങളെല്ലാം അവന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു' എന്നു രണ്ടു പ്രാവശ്യം (ലൂക്കോസ് 2:19,51) രേഖപ്പെടുത്തിയി

രിക്കുന്നതും ലൂക്കോസിനു ഈ വിവരങ്ങൾ ലഭിച്ചത് മറിയയിൽ നിന്നാണെന്നു തെളിയിക്കുന്നു.

യേശുവിന്റെ സ്നാനത്തിനും പിശാചിനാലുള്ള പരീക്ഷക്കും ഇടയിലാണ് ലൂക്കോസ് വംശാവലിപ്പട്ടിക നല്കുന്നത്. ഇതും അർത്ഥവത്തായ കാര്യമാണ്. അത് നമുക്കു പുറകെ പരിശോധിക്കാം. അതിനു മുമ്പ് യേശുക്രിസ്തു ഏറ്റ സ്നാനത്തെക്കുറിച്ചു ഒരല്പം കാര്യം കൂടെ പരാമർശിക്കട്ടെ.

സ്നാപകയോഹന്നാൻ കഴിപ്പിച്ചത് മാനസാന്തര സ്നാനം ആണ്. യിസ്രായേലിന്റെ ദൈവത്തെ വിട്ടു തെറ്റിപ്പോയ ജനത്തെ തിരികെ ദൈവത്തിങ്കലേക്ക് കൊണ്ടു വന്നു, മനസ്സൊരുക്കമുള്ള ഒരു ജനത്തെ കർത്താവിനു വേണ്ടി തയ്യാറാക്കേണ്ടതിനു വേണ്ടിയും അതിനേക്കാൾ ഉപരിയായി മിശിഹയെ യിസ്രയേലിനു വെളിപ്പെടുത്തിക്കൊടുക്കേണ്ടതിനു വേണ്ടിയും ഉള്ളതായിരുന്നു യോഹന്നാൻ കഴിപ്പിച്ച സ്നാനം.

യേശുക്രിസ്തു യോഹന്നാന്റെ കൈക്കീഴിലാണ് സ്നാനമേറ്റതെങ്കിലും അത് മാനസാന്തര സ്നാനമായിരുന്നില്ല. കാരണം, അവനു മാനസാന്തരപ്പെടേണ്ട ആവശ്യമില്ലാത്ത വിധം "പാപം ചെയ്യാത്തവനും പാപം ഇല്ലാത്തവനും പാപം എന്തെന്നു അറിയാത്തവനുമായിരുന്നു". യേശുക്രിസ്തു സ്നാനമേറ്റതിന്റെ ഉദ്ദേശ്യം "യിസ്രായേലിനു തന്നെത്തന്നെ വെളിപ്പെടുത്തുക" എന്നതായിരുന്നു. കാരണം സ്നാനം കഴിപ്പിക്കാൻ വന്ന സ്നാപകയോഹന്നാനും അറിയില്ലായിരുന്നു യേശുവാണ് മിശിഹാ എന്നത്. അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നു തന്നെ അത് വ്യക്തമാകുന്നുണ്ട്. "പിറ്റേ ദിവസം യേശു തന്റെ അടുക്കൽവരുന്നത് അവൻ കണ്ടിട്ട്: ഇതാ ലോകത്തിന്റെ പാപം ചുമന്നു നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു. അവൻ എനിക്കു മുമ്പനായിത്തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നെ. **ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും അവൻ യിസ്രായേലിനു വെളിപ്പെടേണ്ടതിനു ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിക്കാൻ വന്നിരിക്കുന്നു** എന്നു പറഞ്ഞു. യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞത്: ആത്മാവ് ഒരു പ്രാവു പോലെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരുന്നത് ഞാൻ കണ്ടു; അത് അവന്റെ മേൽ വസിച്ചു. ഞാനോ അവനെ അറിഞ്ഞില്ല. എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിക്കുവാൻ എന്നെ അയച്ചവൻ എന്നോട്: ആരുടെ മേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നെ എന്നു സാക്ഷ്യം പറയുകയും ചെയ്തിരിക്കുന്നു." (യോഹ 1:29-34).

**ഈ വേദഭാഗത്തു നിന്നു നമുക്കു മനസ്സിലാകുന്ന കാര്യങ്ങൾ ഇവയാണ്:**

1 യേശുക്രിസ്തു ലോകത്തിന്റെ പാപം ചുമന്നു നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ആണ്.

2 എങ്കിലും സ്നാപക യോഹന്നാനു അത് അറിയില്ലായിരുന്നു.

3 അവൻ ആരാണെന്നു യിസ്രയേലിനു വെളപ്പെടേണ്ടതിനാണ് സ്നാപക യോഹന്നാനെ മരുഭൂമിയിൽ നിന്ന് ദൈവം യഹൂദ്യയിലേക്കു സ്നാനം കഴിപ്പിക്കുവാൻ അയച്ചത്.

4 യോഹന്നാനു യേശുവിനെ തിരിച്ചറിയുവാനുണ്ടായിരുന്ന ഏക അടയാളം ഒരാളെ സ്നാനപ്പെടുത്തുമ്പോൾ മാത്രം ഒരു അത്ഭുതം ഉണ്ടാകും എന്നുള്ളതാണ്. ആ സ്നാനാർത്ഥിയുടെ മേൽ സ്നാനശേഷം പരിശുദ്ധാത്മാവ് ഇറങ്ങുകയും വസിക്കുക

യും ചെയ്യും എന്നുള്ളതാണ് ആ അടയാളം.

5 യേശുക്രിസ്തുവിന്റെ സ്നാനശേഷം ആ അടയാളം യേശുവിൽ നിറവേറുകയും യോഹന്നാൻ അതു കാണുകയും ചെയ്തതു കൊണ്ടു യേശുവാണ് മിശിഹാ എന്നു യോഹന്നാൻ ലോകത്തോട് വിളംബരം ചെയ്തു.

ഇതിനെതിരെ നമ്മുടെ ഉള്ളിൽ പെട്ടെന്നു കടന്നു വരുന്ന വാക്യം മത്തായി 3:14 ആയിരിക്കും. അവിടെ സ്നാപക യോഹന്നാൻ യേശുവിനോടു പറയുന്നത് ഇങ്ങനെയാണ്: " നിന്നാൽ സ്നാനം ഏല്ക്കുവാൻ എനിക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ?" എന്ന്. സത്യത്തിൽ യേശു ആണ് മിശിഹാ എന്നു തിരിച്ചറിഞ്ഞിട്ടല്ല യോഹന്നാൻ യേശുവിനെ വിലക്കുന്നത്, അതിനുള്ള കാരണം വേറെയാണ്.

ലൂക്കോസിന്റെ സുവിശേഷത്തിൽ നിന്നു നമുക്ക് മനസ്സിലാകുന്ന ഒരു കാര്യം ഉണ്ട്. യേശുവിന്റെ മാതാവായ മറിയയും സ്നാപക യോഹന്നാന്റെ മാതാവായ എലിശബത്തും ബന്ധുക്കൾ ആണെന്നുള്ളത്. യേശുവിനെക്കാൾ ആറു മാസം മൂത്തവനാണ് സ്നാപക യോഹന്നാൻ. ഇവർ ബന്ധുക്കളായതു കൊണ്ട് യേശുക്രിസ്തുവിന്റെ പാപമില്ലാത്ത ജീവിതത്തെപ്പറ്റി യോഹന്നാനു അറിവുള്ളതാണ്. യോർദ്ദാനിൽ യോഹന്നാന്റെ മുമ്പാകെ സ്നാനം ഏല്ക്കുവാൻ വരുന്നവർ ചുങ്കക്കാരും പാപികളും വ്യഭിചാരികളുമൊക്കെയായ ആളുകളാണ്. അവരുമായി താരതമ്യം ചെയ്യുമ്പോൾ യോഹന്നാൻ വളരെ വിശുദ്ധനാണ്. അതുകൊണ്ടു തന്നെ അവരെ സ്നാനം കഴിപ്പിക്കുവാനുള്ള യോഗ്യത യോഹന്നാനുണ്ട്. എന്നാൽ, യേശുക്രിസ്തുവിന്റെ വിശുദ്ധ ജീവിതത്തെപ്പറ്റി അറിവുള്ള യോഹന്നാനു അവന്റെ മുമ്പിൽ താൻ പാപിയാണെന്നുള്ള ബോധ്യം ഉണ്ടായി. അതുകൊണ്ടാണ് നിന്നാൽ സ്നാനം ഏല്ക്കുവാൻ എനിക്കു ആവശ്യം എന്നു യോഹന്നാൻ പറയുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ "ഇവിടെ വരുന്ന മറ്റുള്ളവരെ സ്നാനം കഴിപ്പിക്കുവാനുള്ള യോഗ്യത എനിക്കുണ്ട് പക്ഷെ, നിന്നെ സ്നാനം കഴിപ്പിക്കുവാനുള്ള യോഗ്യത എനിക്കില്ല" എന്നത്രേ യോഹന്നാൻ പറഞ്ഞതിന്റെ സാരം. അല്ലാതെ, യേശുവാണ് യഹൂദന്മാർ കാത്തിരുന്ന മിശിഹാ എന്നു തിരിച്ചറിഞ്ഞിട്ടല്ല യോഹന്നാൻ യേശുവിനെ തടഞ്ഞത്. അങ്ങനെയെങ്കിൽ, "ഞാനോ അവനെ അറിഞ്ഞില്ല" എന്നു പിന്നീട് യോഹന്നാൻ ജനത്തോട് പറഞ്ഞത് കളവാണെന്നു വരും!

സ്വന്തം ജീവനെക്കാൾ സത്യത്തിനു വില കല്പിച്ചിരുന്ന ആ പ്രവാചകന്റെ വാക്കുകൾക്കു യിസ്രായേലിലെ സാധാരണ ജനം ചെവി കൊടുത്തിരുന്നു. അവൻ കള്ളം പറയില്ലെന്നു അവർക്കറിയാം. ആദാം മുതലുള്ള മനുഷ്യവർഗ്ഗത്തിനു ദൈവം വാഗ്ദത്തം ചെയ്തിരുന്ന വീണ്ടെടുപ്പുകാരനായി ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുവാൻ ഈ യോഹന്നാനെക്കാൾ യോഗ്യനായ വേറൊരാൾ അന്നു യിസ്രായേലിൽ ഉണ്ടായിരുന്നില്ല. മിശിഹാ ആരെന്നു യോഹന്നാനു മനസ്സിലാക്കിക്കൊടുക്കുവാൻ ദൈവം ഒരുക്കിയ ക്രമീകരണമായിരുന്നു യേശുക്രിസ്തുവിന്റെ സ്നാനം. യേശുവാണ് വാഗ്ദത്ത സന്തതി എന്നു മനസ്സിലായപ്പോൾ യോഹന്നാൻ അവനെ ലോകത്തിനു മുമ്പിൽ ഇപ്രകാരം അവതരിപ്പിച്ചു: "ഇതാ ലോകത്തിന്റെ പാപം ചുമന്നു നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്." (യോഹ 1:29)

സ്നാനത്തെക്കുറിച്ചുള്ള വിവരണത്തിനു ശേഷം മത്തായിയും മർക്കോസും യേശു

ശേഷം 22-ാം പേജിൽ

# യേശു ഇന്ത്യയിൽ വന്നുവോ? വന്നെങ്കിൽ എന്തിന്?

പി ഐ എബ്രഹാം. ( കാനം അച്ചൻ)

യേശുവിനോടുള്ള ബന്ധത്തിൽ പലരും പറഞ്ഞ് മിക്കവാറും ഒരു ചരിത്രമെന്നു തോന്നിക്കുമാറ് രൂപപ്പെട്ടിട്ടുള്ള ഒന്നാണ് യേശു ബാല്യത്തിൽ ഇന്ത്യയിൽ വന്നിരുന്നു എന്നുള്ളത്. ഇതിന്റെ നിജസ്ഥിതിയെപ്പറ്റി ആവോളം നാമന്വേഷിക്കേണ്ടതാണ്. ഇതിന്റെ ന്യായാന്യായങ്ങളെപ്പറ്റി പറയുന്നതിനു മുമ്പ് പ്രാഥമികമായി ചില കാര്യങ്ങൾ ഞാൻ സൂചിപ്പിക്കാം. മുൻകാലങ്ങളിൽ വ്യാജ എഴുത്തുകൾ (Psudo Writings) എഴുതി പ്രഗത്ഭന്മാരുടെ പേരും കുറിച്ച് എവിടെയെങ്കിലും സൂക്ഷിച്ചുവെക്കുന്ന ഒരു രീതി ഉണ്ടായിരുന്നു. വേദപുസ്തകം കാനോനീകരിച്ചപ്പോൾ അങ്ങനെയുള്ള വ്യാജ ഗ്രന്ഥങ്ങളും ലഭിക്കുകയുണ്ടായി. അക്കൂട്ടത്തിൽ കുറേ കുറ്റമറ്റതായി തോന്നിയ പുസ്തകങ്ങളുമുണ്ട്. അവ അപ്പൊക്രിഫാ ഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്നു. കത്തോലിക്കാ സഭ 66 പുസ്തകങ്ങൾക്കു പുറമെ അവയും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, നവീകരണ സത്യങ്ങൾ സ്വീകരിച്ച ജനം കൃപയാലുള്ള രക്ഷ തുടങ്ങിയ ആത്മീയ സത്യങ്ങൾക്കെതിരായി കണ്ട അപ്പൊക്രിഫാ ഗ്രന്ഥങ്ങളെ തള്ളുകയാണ് ചെയ്തത്. റോമാ സഭക്കും നവീകരണ സഭയ്ക്കും ഇടയ്ക്കു നില്ക്കുന്ന സുറിയാനി ഓർത്തഡോക്സ് സഭകൾ റോമാ സഭ സ്വീകരിച്ചതിൽ പലതും തള്ളിയിട്ട് കുറേ അപ്പൊക്രിഫാ ഗ്രന്ഥങ്ങൾ അവരും സ്വീകരിച്ചിട്ടുണ്ട്. ജീവനും ഭക്തിക്കും (വിശുദ്ധിക്കും നീതിക്കും) മതിയായതൊക്കെയും 66 പുസ്തകങ്ങളിൽ ഉണ്ടെന്നുള്ളതുകൊണ്ടാണ് ശരിയായ നവീകരണം (ശരിയായ പൂർവ്വീകരണം) സ്വീകരിക്കുന്ന ജനം ബൈബിളിനോട് മറ്റൊന്നും കൂട്ടാൻ ഇഷ്ടപ്പെടാത്തത്. ആ വിഷയം അവിടെ നില്ക്കട്ടെ.

യേശു ജനിച്ച നാളുകളിൽ കിഴക്കുനിന്നു വിദ്വാന്മാർ വന്നു എന്നു വായിക്കുന്നു. അത് ഇന്ത്യയിൽ നിന്നാണെന്നു തെളിയിക്കാൻ ചിലർ ശ്രമിക്കാറുണ്ട്. എന്നാൽ, സുറിയാനി സാഹിത്യങ്ങളിൽ പേർഷ്യൻ ഭാഗങ്ങളിൽ നിന്നാണ് എന്നു പ്രസ്താവനയുണ്ട്. ഒരു ലോകരക്ഷകനു വേണ്ടി കാത്തിരിക്കുന്ന സത്യാന്വേഷികൾ ലോകത്തിലെവിടെയും ഉണ്ടായിരുന്നിരിക്കാം. നമ്മുടെ ചിന്താ വിഷയം യേശു വിദേശയാത്ര ചെയ്തിട്ടുണ്ടോ എന്നാണ്. അഭ്യൂഹങ്ങളും അനുമാനങ്ങളും ഒരിക്കലും ചരിത്രത്തിനു പകരം നാമെടുക്കരുത്. ഞങ്ങളുടെ അടുത്ത് ഹനുമാൻകുഴി എന്നൊരു സ്ഥലമുണ്ട്. ഏതോ സാങ്കേതിക പ്രയോഗത്തിൽ അങ്ങനെ വന്നുവെന്നല്ലാതെ ഹനുമാൻ ആ കുഴിയിലാണു കിടന്നത് എന്ന ചരിത്രമുണ്ടാക്കാൻ നാം ബദ്ധപ്പെടരുത്.

യേശുവിനെക്കുറിച്ച് പലരും പലതും പറഞ്ഞിട്ടുണ്ട്. ക്രിസ്തുവും കൃഷ്ണനും ജീവിച്ചിരുന്നില്ല എന്ന പേരിൽ ഇടമറുക് എഴുതിയ പുസ്തകം എന്റെ മുമ്പിലുണ്ട്. കൃഷ്ണന്റെ ചരിത്രം എനിക്കറിഞ്ഞു കൂടാ. എന്നാൽ, യേശു ചരിത്രത്തിൽ ജനിച്ച് ജീവിച്ചവനും ചരിത്രം സൃഷ്ടിച്ചവനും ചരിത്രത്തെ വിഭജിച്ചവനും (A. D.) എന്നുള്ള സത്യം കണ്ണുപൊട്ടനുപോലും തപ്പിക്കാണാവുന്നത്ര വ്യക്തമായ ചരിത്രമായിരിക്കെ താൻ ജീവിച്ചിരുന്നിട്ടില്ല എന്നൊരാൾ എഴുതിയാൽ ശാഠ്യമെന്നല്ലാതെ മറ്റെന്തു പറയാൻ? പറഞ്ഞതിന്റെ സാരം, ഉള്ള സത്യം ഇല്ലെന്നു പറയുന്നത് അയോഗ്യമായിരിക്കുന്നതു പോലെ ഇല്ലാത്ത ഒന്നു ഉള്ളതാണെന്നു പറയുന്നതും തുല്യമായ ഒരു വസ്തുതയാണ്.

യേശുവിനെപ്പറ്റി ആധികാരികമായി നമുക്കു ലഭിച്ചിട്ടുള്ള ചരിത്ര ഭാഗങ്ങളുണ്ട്. ജൊസീഫസിന്റെ ചരിത്രം സ്വീകാര്യമാണ്. താൻ യഹൂദനായിരുന്നു. തന്റെ ഗ്രന്ഥത്തിൽ അമാനുഷികനായ യേശുവിനെപ്പറ്റി പരാമർശമുണ്ട്. അതുപോലെ മറ്റുചുരുക്കം ചില രേഖകളുമുണ്ട്. പുതിയ നിയമത്തിൽ കാണുന്ന സുവിശേഷകന്മാർ, പ്രസിദ്ധനായ സെന്റ് പോൾ ഇവരുടെയൊക്കെ രേഖകൾ വെറും കേട്ടുകേൾവികളല്ല. പ്രത്യുത, തൊട്ടറിഞ്ഞ ചരിത്ര വസ്തുതകളാണ്. അതുകൊണ്ടാണ് വൈദിക വിഷയങ്ങൾക്ക് മറ്റേതൊരു ഗ്രന്ഥത്തെക്കാളും നാം ആധികാരികത കല്പിക്കുന്നത്. അത് ചരിത്രത്തിനും ഭൂമിശാസ്ത്രത്തിനും യോജിച്ചതാണ്.

ഇക്കൂട്ടത്തിൽ ഞാനൊരു ദൃഷ്ടാന്തം പറയട്ടെ. യേശുവിനെ പ്രസവിച്ച വിശുദ്ധ മറിയയെക്കുറിച്ച് ക്രൈസ്തവ ലോകം വിഭിന്നമായി ചിന്തിക്കുന്നു. ഒരു കൂട്ടർ അവളെ ദൈവത്തോളം ബഹുമാനിക്കുന്നു. ഇതരർ അവളെ സഭാംഗമായ വിശുദ്ധയായി പരിഗണിക്കുന്നു. ഇതിലേതാണു ശരി എന്നു ബാല്യകാലം മുതൽ എനിക്കു ചിന്താവിഷയമായിത്തീർന്നു. ഒടുവിൽ ഒരുറച്ച തീരുമാനത്തിൽ എത്താൻ എന്നെ സഹായിച്ച വിവരം പറയാം. യേശു സ്വർഗ്ഗാരോഹണം ചെയ്യും മുമ്പ് പരിശുദ്ധാത്മാവിനായി കാത്തിരിക്കാൻ കല്പിച്ചു. അതുകേട്ടു കാത്തിരുന്നവരുടെ കൂട്ടത്തിൽ വിശുദ്ധ മറിയയെ കാണുന്നു. തുടർന്നു മറ്റൊരു ഭാഗത്തും അവളെപ്പറ്റി വായിക്കുന്നില്ല. യേശു തന്റെ സഭയെ നയിക്കുവാൻ പത്രോസിനെയും മറ്റു സ്ലീഹന്മാരെയും ചുമതലപ്പെടുത്തിയതായും അവർ അതു നിർവ്വഹിച്ചതായും കാണുന്നുണ്ട്. അവരുടെ ലേഖനങ്ങളും ഉണ്ട്. എന്നാൽ, വിശുദ്ധ മറിയയുടെ ഒരു ലേഖനവും കാണുന്നില്ല. അപ്പൊസ്തലന്മാർ അത് അവഗണിച്ചതാകുമോ? ഒരിക്കലുമല്ല. വിശുദ്ധ മറിയ പെന്തക്കൊസ്തു നാളിൽ ആത്മസ്നാനം പ്രാപിച്ച് പത്രോസിനാൽ സ്നാനപ്പെട്ട് മരണം വരെ വിശുദ്ധയായി ജീവിച്ച് ഒടുവിൽ എഫെസോസിൽ വെച്ച് മിരിച്ചുവെന്നാണ് സുറിയാനി സഭയുടെ വിശ്വാസവും പാരമ്പര്യവുമെല്ലാം. ഗ്രന്ഥത്തെളിവുകൾ എന്റെ പക്കലുണ്ട്. അവൾ പുനരുത്ഥാനം ചെയ്തു സ്വർഗ്ഗത്തിലെത്തി പുത്രന്റെ വലതുഭാഗത്ത് സിംഹാസനമിട്ടിരിക്കുന്നു എന്ന ആശയമൊക്കെ ബൈബളിന്റെ ഉപദേശ സത്യങ്ങൾക്കു യോജിച്ചതല്ല. സുറിയാനി സഭകൾ പോലും അതംഗീകരിച്ചിട്ടില്ല. പറഞ്ഞതിന്റെ ചുരുക്കം വ്യക്തമാക്കാം. ലഭിച്ച ചരിത്രത്തിനു മുകളിൽ ഭാവനകൾ കൂട്ടിച്ചേർത്ത് ചരിത്രമെന്ന നിലയിൽ സംസാരിക്കുന്നത് ദൈവനീതിക്ക് കടകവിരുദ്ധമാണ്.

വിശുദ്ധ മറിയയെപ്പറ്റി അഭ്യൂഹങ്ങൾ പറയുന്നതു പോലെ യേശുവിനെപ്പറ്റിയും ഭാവനാസൃഷ്ടികൾ ചരിത്രമാക്കാൻ ശ്രമിക്കുന്നത് ദൈവശിക്ഷയ്ക്കു കാരണമാണ്. മുപ്പത്തി മൂന്നു വയസ്സുവരെ ജീവിച്ച തന്റെ കാലഘട്ടം കഴിഞ്ഞ് എഴുതിയ സുവിശേഷകന്മാരും വിശുദ്ധ പൗലോസും മറ്റു അപ്പൊസ്തലന്മാരും അറിയാത്ത കാര്യങ്ങൾ നാമെങ്ങനെയാണ് അറിയുക. എന്റെ ആശയം, കഴിയുമെങ്കിൽ സത്യം തേടിപ്പിടിക്കുക എന്നല്ലാതെ വളച്ചൊടിച്ച് സത്യമുണ്ടാക്കാൻ നാം പണിപ്പെടരുത്.

കർത്താവിന്റെ കാലത്ത് തന്റെ അമാനുഷിക ജീവിതവും പ്രകൃത്യാതീത ചെയ്തികളും നിരീക്ഷിച്ച ജനം തന്നെക്കുറിച്ച് അത്ഭുതം കൂറി ചോദിച്ച ഒരു ചോദ്യമുണ്ട്; "വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ ശാസ്ത്രമറിയുന്നതെങ്ങനെ?" എന്നാണത്. പന്ത്രണ്ടാമത്തെ വയസ്സിൽ നാം യേശുവിനെ ദൈവാലയത്തിൽ കാണുന്നു. അതിനു ശേഷം മുപ്പതാമത്തെ വയസ്സിൽ സ്നാനം ഏല്ക്കുന്ന രംഗത്താണ് തുടർന്നു പ്രത്യക്ഷനാകുന്നത്. ഇതിനിടയിലുള്ള പതിനെട്ടു വർഷത്തിന്റെ ഇടവേള മുതലെടുത്താണ് ഓരോരുത്തനും തന്റെ സങ്കല്പ ശക്തിക്കു യോജിച്ച രീതിയിൽ പലതും പറഞ്ഞു പിടിപ്പിച്ചിട്ടുള്ളത്. ഇടയ്ക്കു പറയട്ടെ, മനുഷ്യാവതാരത്തിനു ശേഷം യേശു പലസ്തീനു വെളിയിൽ പോയിരുന്ന വിവരം ചരിത്രമായി നമുക്കു ലഭിച്ചിട്ടുണ്ട്. ദുഷ്ടനായ ഹെറോദാവ് യഹൂദന്മാരുടെ രാജാവായി ഒരു ശിശു പിറന്നു എന്നു അറിഞ്ഞതിന്റെ വെളിച്ചത്തിൽ, ആ കാലഘട്ടത്തിൽ ജനിച്ച ആൺകുട്ടികളെയൊക്കെ കൊല്ലുവാൻ ശ്രമിക്കുമ്പോൾ പൈതലിനെ ഹെറോദാവിന്റെ

വാളിൽ നിന്നു കാത്തു രക്ഷിപ്പാൻ ദൈവദൂതന്റെ സഹായത്തോടുകൂടെ മിശ്രയീമിലേക്കു കൊണ്ടു പോയതായി കാണുന്നു. ഹെറോദാവിന്റെ മരണ ശേഷമാണ് സ്വന്തനാട്ടിലേക്കു മടങ്ങിവന്നത്. അത് യേശു ചെയ്ത ഒരു വിദേശയാത്രയല്ല. യേശുവിനെ അവിടെ L.K.Gയിൽ ചേർത്ത തായോ അക്ഷരം പഠിപ്പിച്ചതായോ ഒന്നും കാണു ന്നില്ല. അതിനു ശേഷമാണ് പന്ത്രണ്ടാമത്തെ വയ സ്സിൽ തന്നെ ദൈവാലയത്തിൽ കാണുന്നത്.

യേശു ഇന്ത്യയിൽ വന്നു യോഗവിദ്യ പഠിച്ചുവെന്നു സങ്കല്പം ചരിത്രമാക്കുന്ന സ്നേ ഹിതൻമാരോട് എനിക്കൊന്നു ചോദിക്കാനുണ്ട്. പന്ത്രണ്ടു വയസ്സുള്ള ഒരു ബാലൻ വിദൂരമായ ഇന്ത്യയിൽ ദീർഘയാത്ര ചെയ്ത് പോയ കാര്യം പറയാനെളുപ്പം ഉണ്ടെങ്കിലും നടക്കാൻ എളുപ്പ മില്ല. ഇന്നത്തെ യാത്രാ സൗകര്യങ്ങളൊന്നും ഇല്ലാത്ത ആ നാളിൽ അമ്മയപ്പന്മാർ ആ പിഞ്ചു ബാലനെ 'നീ പോയി വാ' എന്നു പറഞ്ഞു വിദേ ശയാത്രയ്ക്ക് വിട്ടയച്ചെന്നു ചിന്തിക്കുന്ന നിങ്ങ ളുടെ ഭാവനയ്ക്ക് നമസ്ക്കാരം! അതല്ല, പിഞ്ചുബാലൻ അപ്പനും അമ്മയും അറിയാതെ, നമ്മുടെ നാടൻ മലയാള ഭാഷയിൽ, പുറപ്പെട്ടു പോയി എന്നാണെങ്കിൽ അത് മറ്റെ ചിന്തയെ ക്കാൾ ഭയങ്കരം! ഈ സങ്കല്പമൊന്നും സംഭവ്യ തയോട് ഒത്തു പോകുന്നതല്ല. ദൈവാലയത്തിൽ നിന്നു തിരിച്ചു പോയ യേശു തന്റെ പരസ്യ പ്രത്യ ക്ഷതവരെ (18 വർഷം) ലോകത്തിലുണ്ടായിരു ന്നുവെന്നത് സത്യമാണല്ലോ. അതേപ്പറ്റി നിങ്ങ ളും ഞാനുമല്ല, തന്നെ പരിചയിച്ചിട്ടുള്ള സുവി ശേഷകന്മാരും മറ്റുമാണ് ആ ഇടവേളയിൽ താനെവിടെ പോയിരുന്നു, എന്തൊക്കെ ചെയ്തിരുന്നു എന്നിത്യാദി കാര്യങ്ങൾ പറയേ ണ്ടത്. പക്ഷെ, നമ്മുടെ സങ്കല്പങ്ങളൊന്നും അവർ പറഞ്ഞിട്ടില്ല. എന്നാൽ, പറയേണ്ട തൊക്കെ അവർ പറഞ്ഞിട്ടുണ്ട്. വീട്ടിൽ ചെന്നു അമ്മയപ്പന്മാർക്ക് കീഴ്പ്പെട്ടിരുന്നു എന്നൊരു പ്രസ്താവനയാണ് കാണുന്നത്. 18 വർഷം ആരോടും മിണ്ടാതെ വീട്ടിനുള്ളിൽ മൗനിയാ യിരുന്നു എന്നാണോ അർത്ഥം? അങ്ങനെ വരാൻ പാടില്ല.

യേശുവിന്റെ മുന്നോടിയായ സ്നാപകനെ പ്പറ്റിയും ഇതിനു സമാനമായ ഒരു ചരിത്രം കാണാം.തന്റെ ബാല്യത്തിനു ശേഷം ഒരു ദീർഘകാലം -ഇസ്രായേലിനു തന്നെത്തന്നെ കാണിക്കുന്നതു വരെ ( പരസ്യശുശ്രൂഷ വരെ)- താൻ മരുഭൂമിയിലായിരുന്നു എന്നാണ് പ്രസ്താ വന. ഒരു അസാധാരണ ശിശു എന്ന നിലയ്ക്ക് ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമായി മകൻ മരുഭൂമിയിലേക്ക് പോയത് മാതാപിതാക്കന്മാർ അറിഞ്ഞു അനുമതി നല്കിയിരുന്നു എന്നു വേണം കരുതാൻ. സ്നാപകൻ യേശുവിന്റെ മുന്നോടി ആകാൻ നിയമിക്കപ്പെട്ടവൻ ആകയാൽ അതിനുവേണ്ട കൃപയും വെളിച്ചവും വിദേശ യാത്ര ചെയ്ത് നേടാനല്ല; ദൈവത്തിൽ നിന്നു തന്നെ പ്രാപിക്കാനത്രെ താൻ തയ്യാറായത്.

യേശുവിന്റെ ചരിത്രവും നാം അങ്ങനെ തന്നെ വേണം നാം പഠിക്കുവാൻ. താൻ ദൈവ മെന്ന നിലയിൽ അപരിമിതനാണ്. പാപമൊഴികെ യുള്ള വികാരാനുഭവങ്ങളുടെ പരിമിതിയുള്ള ഒരു ശരീരം താൻ സ്വീകരിച്ചു എന്നുള്ളത് സത്യ മാണ്. എന്നാൽ, തന്നിൽ വാണിരുന്ന ദൈവത്വ ത്തിന്റെ പരിമിതിയില്ലാത്ത മഹത്വം തനിക്കു തന്നെ ബോദ്ധ്യമായിരുന്നു. താൻ പ്രകൃതിശക്തി കളെ നിയന്ത്രിക്കുന്ന ഒരത്ഭുത പ്രവർത്തക നായി ഈ ലോകത്തിൽ വന്നു എന്തൊക്കെയോ ചിലത് ചെയ്ത് പോകുകയായിരുന്നില്ല തന്റെ ലക്ഷ്യം. ഞാനും പിതാവും ഒന്നാണെന്നും ന്യായപ്രമാണത്തിനു കഴിയാത്ത മനുഷ്യരക്ഷ പ്രതിമരണം മൂലം സാദ്ധ്യമാക്കുവാനാണ് ഞാൻ വന്നിരിക്കുന്നത് എന്നീ സത്യങ്ങളെല്ലാം താൻ വ്യക്തമാക്കിയിരുന്നു. അതുകൊണ്ട് എവിടെയെ ങ്കിലും പോയി ചില വിദ്യകൾ വശമാക്കുക എന്ന ആശയം തന്നെ വളരെ വികലമാണ്. " അവനി ലല്ലോ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദേഹരൂപമായി വിളങ്ങുന്നത് എന്ന വചനം നിങ്ങൾ വായിച്ചിട്ടില്ലേ?

അല്ല, പന്ത്രണ്ട് വയസ്സിനു ശേഷം യേശു ഇന്ത്യയിലോ മറ്റെവിടെയോ പോയി ചില വിദ്യകൾ പഠിച്ചവനാണെന്നിരിക്കട്ടെ. എന്നാൽ, ബൈബിൾ പല നിലകളിൽ അതു സമ്മതിക്കു ന്നില്ല. പന്ത്രണ്ടാമത്തെ വയസ്സിൽ ദൈവാലയ ത്തിലെ പുരോഹിതന്മാരോടും മറ്റു വേദപണ്ഡി

തന്മാരോടും അവൻ സംവാദിക്കുന്ന ഭാഗം ശ്രദ്ധിച്ചിട്ടില്ലേ? താൻ അവരോട് ചിലതൊക്കെ ചോദിച്ചു പഠിച്ചതായിട്ടല്ല കാണുന്നത്. മറിച്ച്, അവർക്കു ചില ചോദ്യങ്ങൾ ഇട്ടുകൊടുത്തു. അറിവില്ലെന്നു അവർ സമ്മതിച്ച സ്ഥാനത്ത് താൻ തന്നെ അതിനു മറുപടി നല്കി. ഈ പ്രത്യേക ജ്ഞാനത്തിലാണ് അവർ അതിശയം കൂറിയത്. "ഈ ജ്ഞാനമൊക്കെ ഇവനു എവിടെ നിന്ന്?" എന്നാണവർ ചോദിച്ചത്. വിദ്യ പഠിച്ച് തിരിച്ചു വന്നിട്ടാണെങ്കിൽ അതു മനസ്സിലാക്കാം. എങ്ങും പോകാതെ തന്നെ താൻ തികഞ്ഞ ബാല്യത്തിൽ മഹാവിജ്ഞാനിയായി –ശലോമോനെക്കാൾ ജ്ഞാനിയായി– വെളിപ്പെടുന്നു. സമ്പൂർണ്ണ ജ്ഞാനിക്കു ആരിൽ നിന്നു എന്താണ് പഠിക്കാനുള്ളത്? യേശു ഇന്ത്യയിൽ വന്നു ചില വിദ്യകളൊക്കെ പഠിച്ചു എന്നു പറയുമ്പോൾ എനിക്കൊരു ഫലിതം തോന്നാറുണ്ട്. സൂര്യൻ മിന്നാമിന്നിനോട് ഒരല്പം വെളിച്ചം കടം തരുമോ എന്നു ചോദിച്ചതായിട്ട്. ദൈവിക ലക്ഷണങ്ങളിൽ ( Attributes) ഒന്നാണ് സമ്പൂർണ്ണജ്ഞാനം. അതു തുടക്കം മുതലേ യേശുവിൽ പ്രതിഫലിച്ചിരുന്നു. പതിനെട്ടുകൊല്ലം നാടുവിട്ടുപോയ ഒരു ചെറുപ്പക്കാരനാണ് താനെങ്കിൽ, നാലു സുവിശേഷകന്മാരും സ്ലീഹന്മാരും അവരാരും തന്നെ ഇക്കഥ അറിഞ്ഞിട്ടില്ലെന്നോ അറിഞ്ഞിട്ടും കാര്യമാക്കുന്നില്ലെന്നോ എങ്ങനെ പറയാൻ കഴിയും? അതുകൊണ്ടാണ് വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ എന്നു തന്നെ പരിചയമുള്ള ജനം പ്രസ്താവിച്ചത്. ഈ സത്യം ഗ്രഹിച്ചെങ്കിലും ആവശ്യമില്ലാത്ത സങ്കല്പത്തിന്റെ നൂലാമാലകൾ യേശുവിന്റെ മേൽ ചുറ്റുന്നത് എന്റെ സ്നേഹിതർ നിർത്തിയെങ്കിൽ നന്നായിരുന്നു.

അല്പം വാക്കുകൾ കൂടി കുറിക്കട്ടെ. യേശു ഇവിടെ നിന്നു തത്വജ്ഞാനം പഠിച്ചുവോ? മറുപടി പറയാം. തത്വജ്ഞാനത്തിൽ മൂന്നു ഭാഗങ്ങളുണ്ട്. 1 ശങ്കരന്റെ അദ്വൈതം. 2 മധു ആചാര്യരുടെ വിശിഷ്ടാദ്വൈതം. 3 രാമാനുജന്റെ ദ്വൈതം. ഇതു മൂന്നും ഒന്നിനോടൊന്നു ചേരാത്തതാണ്. അല്ലെങ്കിൽ തന്നെ അദ്വൈതം ബുദ്ധന്റെ മായാതത്വം എന്ന ആശയത്തിലാണ് അവസാനിക്കുന്നത്.

തത്വജ്ഞാനികൾ പഠിപ്പിച്ചത് വ്യക്തിത്വനാശം എന്ന ജീവൻ മുക്തിയാണ് (Annihilation). ഇതിലൊന്നുമല്ല യേശു പഠിപ്പിച്ചത്. പ്രത്യുത, പാപത്തിൽ നിന്നും നിത്യനാശത്തിൽ നിന്നുമുള്ള സമ്പൂർണ്ണ വീണ്ടെടുപ്പാണ്. കാര്യം ഇങ്ങനെയായിരിക്കെ ആത്മാവിന്റെ നന്മക്കു വേണ്ടി യേശു ഭാരതത്തിൽ നിന്നു ഒരു വിദ്യയും പഠിച്ചിട്ടില്ല എന്നു വ്യക്തമാണല്ലോ. അക്കാര്യം അങ്ങനെ. മാജിക്കുകൾ കാണിച്ച് ജനത്തെ അമ്പരപ്പിച്ച് ഉപജീവനം കഴിക്കേണ്ട കാര്യവും യേശുവിനില്ലായിരുന്നു. സ്വയരക്ഷയ്ക്കു വേണ്ടി പ്രകൃത്യാതീത ശക്തികളെ ഉപയോഗിക്കുവാനുള്ള തന്റെ അധികാരം താൻ ഉപയോഗിക്കുന്നവനല്ലായിരുന്നു. ഗദ്സമന തോട്ടത്തിൽ വെച്ചു പടയാളികൾ തന്നെ അറസ്റ്റു ചെയ്യുമ്പോൾ താനത് വ്യക്തമാക്കി. പരിഹാസമായി തോന്നരുത്. വെള്ളത്തിൻ മീതെ നടക്കുകയും മറ്റും ചെയ്യുന്ന യോഗികളെപ്പറ്റി പല കഥകളും ഞാനും കേട്ടിട്ടുണ്ട്. നടക്കാൻ ശ്രമിച്ചിട്ടു മുങ്ങിത്താണവരെക്കുറിച്ചും വായിച്ചിട്ടുണ്ട്. യേശു പ്രാണായാമം വശമാക്കി വെള്ളത്തിൻ മീതെ നടന്നവനല്ല. സ്രഷ്ടാവ് തന്റെ സൃഷ്ടിയായ വെള്ളത്തിൻ മേൽ അധികാരിയായി നടന്നവനാണ്. ഈ സത്യമൊക്കെയും ഒന്നു ഗ്രഹിച്ചാൽ കഴമ്പില്ലാത്ത സങ്കല്പങ്ങൾ പിന്തള്ളി സത്യചരിത്രത്തിനു നാം കീഴടങ്ങുമായിരുന്നു.

ഒരു വാക്കു കൂടെ. യേശു ഇന്ത്യയിൽ വന്നു എന്തെങ്കിലും വിദ്യ പഠിച്ചു എന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുന്ന മനുഷ്യ പ്രയത്നത്തിന്റെ പുറകിലുള്ള രഹസ്യം അടുത്ത സമയം കർത്താവെനിക്കു വ്യക്തമാക്കി. അതായത്, ലോകചരിത്രത്തിലെ സകല മഹാന്മാരും പുരാണങ്ങളിലെ അവതാര പുരുഷന്മാർ പോലും ഋഷികൾക്കും മറ്റും കീഴ്പ്പെട്ടു ആയുധവിദ്യയും ആത്മജ്ഞാനവും ഒക്കെ പ്രാപിച്ചതായിട്ടാണ് കഥകൾ നിർമ്മിച്ചു വെച്ചിരിക്കുന്നത്. മനുഷ്യരിൽ നിന്നു വല്ലതും പഠിക്കേണ്ടി വരുന്ന ആ ദേവന്മാർ ഒരു പക്ഷെ, ദിവ്യന്മാരായാലും ദൈവമല്ലെന്നു വ്യക്തമല്ലോ. അവരുടെ നിരയിലേക്ക് സത്യദൈവത്തിന്റെ അവതാരമായ യേശുവിനെയും താഴ്ത്തിക്കൊണ്ടു വന്നു

ശേഷം 22-ാം പേജിൽ

യേശുമിശിഹ ഏതു പക്ഷത്ത്? 5

പത്തനംതിട്ടയിലെ വിശ്വാസസമൂഹത്തിൽ നിന്നും വഴിമാറി മുസ്ലീമായിത്തീർന്ന വ്യക്തിയാണു മുഹമ്മദ് ഈസാ. ഇപ്പോൾ പെരുമ്പാവൂരിൽ താമസിച്ച് ഇസ്ലാംമത പ്രചരണം നടത്തുകയും നിച്ച് ഓഫ് ട്രുത്ത് എന്ന ഇസ്ലാംമത പ്രബോധന സംഘടനയുടെ എഴുത്തുകാരനും സജീവ അംഗവുമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ക്രിസ്തീയ കാഴ്ചപ്പാടുകളെ (വിശേഷാൽ പൗലോസിന്റെ ക്രിസ്തീയ കാഴ്ചപ്പാടുകളെ) ചോദ്യം ചെയ്തുകൊണ്ട് അദ്ദേഹമെഴുതിയ പുസ്തകമാണ്, "യേശുമശിഹാ ഏതു പക്ഷത്ത്?" എന്നത്. ഈ തുടർലേഖനത്തിലെ ശീർഷകവും ഉപശീർഷകവും പ്രസ്തുത പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ളവയാണ്. ഈസാക്കുള്ള മറുപടി തുടരുന്നു...)

# ലൂക്കോസിന്റെ തന്ത്രം?



പൗലോസ് ഗലാത്യർക്കു എഴുതിയപ്പോൾ ചുരുക്കിപ്പറഞ്ഞ കാര്യം ലൂക്കോസ് ദീർഘമായി വിശദീകരിച്ചു പറഞ്ഞിട്ടു അതിലെ പ്രധാന കാര്യമായ യെരുശലേമിലെ ശിഷ്യന്മാരുടെ പൗലോസിനോടുള്ള നിലപാടിന്റെ അവസാന ഭാഗം തന്ത്രപരമായി തെയോഫിലോസിൽ നിന്നും മറച്ചു വെച്ചു. പൗലോസ് സ്ഥാപിച്ച വിജാതിയ സഭയ്ക്കു യരുശലേം സഭയുടെ അംഗീകാരമുണ്ടെന്നു വരുത്തിതീർക്കുകയായിരുന്നു പൗലോസിന്റ ശിഷ്യനായ ലുക്കോസ്, തന്റെ അപ്പോസ്തലപ്രവർത്തികൾ എന്ന പുസ്തകത്തിലൂടെ.

തങ്ങൾ വളർത്തിയ സഭകൾ ഒരിക്കൽ കൂടി സന്ദർശിക്കണമെന്നു തീരുമാനിച്ചപ്പോൾ, മർക്കോസിനെക്കൂടി കൂടെ കൊണ്ടുപോകാൻ ബർന്നബാസ് തീരുമാനിച്ചതിന്റെ പേരിൽ പൗലോസും ബർന്നബാസും ഉഗ്രവാദമുണ്ടായി പിരിഞ്ഞു പോയി എന്നാണ് ലൂക്കോസ് പറഞ്ഞത്. അതായത്, കൂട്ടുപ്രവർത്തകരായ പൗലോസും ബർന്നബാസും തമ്മിൽ തെറ്റിയത് ഈ ചെറിയ കാരണം കൊണ്ടാണ്, എന്നതാണ് ലൂക്കോസിന്റെ വാദം. പൗലോസ്, ഈ വിഷയം ഗലാത്യർക്കു വളരെ വിശദമായി പറഞ്ഞു കൊടുക്കുന്നുണ്ട്. യഹുദന്മാർ മാത്രമല്ല, വിജാതിയരും ന്യായപ്രമാണം അനുസരിക്കണമെന്നു യേശുശിഷ്യന്മാരായ യാക്കോബും, പത്രോസും തീരുമാനമെടുത്തതാണ് ബർന്നബാസ് താനുമായി തെറ്റാനുള്ള കാരണം എന്നു വക്തമായി പറയുന്നുണ്ട്. ഗലാത്യലേഖനം, യരുശലേം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന യേശുശിഷ്യന്മാർ, തന്റെ കുത്തകയായ വിജാതിയ സഭയിൽ ഇടപെട്ടു തന്റെ സ്വാധീനം നഷ്ടമാക്കുന്നതിൽ രോഷം പൂണ്ട് എഴുതിയതാണ് (യേശു മശിഹാ ഏതു പക്ഷത്ത്? പേജ് 32- 33).

രണ്ടു സന്ദർഭങ്ങളിൽ നടന്ന സംഭവങ്ങൾ ഒരു സംഭവത്തിന്റെ പശ്ചാത്തലമായി കണ്ടതോ അതോ, തെറ്റിദ്ധധാരണയുണ്ടാക്കുവാൻ രണ്ടും ഒന്നാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചതോ? രണ്ടായാലും സത്യം മറ്റൊന്നാണ്. യഹൂദർ മാത്രമല്ല വിജാതിയരും ന്യായപ്രമാണം അനുസരിക്കണമെന്നു പത്രോസും യാക്കോബും തീരുമാനമെടുത്തതാണ് ബർന്ന

ബാസ് താനുമായി തെറ്റാനുള്ള കാരണമെന്നു പൗലോസ് ഗലാത്യ ലേഖനത്തിൽ വ്യക്തമായി പറയുന്നുണ്ടെന്ന മുഹമ്മദ് ഈസായുടെ വാദം പച്ചക്കള്ളമാണ്. കാരണം, അത്തരമൊരു തീരുമാനമെടുത്തതായി തിരുവെഴുത്തുകളിലില്ല. മറിച്ച്, ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളുടെ ഇടയിൽ നിന്നു പുറപ്പെട്ടു നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു നിങ്ങളുടെ ഹൃദയങ്ങളെ കലക്കിക്കളഞ്ഞു (അപ്പോസ്തലപ്രവർത്തികൾ.15:24) എന്നാണ് ബൈബിളിലുള്ളത്.

കേഫാവ് അന്ത്യോക്യയിൽ വന്നപ്പോഴുണ്ടായ സംഭവമാണ് ഇവിടെ വിശദീകരിക്കുന്നത്. അഗപ്പെ എന്ന പേരിൽ ആദിമസഭയിൽ സമൂഹ സദ്യ നിലവിലിരുന്നു. യാഥാസ്ഥിതികരായിരുന്ന യഹൂദക്രിസ്ത്യാനികൾ പുറജാതി ക്രിസ്ത്യാനികളോടൊത്തു ഭക്ഷണത്തിൽ പങ്കുചേരാൻ വിമുഖത കാണിച്ചു. എന്നാൽ, അന്ത്യോക്യയിൽ വന്ന പത്രോസ് ഈ സദ്യയിൽ യഹൂദ-പുറജാതി വ്യത്യാസം നോക്കാതെ പങ്കെടുത്തു. പിന്നെയാണ് യെരുശലേമിൽ യാക്കോബിന്റെ അടുക്കൽ നിന്നും ചില സഹോദരന്മാർ അവിടെ വന്നത്. അവരാകട്ടെ അപ്പോസ്തലന്മാരുടെ അറിവോടെയല്ല വന്നത് എന്നു മുമ്പ് വ്യക്തമാക്കിയിട്ടുണ്ടല്ലോ. അവർ വന്നപ്പോൾ അവരെ ഭയപ്പെട്ടു പത്രോസ് പരിച്ഛേദന പ്രശ്നം ഉന്നയിക്കുന്ന അവരോടൊപ്പം ചേരുകയും സദ്യയിൽ നിന്നും മാറി നില്ക്കുകയും ചെയ്തു. പത്രോസിന്റെ ഈ പ്രവൃത്തിയെ പൗലോസ് എല്ലാവരും കേൾക്കെയാണ് ശാസിച്ചത്.

യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ മനുഷ്യൻ നീതികരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞിരിക്കകൊണ്ടു നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതികരിക്കപ്പെടേണ്ടതിനു ക്രിസ്തുവേശുവിൽ വിശ്വസിച്ചു (ഗലാത്യർ 2:14).

ന്യായപ്രമാണത്താലല്ല വിശ്വാസത്താൽ മാത്രമേ ഒരുവൻ നീതികരിക്കപ്പെടുകയുള്ളൂ എന്നത് ബോധ്യമായിട്ടാണ് നമ്മൾ യേശുവിൽ വിശ്വസിച്ചത്. അതിനനുസരിച്ചു ജീവിക്കേണ്ട നീ യഹൂദന്റെ മര്യാദ അനുസരിക്കുന്നു? അതല്ല, നീ ജാതികളുടെ മര്യാദപ്രകാരമാണ് ജീവിക്കുന്നതെങ്കിൽ പിന്നെന്തിനാണ് യഹൂദന്റെ രീതി അനുസരിക്കാൻ ജാതികളെ നിർബന്ധിക്കുന്നത്? ഇതാണ് പൗലോസ് ചോദിച്ചത് എന്നത് വ്യക്തമാണല്ലോ. ജാതികളോടൊപ്പമിരുന്നു ഇതുവരെ ഭക്ഷണം കഴിക്കുകയോ, കൂട്ടായ്മ ആചരിക്കുകയോ ചെയ്യുന്നത് തെറ്റായി കാണാതിരുന്ന ബർന്നബാസ്, പത്രോസിന്റെ പ്രവൃത്തി മൂലം യഹൂദരായവർ ജാതികളുമായി സഹവസിക്കുന്നതു തെറ്റാണെന്നു ധരിച്ചതിനെയാണ് പൗലോസ് ഇവിടെ വിവരിക്കുന്നത്. കാരണം, യെരുശലേമിൽ നിന്നും വന്നവർ വാക്കുകളാൽ ഭ്രമിപ്പിച്ചു അവരുടെ ഹൃദയങ്ങളെ കലക്കികളഞ്ഞുവെന്നു യാക്കോബ് തന്നെ എഴുതിയിട്ടുണ്ട്.

പത്രോസ് ഇതിനു മുമ്പും ജാതികളോടൊപ്പം ചില ദിവസങ്ങൾ താമസിച്ച് ഭക്ഷണം കഴിച്ചതായി ബൈബിൾ വ്യക്തമാക്കുന്നുണ്ട്. അന്നും പരിച്ഛേദനക്കാർ ഒപ്പമുണ്ടായിരുന്നുവല്ലോ. അന്നു പത്രോസ് അഗ്രചർമ്മികൾക്കൊപ്പമിരുന്നു ഭക്ഷണം കഴിക്കുന്നതിൽ വിമുഖത കാണിച്ചുമില്ല. പത്രോസ് കൊർന്നല്യോസിന്റെ ഭവനത്തിൽ വച്ച് അഗ്രചർമ്മികൾക്കൊപ്പമിരിന്നു ഭക്ഷണം കഴിച്ച വിവരം അറിഞ്ഞ പരിച്ഛേദനക്കാർ അദ്ദേഹം യരുശലേമിൽ വന്നപ്പോൾ അദ്ദേഹത്തോട് അക്കാര്യത്തെക്കുറിച്ച് വാദിക്കുന്നതായി അപ്പോസ്തലപ്രവർത്തികളിൽ കാണാം. പത്രോസ് യരുശലേമിൽ എത്തിയപ്പോൾ പരിച്ഛേദനക്കാർ അവനോട് നീ അഗ്രചർമ്മികളുടെ അടുക്കൽ ചെന്ന് അവരോടുകൂടെ ഭക്ഷിച്ചു എന്നു പറഞ്ഞു (അപ്പോസ്തലപ്രവർത്തികൾ 11:2,3). അതിനു മറുപടിയായി പത്രോസ് തനിക്കുണ്ടായ ദർശനവും കൊർന്നല്യോസിന്റെ വീട്ടിൽ വച്ച് ജാതികൾക്കു പരിശുദ്ധാത്മാവ് ലഭിച്ചതും വിവരിച്ചപ്പോൾ അവരത് അംഗീകരിച്ചുവല്ലോ. തന്റെ പ്രവൃത്തിയെ ദൈവം നല്കിയ വെളിപ്പാടിനെ അടിസ്ഥാനമാക്കി ന്യായികരിച്ച അതെ പത്രോസ് തന്നെ അന്ത്യോക്യയിൽ വച്ച്, യെരുശലേമിൽ യാക്കോബിന്റെ അടുക്കൽ നിന്നും ചില സഹോദരന്മാർ അവിടെ വന്നപ്പോൾ അവരെ ഭയപ്പെട്ടു സദ്യയിൽ നിന്നും മാറി

നില്ക്കുകയും **മറ്റു യഹൂദന്മാരും കപടം കാണിക്കുവാൻ** ഇടയാക്കുകും ചെയ്തു. ഈ സന്ദർഭമാണ് ഗലാത്യ ലേഖനത്തിൽ പൗലോസ് വിവരിക്കുന്നത്. എന്നാൽ, അന്ത്യോക്യയിൽ വച്ച് പൗലോസും ബർന്നബാസും തമ്മിൽ പിരിഞ്ഞു പോയി എന്നു പറയുന്നതേയില്ല. അവിടെ വച്ചാണു പിരിഞ്ഞതെങ്കിൽ പത്രോസിനോടൊപ്പം ബർന്നബാസും യരുശലേമിലേക്കു പോകുമായിരുന്നു. പക്ഷേ, അതുണ്ടായില്ലല്ലോ.

എന്നാൽ, പൗലോസും ബർന്നബാസും തമ്മിൽ പിരിയാനുണ്ടായ യഥാർത്ഥ കാരണം അപ്പോസ്തല പ്രവൃത്തികളിൽ ലൂക്കോസ് വിവരിക്കുന്നതാണ്. പൗലോസും ബർന്നബാസും അന്ത്യോക്യയിൽ വളരെ നാൾ പാർത്തു സുവിശേഷപ്രവർത്തനം നടത്തി. അനന്തരം മുമ്പ് തങ്ങൾ പ്രവർത്തിച്ച സഭകളിൽ ഒരിക്കൽ കൂടി സന്ദർശനം നടത്താൻ തീരുമാനിക്കുമ്പോൾ മർക്കോസിനെക്കൂടെ കൊണ്ടുപോകാൻ ബർന്നബാസ് ഇച്ഛിച്ചു. പക്ഷെ, പ്രവർത്തനത്തിനിടെ ഉത്തരവാദിത്വബോധമില്ലാതെ മുമ്പ് പംഫുല്യയിൽ വച്ച് മടങ്ങിപ്പോന്നവനെ പിന്നെയും കൂടെ കൊണ്ടുപോകാൻ പൗലോസ് തയ്യാറായില്ല. അത് യോഗ്യമല്ലെന്നു പൗലോസ് വാദിച്ചു, എന്നാൽ, മച്ചുനനായ മർക്കോസിനെ ഉപേക്ഷിക്കാൻ ബർന്നബാസ് തയ്യാറല്ലായിരുന്നു. അതിനാണ് അവർ തമ്മിൽ വാദം നടന്നത്.

അവിടെ വച്ചു അവർ പരിഞ്ഞുവെങ്കിലും പിന്നിടും പൗലോസും മർക്കോസും തമ്മിൽ ഒന്നു ചേരുന്നുണ്ട്. എന്റെ സഹബദ്ധനായ അരിസ്തർഹോസും ബർന്നബാസിന്റെ മച്ചുനനായ മർക്കോസും അവനെക്കുറിച്ച് നിങ്ങൾക്കു കല്പന കിട്ടീട്ടുണ്ടല്ലോ; അവൻ നിങ്ങളുടെ അടുക്കൽ വന്നാൽ അവനെ കൈക്കൊൾവിൻ-യുസ്തോസ് എന്നുപറയുന്ന യേശുവും നിങ്ങളെ വന്ദനം ചൊല്ലുന്നു (കൊലോസ്സ്യർ 4:10,11).

***ജാതികൾക്കു ന്യായപ്രമാണത്തിൽ കൊടുത്ത ഇളവ് യാക്കോബ് പിൻവലിക്കുന്നു.***

യെരുശലേമിൽ നടന്ന ചർച്ചയുടെ പൂർത്തീകരണമായിരുന്നു കേഫാവിന്റെ അന്ത്യോക്യയിലേക്കുള്ള വരവ്. ന്യായപ്രമാണത്തിൽ ഇളവുകൊടുക്കണമെന്നു പറഞ്ഞ പൗലോസ്, തന്റെ തനി സ്വഭാവം വിജീതിയരുടെ അടുക്കൽ എടുക്കുന്നതു യേശുശിഷ്യനായ പത്രോസ് നേരിട്ടു മനസ്സിലാക്കി, തിരുവെഴുത്തുകളെക്കുറിച്ച് തികച്ചും അജ്ഞരായ വിജാതിയരെ തന്റെ അധികാരത്തിൻ കീഴിൽ നിർത്താൻ, അബ്രഹാമിനെയും ദൈവത്തേയും യേശുവിനെയും ദുർവ്യാഖ്യാനിച്ച്, വാഗ്ദത്തപ്രകാരം നീങ്ങിപ്പോയതാണ് ന്യായപ്രമാണം എന്നു തെറ്റുധരിപ്പിച്ച പൗലോസിന്റെ പുതിയ സുവിശേഷം, പത്രോസ് വഴിയാണ് യരുശലേം അറിയുന്നത്. ന്യായപ്രമാണത്തിൽ നിന്നും ഇളവു മേടിച്ചു കൊണ്ടുവന്ന പൗലോസ് എന്തു ഉപദേശമാണ് അവിടെ നല്കുന്നത് എന്നറിയുന്നതിനു വേണ്ടി യെരുശലേം സഭയുടെ മൂപ്പനായ യാക്കോബ് അയച്ച യേശുശിഷ്യനാണ് പത്രോസ്.

പൈശാചിക പ്രബോധനം നടത്തുന്ന പൗലോസിനെ തിരിച്ചറിഞ്ഞ യാക്കോബ് തന്റെ സന്ദേശവുമായി കുറച്ച് ആളുകളെ അന്ത്യോക്യയിലുള്ള പത്രോസിന്റെ അടുത്തേക്കു അയച്ചു. ക്രിസ്തുമാർഗികളുടെ മൂപ്പനായ യാക്കോബിന്റെ തീരുമാനം പത്രോസ് വിജാതീയ സഭയെ അറിയിച്ചു. യഹൂദന്മാരായ ഞങ്ങൾ മാത്രമല്ല, യേശുവിന്റെ മാർഗം സ്വീകരിക്കുന്ന ഏതൊരാളും ന്യായപ്രമാണം അനുസരിക്കാതെ രക്ഷയില്ലെന്നു തീർത്തു പറഞ്ഞു. അവിടെ ഉണ്ടായിരുന്ന മുഴുവൻ യഹൂദന്മാരും പത്രോസിനെ അംഗീകരിച്ചു. പൗലോസിന്റെ കൂട്ടുപദേശിയായിരുന്ന ബർന്നബാസ്, ക്രിസ്തുമതത്തിന്റെ നേതാക്കൾ പറഞ്ഞത് വിശ്വസിച്ചു. അങ്ങനെ പൗലോസ് ശരിക്കും ക്രിസ്തു മാർഗികളിൽ നിന്നു ഒറ്റപ്പെട്ടു (യേശു മശിഹാ ഏതു പക്ഷത്ത്? പേജ് 32- 35).

ഉപശീർഷകത്തിൽ ജാതികൾക്കു നൽകിയ ഇളവു പിൻവലിക്കുന്നുവെന്നാണെങ്കിലും അക്കാര്യം ഈസാ വിശദമാക്കുന്നതേയില്ല. യരുശലേമിൽ നടന്ന ചർച്ചയുടെ പൂർത്തീകരണമായിരുന്നില്ല പത്രോസിന്റെ വരവ്. അങ്ങനെയായിരുന്നുവെന്നതിനു ബൈബിളിലാകട്ടെ ചരിത്രത്തിലാകട്ടെ യാതൊരു തെളിവുകളും

നമുക്കു കണ്ടെത്താൻ കഴിയില്ല. ഈസായാകട്ടെ, യാതൊരു തെളിവും നല്കിയിട്ടുമില്ല. വിജാതീയരുടെ ദൗർബല്യം നിമിത്തം ന്യായപ്രമാണത്തിൽ ഇളവ് കൊടുക്കണമെന്നു പൗലോസ് ആവശ്യപ്പെട്ടതായി ബൈബിളിലില്ല. പൗലോസിന്റേത് പുതിയൊരു സുവിശേഷമാണെന്ന് പത്രോസ് ഒരിടത്തും പറഞ്ഞതായി രേഖകളിലില്ല. മാത്രമല്ല, നമ്മുടെ പ്രിയ സഹോദരനായ പൗലോസും തനിക്കു ലഭിച്ച ജ്ഞാനത്തിനു തക്കവണ്ണം നിങ്ങൾക്കും ഇതിനെക്കുറിച്ചു സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതിയിട്ടുണ്ടല്ലോ(2പത്രോസ്. 3:15) എന്ന് പറഞ്ഞു പൗലോസിന്റെ എഴുത്തുകളെ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. 34–ാം പേജിൽ മുഹമ്മദ് ഈസാ പറയുന്നതു മുഴുവനും തെളിവുകൾ നിരത്താൻ കഴിയാത്ത കാര്യങ്ങളാണ്.

## "പൗലോസ് പത്രോസിനെ സുവിശേഷം പഠിപ്പിക്കുന്നതു ശ്രദ്ധിക്കുക.

"യഹൂദനായ നീ, യഹൂദ മര്യാദപ്രകാരമല്ല ജാതികളുടെ മര്യാദപ്രകാരം ജീവിക്കുന്നു എങ്കിൽ, ജാതികളെ യഹൂദ മര്യാദ അനുസരിപ്പാൻ നിർബന്ധിക്കുന്നതു എന്തു? നാം സ്വഭാവത്താൽ ജാതികളിൽ നിന്നുള്ള പാപികൾ അല്ല യഹൂദന്മാരത്രേ. എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതികരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞു കൊണ്ടു, നാമും (പൗലോസ്, പത്രോസ്) ന്യായപ്രമാണത്തിന്റെ പ്രവർത്തികളാലല്ല, ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതികരിക്കപ്പെടേണ്ടതിനു ക്രിസ്തുവേശുവിൽ വിശ്വസിച്ചു. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു മനുഷ്യനും നീതികരിക്കപ്പെടുകയില്ലല്ലോ. എന്നാൽ ക്രിസ്തുവിൽ നീതി അന്വേഷിക്കയിൽ നാമും പാപികൾ എന്നു വിരികിൽ ക്രിസ്തു പാപത്തിന്റ ശുശ്രൂഷക്കാരൻ എന്നോ? ഒരു നാളും അല്ല. ഞാൻ പൊളിച്ചതു വീണ്ടും പണിതാൽ, ഞാൻ ലംഘനക്കാരൻ എന്ന് എന്നെത്തന്നെ തെളിയിക്കുന്നു. ഇവിടെ എന്തിനാണ് ഒരാൾ യേശുവിൽ വിശ്വസിക്കുന്നത് എന്നു പൗലോസ് പത്രോസിനെ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, യേശുവിലൂടെ നീതികരിക്കപ്പെട്ടു കഴിഞ്ഞ വ്യക്തി, പിന്നെയും ന്യായപ്രമാണം അനുസരിച്ച് നീതികരണം നഷ്ടപ്പെടുത്തരുത്. ഇതാണ് പൗലോസിന്റെ ബുദ്ധിപരമായ സുവിശേഷം (യേശു മശിഹാ ഏതു പക്ഷത്ത്? പേജ് 35,36).

ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതികരിക്കപ്പെടുന്നില്ല എന്ന് അറിഞ്ഞുകൊണ്ട്, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല, ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നെ നീതികരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ച പത്രോസ് തുടർന്ന് തനിക്കു കിട്ടിയ ദർശനമനുസരിച്ച് ജാതികളോടൊത്തു അവരുടെ മര്യാദപ്രകാരം ജീവിച്ചുപോന്നു. അങ്ങനെ ജീവിച്ചിട്ടു യഹൂദന്മാർ വന്നപ്പോൾ അവരുടെ അപ്രീതിയുണ്ടാകുമെന്നു ധരിച്ച് മാറിനിന്നതിനെ പൗലോസ് കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതികരിക്കപ്പെടുന്നില്ല എന്നുള്ളതുകൊണ്ട് യേശുവിൽ വിശ്വസിക്കുവാൻ ഇടയായ ഒരാൾ പിന്നീടു ന്യായപ്രമാണം അനുസരിക്കുന്നതു യുക്തമോ? യുക്തമല്ല എന്നതാണല്ലോ യേശുവിൽ വിശ്വസിക്കുവാനുണ്ടായ കാരണം തന്നെ. യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞു കൊണ്ടു, നാമും (പൗലോസ്, പത്രോസ്) ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല, ക്രിസ്തുവിലുള്ള വിശ്വാത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ചു. ഇവിടെ രണ്ടു പേരും വിശ്വസിക്കാനുണ്ടായ കാരണം വിശദീകരിക്കുന്നതിൽ പൗലോസും, പത്രോസ് വിശ്വസിക്കാനിടയായ അതെ വസ്തുതയാലാണ് വിശ്വസിച്ചത് എന്ന കാര്യത്തെ അടിവരയിട്ട് ഉറപ്പിക്കകയല്ലെ ചെയ്തത്.. അങ്ങനെയായിരിക്കെ, ജാതികളിൽ നിന്നും വരുന്നവരെ താൻ അപൂർണ്ണമെന്നു വിശ്വസിക്കുന്ന അതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ ചെയ്യാൻ

ശേഷം 22–ാം പേജിൽ

# കടുകിലും ഒരു കുടുക്ക്

**കെ.ഒ.തോമസ്**

അമിതകൃത്രിപ്പുകാർ, ബൈബിളിനെതിരെ പടവാളുമായി രംഗപ്രവേശം ചെയ്യാൻ തുടങ്ങിയത് ഇന്നോ, ഇന്നലേയോ അല്ല. യെശയ്യാ ഗ്രന്ഥകർത്തൃത്വത്തിനെതിരെ എഡി 1152 ൽ തന്നെ ഇബൻ എസ്രാ രംഗത്ത് വന്നത് ഒരു ഉദാഹരണം മാത്രമാണ്. അദ്ദേഹത്തെ പിൻപററിയ എസ് ആർ ഡ്രൈവർ, ടി കെ പെയിൻ, ഐഖോൻ, എഫ് യെഖേർട്ട് തുടങ്ങിയ നിരവധിപേർ ഈ ശ്രേണിയിലുണ്ട്. വേദചിന്തകർ, അതതു കാലത്തു തന്നെ അവർക്കെല്ലാം തക്കമറുപടി നൽകിയിട്ടുണ്ട്. ഇങ്ങനെ നിസ്തുല്യ ഗ്രന്ഥത്തിനെതിരെ വാളോങ്ങിയതായ ഓരോ വിഷയത്തിനും തത്സമയം തന്നെ പ്രത്യുത്തരം നൽകിയത് രഹസ്യമല്ല. ഇതറിയാതെയോ, അറിഞ്ഞോ – കാലാകാലങ്ങളിൽ ഇറങ്ങിയ വിമർശന ഗ്രന്ഥങ്ങൾ മാത്രം വായിക്കുന്നവർക്ക് വിമർശന ലഹരിയേറി വരാവുന്നതാണ്. സത്യം അവരെ വിട്ട് എത്രയോ വിദൂരത്തിലാണ് നിൽക്കുന്നത്. ഈ സരണിയിൽ കേരളക്കരയിലും ചിലർ രംഗത്തെത്തിയിട്ടുണ്ട്.

ഈ വിമർശന വീഥിയിൽ വലിയ തീവ്രതയും തിരക്കും പ്രകടിപ്പിക്കുന്നവർക്ക്, എത്ര കൃത്യമായും ശാസ്ത്രീയമായും എഴുതിയ ബൈബിൾ സൂക്തമായാലും – സത്യം തങ്ങളുടെ കണ്ണിൽപ്പെടാതെപോയെന്ന വരാമെന്നുള്ളതിൻെറ മികച്ച തെളിവാണ് ബഹുമാന്യ ജനാബ് എം എം അക്ബർ മൗലവിയുടെ പല എഴുത്തുകളും എന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടു. മാത്രമല്ല, തികച്ചും ശാസ്ത്രീയമായതും വിശേഷിച്ച്, ഇന്നു ഒരു നിലയിലും തലതാഴ്ത്തേണ്ടതായ ആവശ്യമില്ലാത്ത



തുമായ ബൈബിൾ രേഖയാണ് അക്ബർ സഹോദരൻ വിമർശനത്തിന് കണ്ടെത്തിയത്. തത്സമയം തന്നെ നിസ്തുല്യമായി രേഖപ്പെടുത്തിയ, സുവിശേഷ സൂക്തത്തിൽ കാണുന്ന ക്രിസ്തുനാഥൻെറ ഒരു ഉപമയിലെ പൂർണ്ണരൂപം എടുത്തു കാണിക്കാതെ വിഷയത്തിൻെറ പ്രധാനഭാഗം മറച്ചുവെച്ച് തൻെറ ഗ്രന്ഥത്തിൽ ചേർക്കാതെ ചിലഭാഗം മാത്രം മനുഷ്യരുടെ മുമ്പിൽ എടുത്തുകാട്ടി വമർശിക്കുന്നതിലെ കഴിവ് വെളിപ്പെടുത്തിയ അദ്ദേഹ ത്തിൻെറ ഒരു കുറിപ്പാണ് ഈ ലേഖനദ്വാരാ നാം ചിന്തിക്കുന്നത്..

എം എം അക്ബർ എഴുതുന്നു. 'കടുകുമണി ഏററവും ചെറിയ വിത്തോ? യേശുക്രിസ്തു സ്വർഗ്ഗരാജ്യത്തെ കടുകുമണിയോടു് ഉപമിക്കുന്ന രംഗം സംഹിത സുവിശേഷങ്ങളെല്ലാം ഉദ്ധരിക്കുന്നുണ്ട്. അവിടെ യേശു പറയുന്നതായി 'വിത്തുകളിൽ ഏററവും ചെറുതാണ് കടുകുമണി'യെന്ന് മത്തായിയും മർക്കോസും (4:31) എടുത്തു പറയുന്നു. ഇത് ശരിയല്ലെന്നു ഇന്നു നമുക്ക് കൃത്യമായി അറിയാവുന്നതാണ്. കടുകുമണിയേക്കാൾ ചെറിയ നൂറുക്കണക്കിന് വിത്തുകളെക്കുറിച്ച് നാം മനസ്സിലാക്കുമ്പോൾ ബൈബിളിലെ ഈ പ്രസ്താവന അശാസ്ത്രീയമാണെന്ന് നമുക്ക് ബോധ്യപ്പെടുന്നുണ്ട്.'

(ബൈബിളിൻെറ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 105).

ഇദ്ദേഹം എടുത്തു് ഉദ്ധരിച്ച വേദ സൂക്തത്തിലെ വിട്ടുപോയഭാഗം എന്താണെന്ന് വായനക്കാർക്ക് പ്രഥമദൃഷ്ട്യാ തന്നെ ഗ്രഹിക്കുവാനായി പ്രസ്തുത തിരുവചനം കൂടി ഹാജരാക്കുന്നു:

ബൈബിൾ പറയുന്നു. മത്താ 13:31,32 സ്വർഗ്ഗരാജ്യം കടുകുമണിയോടു സദൃശം; അതു ഒരു മനുഷ്യൻ എടുത്തു തന്റെ വയലിൽ ഇട്ടു. അതു എല്ലാ വിത്തിലും ചെറിയതെങ്കിലും വളർന്നു സസ്യങ്ങളിൽ ഏററവും വലുതായി, ആകാശത്തിലെ പറവകൾ വന്നു അതിന്റെ കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം വൃക്ഷമായി തീരുന്നു. മർ 4:30–32

'ദൈവരാജ്യത്തെ എങ്ങനെ ഉപമിക്കേണ്ടു? ഏതു ഉപമയാൽ അതിനെ വർണ്ണിക്കേണ്ടു? അതു കടുകുമണിയോടു സദൃശം; അതിനെ മണ്ണിൽ വിതെക്കുമ്പോൾ ഭൂമിയിലെ എല്ലാവിത്തിലും ചെറിയതു. എങ്കിലും വിതെച്ചശേഷം വളർന്നു, സകലസസ്യങ്ങളിലും വലുതായിത്തീർന്നു, ആകാശത്തിലെ പക്ഷികൾ അതിന്റെ നിഴലിൽ വസിപ്പാൻ തക്കവണ്ണം വലുതായ കൊമ്പുകളെ വിടുന്നു.'

'അതിനെ മണ്ണിൽ വിതെക്കുമ്പോൾ ഭൂമിയിലെ എല്ലാ വിത്തിലും ചെറിയതു' എന്ന ക്രിസ്തു മൊഴി, അക്ബർ പകർത്തിയപ്പോൾ 'വിത്തുകളിൽ ഏററവും ചെറുതാണ് കടുകുമണി' എന്നാണ്. സുവിശേഷങ്ങളിലെ പൂർണ്ണരൂപം അക്ബർ രേഖപ്പെടുത്താതിരുന്നത് തൻെറ വിമർശനത്തിന്യാതൊരു കഴമ്പുമില്ലെന്ന് ഗ്രഹിച്ചിട്ടോ, മന:പൂർവം വിമർശിക്കണമെന്ന് കരുതിയിട്ടോ എന്ന് അദ്ദേഹം തന്നെ പറയട്ടെ. തൻെറ അശാസ്ത്രീയത എന്ന വിമർശനത്തിൻെറ മുനയൊടിക്കുന്നതിന് തക്കതായ പ്രയോഗം തിരുവെഴുത്തിലുണ്ടെന്നുള്ളത് നിസ്തർക്കം തന്നെ.

ഖുറാനിൽ നിന്ന് ഇവ്വിധത്തിൽ ഞങ്ങൾ പകർത്തിയെഴുതി തട്ടിപ്പു കാണിച്ചാൽ പ്രിയ സഹോദരൻെറയും അദ്ദേഹം ഉൾക്കൊള്ളുന്ന സമൂഹത്തിൻെറയും മനോനില എന്തായിരിക്കും? പ്രതികരണം എന്തായിരിക്കും? ഒന്നു ചിന്തിക്കൂ.

ക്രിസ്തുമൊഴി ശാസ്ത്ര വിരുദ്ധമാണെന്ന വാദഗതിക്കും സുവിശേഷളിൽ തിരുത്തൽ വരുത്തിയെന്ന നിരർത്ഥക ചിന്തകൾക്കും വിരാമം കുറിക്കുന്ന രംഗം സമാഗതമായി. കടുകുമണി സംബന്ധിച്ച് രണ്ട് ഭാഗമായി തിരിച്ച് വിചിന്തനം ചെയ്യാം. ഒന്ന് കടുകുമണിയുടെ വളർച്ച സംബന്ധിച്ച ആക്ഷേപങ്ങൾ. രണ്ട് അക്ബർ സഹോദരൻെറ ദൃഷ്ടിയിലെ ബൈബിളിലെ അശാസ്ത്രീയത.

വിവിധ ഇനം കടുകുകൾ നിലവിലുണ്ട് എന്ന് സർവ്വ വിജ്ഞാനകോശത്തിൽ കാണുന്നു. 1.Synapi nigra. (Black) 2. Synapi Alba (white) 3. Synapi Arvensis or the charlock (International Standard Bible Ency. vol.3. p. 2010) എന്നിവയാണത്. ഇവക്ക് ഒരേ വളർച്ചയല്ല ഉള്ളത് എന്ന് ഗ്രഹിക്കുവാൻ ഏതാനും ചിലഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നു.

ഒരു ഇനം കടുകു വളർന്നു 15 അടിയിലധികം ഉയരം വരും എന്നു Ungers പറയുന്നു. (New ungers dictionary). J. Hastings Dictionary of Bible-ൽ ഒററപ്പെട്ടു വളരുന്ന വർഗ്ഗത്തിൽപെട്ട ചില കണുകുമണി സസ്യങ്ങൾ പതിനഞ്ച് അടി ഉയരത്തിൽ വളരാറുണ്ട് എന്നു മെറിലും പറയുന്നു. (Merrill. c. Tennecy. Zondervan Pictorial Encyclopedia) വിശ്വപ്രസിദ്ധ വേദശാസ്ത്രജ്ഞൻ Dr. Herbert Locker R.S.L. F.R.G.S പറയുന്നു. in a matter of months the khardal (khardal the Arabic for mustard) can grow into a tree like shrub between ten and twenty feet high and a wide coverage of fan like branches. (All parables of Bibles. p. 186) Craig. S.

Keener പറയുന്നത് around the Sea of Galilee it can reach a height of ten feet and has sometimes reached fifteen feet. (The IVP Bible back ground commentary p. 56) . ഇതേ കാര്യം Nelson പറയുന്നു. ആ കടുകു മണിക്കു 4.6 മീററർ (15 അടി) ഉയരം വരെ വളർച്ചയുണ്ടാകും. (New Illustrated Bible Dictionary page 1006). ജി. സുശീലൻ എഴുതിയിരിക്കുന്നത് ഒരു വർഷം കൊണ്ട് ഇരുപതടിയിലേറെ ഉയരത്തിൽ കടുകു ചെടി വളരും. (സഭയും പ്രവചനവും പേജ്. 58.) Rabbi Simeon eyuk'f\ a stalk of mustard was in my field into which I was to climb as men are want to climb into a fig tree. ( A commentary on Holy Bible page. 673. Edited by J.R. Dummelo: M.A) മത്തായി 13:31,32. ൽ പറഞ്ഞിരിക്കുന്ന സസ്യം കറുത്ത കടുക് (black mustard) ആണെന്നു Nelson രേഖപ്പെടുത്തിയിട്ടുണ്ട്. (Nelson's Bible Dictionary) മാത്രമല്ല P.C. study Bible version 5 sh Bible photo യിൽ ഈ കടുകുമണി കൊമ്പുകൾ നീട്ടിയ വൃക്ഷമായി തന്നെ കാണുന്നു. ആ കൊമ്പുകളിൽ പക്ഷികൾക്ക് യഥേഷ്ടം വന്നു ചേക്കേറാ കുന്ന വലിപ്പം ഉണ്ടെന്നുള്ളതും വളരെ ചിന്താർഹമാണ്. ആകയാൽ കടുകുമണി സസ്യങ്ങളിൽ വെച്ച് ഏററവും വലുതായി കൊമ്പുകൾ നീട്ടിയ 15 അടിയിലധികം വലിപ്പമുള്ള വൃക്ഷമായി തീരുന്നു.

കർത്താവു പറഞ്ഞത് കടുകുമണി സകല സസ്യങ്ങളിലും വലുതായി.....വൃക്ഷ മായി തീരുന്നു എന്നാണ്. ഗ്രീക്കിൽ meizon toon lachanoon estin kai ginetai dendron എന്ന് കാണുന്നു. ഈ ഗ്രീക്ക് ശബ്ദപ്രകാരം കടുകുമണി മാർദ്ദവമായ തൊലിയുള്ള സസ്യങ്ങളിൽ വെച്ച് വൃക്ഷമായി തീരും എന്നർത്ഥം. കാട്ടുമരം പോലെ വളരുമെന്നും, വെറും മഹത്വത്തിനു വളരുന്ന മരമായി മാറിയെന്നും തെററിയവളർച്ചയെന്നുമുള്ള ചിന്തകരുടെ പ്രയോഗങ്ങൾ അവർക്ക് പററിയ അബദ്ധമാണെന്ന് ഇതിനകം ഗ്രാഹ്യമായല്ലോ.

തിരുമൊഴിയുമായി ഇതൊന്നും പൊരുത്തപ്പെടുന്നതല്ല. സങ്കൽപ്പ ചിന്തക ളാണ് ചിന്തകർ കാഴ്ച്ചവെച്ചത്.

കർത്താവു പറഞ്ഞതായ കടുകു മണിക്ക് ശരിയായ വളർച്ച തന്നെയാണ്. ചിലർ പറയുന്നതുപോലെ കടുകുമണിയുടെ വളർച്ച സൃഷ്ടി നിയമത്തിനു വിരുദ്ധവുമാണ് എന്നുള്ള ചൊല്ലും ദൈവവചനത്തിനും ശാസ്ത്രീയ വീക്ഷണത്തിനും മുമ്പിൽ ബലിഷ്ഠമല്ല. യേശുകർത്താവു അതിശ യോക്തി ഒട്ടും തന്നെ ഉപയോഗിച്ചിട്ടുമില്ല. ഹാ! എത്രയും സൂക്ഷ്മതയുള്ള ക്രിസ്തു മൊഴികൾ. കൃത്യതയുള്ള തിരുവെഴുത്ത്.

കടുകുമണി മണ്ണിൽ വിതക്കുന്നതിലെ എല്ലാ വിത്തിലും ചെറിയത്. മർക്കോ.4:31. കടുകുമണിയല്ല വിത്തുകളിൽ വെച്ച് ചെറുത് എന്ന് Craig. S. Keener രേഖപ്പെടു ത്തിയിരിക്കുന്നു. the orchid seed is smaller (The IVP Bible Back Ground Commentary page 83) പിന്നെ എന്തു കൊണ്ടാണ് ഭൂമിയിലെ എല്ലാ വിത്തിലും ചെറിയത് എന്നു യേശു പറഞ്ഞത് എന്ന ചോദ്യം ഉയരുന്നു.

ഇതു സംബന്ധിച്ച് വില്ല്യം ബാർക്ക്ളെ എഴുതിയിരിക്കുന്നതിങ്ങനെയാണ്. കിഴക്കൻ രാജ്യങ്ങളിൽ വലിപ്പക്കുറവിനെ ചൂണ്ടിക്കാ ണിക്കുവാൻ പറയുന്ന ഒരു പഴഞ്ചൊല്ലാണിത്. ഉദാഹരണത്തിനു യഹൂദന്മാർ ഒരു തുള്ളി രക്തത്തെക്കുറിച്ച് ഒരു കടുകുമണിയുടെ അത്രമാത്രം ചെറുതാണെന്നു പറയാറുണ്ട്. അതുപോലെ ഒരു കടുകു മണിയുടെ അത്ര വിശുദ്ധി എന്നിങ്ങനെ പറയുക സാധാരണ മാണ്. വിശ്വാസത്തെക്കുറിച്ചു പറഞ്ഞ അവ സരത്തിൽ കർത്താവു ഈ പ്രയോഗം ഉപ യോഗിക്കയുണ്ടായി നിങ്ങൾക്ക് കടുകു മണിയോളം വിശ്വാസമുണ്ടെങ്കിൽ......

മത്താ.17:20. (The Daily Study Bible vol.2. page 75) ഏററവും ചെറിയ അളവിലുള്ള വസ്തുക്കളെ തൂക്കാനാണ് കടുകുമണി ഉപയോഗിക്കുന്നതെന്ന ജി. സുശീലനും എഴുതുന്നു. (സഭയും പ്രവചനവും പേജ്. 58.) Frank. E. Gabalien പറയുന്നത് in rabbinical thought the mustard seed as proverbial for smallness. ( The Expositors Bible Commentary page 317.vol.8.)

## നമുക്ക് ഇനി ശാസ്ത്രീയ വശം കൂടി നോക്കാം

ബൈബിൾ പറയുന്ന കടുകുമണി മണ്ണിൽ വിതക്കുന്നതിലെ എല്ലാ വിത്തിലും ചെറിയത്. മർക്കോ.4:31. മണ്ണിൽ വിതക്കുന്നതിലെ എന്ന ഭാഗം ഗ്രീക്കിൽ sparee epitees gees എന്നു കാണുന്നു. ge എന്ന ഗ്രീക്ക് മൊഴിക്ക് ലക്സിക്കണിൽ കൊടുത്തിരിക്കുന്ന പ്രഥമ അർത്ഥം 1) Arable land (ഉഴാൻ പററിയ നിലം) എന്നാണ്. ഇതര അർത്ഥങ്ങൾ കൂടി നോക്കൂ. 2) the ground, the earth as a standing place 3) the main land as opposed to the sea or water 4) the earth as a whole

ഉഴാൻ പററിയ നിലത്തിൽ വിതക്കുന്നതിൽ കടുകുമണിയേക്കാൾ ചെറിയ വിത്തുകൾ നൂറുകണക്കിനുണ്ടെന്ന് വാദിക്കുന്ന അക്ബർ സഹോദരനോട് ഒരുവാക്ക്. യഥാർത്ഥത്തിൽ കടുകുമണിയേക്കാൾ ചെറിയ വിത്തുകൾ ധാരാളം ഉണ്ടെന്ന പറയുന്നെങ്കിലും ഉഴാൻ പററിയ നിലത്തിൽ വിതക്കുന്നതിൽ കടുകുമണിയേക്കാൾ ചെറിയ വിത്തുകൾ ഒന്നു പോലും ഇല്ല. വെള്ളത്തിൽ വളരുന്നതിനെ നോക്കിയാണ് ഇതിനേക്കാൾ ചെറുത് എന്നു ശാസ്ത്രം പറയുന്നത്. കർത്താവു പറഞ്ഞത് മണ്ണിൽ വിതക്കുന്നതിൽ വെച്ച് അഥവ ഉഴാൻ പററിയ നിലത്തിൽ വിതക്കുന്നതിൽ ഏററവും ചെറിയ വിത്തിൻെറ കാര്യമാണ്. അത് കടുകുമണിയാണെന്ന സത്യം അക്ബർ സഹോദരൻ ഗ്രഹിക്കാതെ പോയത് ഒരു കുററമായി കണക്കാക്കുവാൻ സാധ്യമല്ല. ഗവേഷണം ശരിയായ രീതിയിലല്ലെങ്കിൽ ഇത്തരം അബദ്ധങ്ങൾ ആർക്കും പിണയാം. ഇദ്ദേഹത്തിൻെറ അശാസ്ത്രീയ വീക്ഷണത്തിന് വായനക്കാർ മാപ്പ് നൽകട്ടെ.

എത്രയും മനോഹരവും ശാസ്ത്രീയവുമായിട്ടാണ് അരുമനാഥൻ അരുളിയത്. അതെ, ബൈബിൾ ലിഖിതപ്പെടുത്തിയത്. ഇതാണോ അശാസ്ത്രീയമാണെന്ന് പറഞ്ഞ്, പർവ്വത സമാനം ഉയർത്തി ജനാബ് അക്ബർ മൗലവി കൊട്ടിഘോഷിച്ചതെന്ന് അനുവാചകർ ചിന്തിക്കുന്നതിൽ തെററുണ്ടോ? വിമർശിക്കാൻ മാത്രം ബൈബിൾ പാരായണം ചെയ്യുന്ന സമയത്ത് ഇത് സംഭവിച്ചെന്ന വരാം. തെററു ഗ്രഹിച്ചാൽ തിരുത്തുവാൻ അവസരമുണ്ടല്ലോ? ഇനിയെങ്കിലും ഇത്തരം കഴമ്പില്ലാത്ത വിമർശനങ്ങളോട് അക്ബർ സഹോദരൻ യാത്ര പറയുമെന്ന് ആശിക്കാം.

ഇത്രയും ശ്രേഷ്ഠമായും ശാസ്ത്രീയമായും രേഖപ്പെടുത്തിയ – ബൈബിൾ രേഖക്കൊപ്പം അവകാശപ്പെടുന്നവ – എന്തെല്ലാം മുഹമദ് നബി പറഞ്ഞതായി ഖുർആനിൽ ലിഖിതപ്പെടുത്തിയിട്ടുണ്ട് എന്ന് കാണുവാൻ താല്പര്യമുണ്ട്.

●


ക്രൈസ്തവ ലോകത്ത് ഒരു നൂതന സംരംഭം!

**സീക്കേഴ്സ് പാത്ത്**

മാസിക.

ഒരു ലക്കം പോലും നഷ്ടമാവാതിരിക്കുവാൻ ഉടൻ വരിക്കാരാകുക!

വാർഷിക വരിസംഖ്യ രൂ. 150.00.

സി.ഡി.വർഗീസ്

പി.ഒ.ബോക്സ് നമ്പർ.7,

പുല്ലാട്. പി.ഒ.തിരുവല്ല.

പിൻ: 689548.

# حضرت شاہ ولی اللہ دہلوی اور ان کی انقلاب انگیز تحریک

# ഹസ്രത്ത് ഷാ വലിയുല്ലാഹി ദഹല്ലി [ ഡൽഹി].

## അദ്ദേഹത്തിന്റെ ഇംഗ്ലീഷ് വിരുദ്ധ പ്രസ്ഥാനം....? ?

**ലേഖകന്റെ പേര്** مفتی جمیل الرحمٰن قاسمی

**സുരേഷ് എടക്കളത്തൂർ**



**(ഡൽഹി ദീൻദുന്യ മാസികയിൽ (ഉറുദു മാസിക) മുഫ്തി ജമിലു റഹ്മാൻ ഖാസിമി എഴുതിയ ഉറുദു ലേഖനത്തിന്റെ പ്രധാന ഭാഗങ്ങളുടെ മലയാള പരിഭാഷ. മലയാള പരിഭാഷയും വിശദീകരണവും സുരേഷ് എടക്കളത്തൂർ. )**



حجۃ الاسلام حضرت امام شاہ ولی اللہ محدث دہلوی ۱۴ ارشوال ۱۱۱۴ ہجری مطابق ۱۷۰۳ء بوقت طلوع آفتاب دہلی میں پیدا ہوئے۔ پانچ سال کی عمر میں شاہ ولی اللہ صاحب کو مکتب میں داخل کیا گیا۔ سات سال کی عمر میں انہوں نے قرآن کریم مکمل کیا اور فارسی کی تعلیم شروع کی دس سال کی عمر تک انہوں نے شرح جامی تک تعلیم پوری کی اور صرف ونحو اور ادب اور لغت پر دسترس حاصل کی اور پندرہ برس کی عمر میں علوم عقلیہ اور نقلیہ کی تعلیم مکمل کی اور کتاب وسنت کی اشاعت اور اصلاح معاشرہ کی تحریک شروع کی۔ آپ نے تفسیر، حدیث، فقہ، اصول، تصوف، عقائد، لغت ومعانی، منطق وفلسفہ، طب، علم ہیئت اور حساب کی



ഡൽഹിയിലെ ജുമാമസജിദ് പരിസരത്തു നിന്നു പ്രസിദ്ധീകരിക്കുന്ന പല ഉറുദു പ്രസിദ്ധീകരണങ്ങൾ ഉണ്ട്. അവയിൽ ഒന്നാണ് ഹോജാ (കാജാ) പ്രസ്സിൽ നിന്നും പുറത്തുവരുന്ന ദീൻ ദുന്യ ( The Din Dunia.) എന്ന ഉറുദു മാസിക (Khawaja Press.) ഈ ലേഖകൻ ബാംഗ്ലൂരിൽ നിന്നാണ് ഈ മാസിക വായിക്കാൻ ഇടവന്നത് (Bangalore Russel Market ). ഡൽഹിയിലുള്ള ജുമാമസജിദ് പരിസരത്തുള്ള ബുക്ക് സ്റ്റാളിലും ലേഖകൻ പോയിട്ടുണ്ട്. പ്രസ്തുത ലേഖനം എഴുതിയത് മുഫ്തി ജമിലു റഹ്മാൻ എന്ന മാന്യദേഹമാണ്. ലേഖനം വായിച്ചപ്പോൾ വിചിത്രമായ ചില ആശയങ്ങൾ തോന്നി എന്നത് വാസ്തവമാണ്.

## ഹസ്രത്ത് ഷാ വലിയുല്ലാഹി.

അറബിയിലും പേർഷ്യൻ ഭാഷയിലും (ഫാരിസി) ഉറുദുവിലും "ഹസ്രത്ത്" എന്ന പദത്തിനു മാന്യത, തിരുമനസ്സ്, വന്ദ്യ എന്നിങ്ങനെ ബഹുമാന സൂചകമായ അർത്ഥങ്ങളാണുള്ളത്. ''ഹസ്രത്ത്'' എന്ന പദത്തിനു ഇംഗ്ലീഷിൽ Majesty എന്ന ആശയമാണുള്ളത്.

**വലിയുല്ലാഹി= വലി, ഔലിയ** وَلِیِ اللّٰہِ

വലി എന്നതിനു ഇവിടെയുള്ള അർത്ഥം പുണ്യവാളൻ, വിശുദ്ധൻ എന്നിങ്ങനെയാണ്. രക്ഷകൻ, സഹായി, യജമാനൻ എന്നിങ്ങനെ സന്ദർഭോചിതമായി ആശയം സ്വീകരിക്കുന്നു. അപ്പോൾ, വലിയുല്ലാഹി എന്നാൽ ഒരു മുസ്ലീം വിശുദ്ധൻ എന്ന് ആശയം. കത്തോലിക്ക, ഓർത്ത ഡോക്സ് സഭകളും പാർസികളും ഹിന്ദുമതവും മരണപ്പെട്ടു പോയ വ്യക്തികൾക്കു മഹത്ത്വം കല്പിച്ച് ആരാധനയും പ്രാർത്ഥനയും നടത്തുന്നതായി നാം അറിയുന്നു.

ഈ ലേഖനത്തിന്റെ പേര് ശ്രദ്ധിക്കുക. ''ഹസ്രത്ത് ഷാ വലിയുല്ലാഹി ദഹല്ലി''. ഡൽഹിയിലുള്ള ഒരു മുസ്ലീം പണ്ഡിതനായ വിശുദ്ധന്റെ "ഖബർ സ്ഥാനം". ഡൽഹി എന്ന

പദം ഉർദുവിലും ഹിന്ദിയിലും എഴുതുമ്പോൾ "ദഹല്ലി" എന്നാണ് എഴുതാറുള്ളത്. ഇൻഖിലാബ് അംഗ്രസീ- തഹരിക്ക എന്നു കൊടുത്തിരിക്കുന്നു. "ബ്രിട്ടീഷ്കാർക്ക് എതിരെ യുദ്ധം നടത്തി മരിച്ചുപോയ വിശുദ്ധനായ ഒരു മുസ്ലീം മതപണ്ഡിതന്റെ ഖബർ." ഇതാണ് ഈ ലേഖനത്തിന്റെ ആശയം.

## മരണപ്പെട്ടവരുടെ ഖബറുകൾ.

ഇന്ത്യയിലും പാക്കിസ്ഥാനിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും മരിച്ചവരുടെ ഖബറുകൾ കാണാൻ കഴിയും. ഹിന്ദു-യഹൂദ- നമാധേയ ക്രൈസ്തവ സഭകൾ- മുസ്ലീം വിഭാഗങ്ങൾ ഉൾപ്പെടെ ഏതാണ്ടെല്ലാ മതവിഭാഗങ്ങളിലും ഒരു പരിധിവരെ ഈ ആശയം കാണാൻ കഴിയും. മരണപ്പെട്ടു പോയവർ പ്രത്യേകതയുള്ള അഭൗമിക ലോകത്തിൽ പോകുന്നുവെന്നും പല അത്ഭുത സിദ്ധികളും ചെയ്യുന്നു എന്നുമാണ് ഈ വിശ്വാസത്തിനു കാരണം. ബൈബിൾ ഇത്തരം ആശയങ്ങളെപ്പറ്റി വിവരിച്ചിരിക്കുന്നു. (മരിച്ചവരോട് പ്രാർത്ഥിക്കാനുള്ള വിശ്വാസമല്ല.) മുസ്ലീം ജമാ അത്തുകളിൽ സുന്നി വിഭാഗങ്ങൾ ധാരാളമായി ഖബർ പ്രാർത്ഥന നടത്തുന്നവരാണ്. ബദർ എന്ന അറബി ദേശത്ത് നടന്ന യുദ്ധത്തിൽ മരണപ്പെട്ടു പോയവരെ "ബദരീങ്ങൾ" എന്ന പേരിൽ മുസ്ലീം സഹായ മദ്ധ്യസ്ഥരായി കാണുന്നു. കഷ്ടാനുഭവങ്ങൾ അനുഭവിച്ച വിശുദ്ധന്മാരെ കത്തോലിക്ക, ഓർത്തഡോക്സ് സഭകൾ ഖബറുകളിൽ പുണ്യവാന്മാരായി കാണുന്നു. വിശുദ്ധ വേദപുസ്തകം ഇത്തരം ആശയങ്ങളെ ഒരിക്കലും അംഗീകരിക്കുന്നില്ല.

## ഹസ്രത്ത് വലിയുല്ലാഹിയുടെ ഖബർ

"ഹജ്ജത്തുൽ ഇസ്ലാം ഹസ്രത്ത് ഇമാം ഷാ വലിയുല്ലാഹി" എന്ന ഖുർആൻ-ഹദീസ് മതപണ്ഡിതൻ ശവ്വാൽ മാസം 14-ാം തിയ്യതി ഹിജറ 1114-ൽ ഇംഗ്ലീഷ് വർഷം 1703-ൽ ഡൽഹിയിൽ ജനിച്ചു. അദ്ദേഹത്തിനു അഞ്ചു വയസ്സു പ്രായമുള്ളപ്പോൾ ഗ്രന്ഥശാലയിലേക്ക് പ്രവേശനം ലഭിച്ചു (മതപഠന സ്ഥലം). ഏഴു വയസ്സു പ്രായമുള്ളപ്പോൾ ഖുർആൻ പഠനം നടത്തപ്പെട്ടു. (ഖുർആൻ പൂർമായി ഹൃദിസ്ഥമാക്കി എന്നാണ് ഉറുദുവിൽ). പിന്നെ പേർഷ്യൻ ഭാഷാ പഠനം. പത്തു വയസ്സു പ്രായമുള്ളപ്പോൾ മറ്റു വ്യാഖ്യാന ഗ്രന്ഥങ്ങൾ കൈകാര്യം ചെയ്യാനുള്ള പാണ്ഡിത്യം നേടി എന്നു പറയപ്പെടുന്നു. അറബിയുടെയും ഉറുദുവിന്റെയും (പേർഷ്യൻ) വ്യാകരണ വിഭാഗമായ നഹവ്, സർഫ് പഠനം നടത്തി. കോശഗ്രന്ഥങ്ങളിൽ (നിഘണ്ടു) പ്രാവീണ്യം നേടി. പന്ത്രണ്ടു വയസ്സു പ്രായമുള്ളപ്പോൾ മതഗ്രന്ഥങ്ങളിൽ വളരെ പാണ്ഡിത്യം നേടി. ഇനി ഈ ഉറുദു ലേഖനത്തിൽ അദ്ദേഹത്തിന്റെ ഇസ്ലാമിക വിഷയങ്ങളിലുള്ള പാണ്ഡിത്യവും മറ്റും പ്രത്യേകതകൾ കൊടുത്ത് വിവരിക്കുന്നുണ്ട്. ആ ഭാഗത്തെക്കുറിച്ച് ഒരു വിശദീകരണത്തിലേക്കു കടക്കാൻ ഉദ്ദേശ്യമില്ല.

ബ്രിട്ടീഷ് മേൽക്കോയ്മയിൽ കഴിഞ്ഞ ഒരു രാജ്യമാണ് നമ്മുടെ ഇന്ത്യ. സ്വാതന്ത്ര്യസമരം നയിച്ച മഹാന്മാർ ഇംഗ്ലീഷ് ഭാഷ പഠിക്കുകയും ഇംഗ്ലീഷുകാരുടെ "കാടത്ത" സ്വഭാവത്തെ നയപരമായി എതിർത്തവരും ആയിരുന്നുവെന്നു നാം അറിയുന്നു. ഗാന്ധിജിയും മറ്റു ദേശീയ നേതാക്കന്മാരും സ്വാതന്ത്ര്യസമരത്തിനു നേതൃത്വം കൊടുത്തവരും നാഷണൽ കോൺഗ്രസ്സിന്റെ മുൻനിര പ്രവർത്തകരും ആയിരുന്നു. രാജ്യസ്നേഹത്തിനു വേണ്ടി മരണപ്പെട്ടു പോയവരുടെ ശവകുടീരങ്ങൾ നമ്മുടെ ഇന്ത്യയിൽ കാണാൻ കഴിയും. അതിനു രാജ്യസ്നേഹികളുടെ ഖബറുകൾ എന്നു നാമകരണം ചെയ്യുന്നതിൽ തെറ്റില്ല എന്നു കരുതുന്നു.

## ഷാ വലിയുല്ലാഹിയുടെ ഖബർ.

ഉറുദു ലേഖകൻ മുഫ്തി ജമീലുറഹ്മാൻ ഖാസിമി ഈ ലേഖനത്തിൽ ഷാ വലിയുല്ലാഹിയെപ്പറ്റി വിവരിക്കുന്നത് വായിക്കുമ്പോൾ പരിതാപം കലർന്ന സഹതാപമാണ് മനസ്സിൽ വരുന്നത്. ഇദ്ദേഹത്തിന്റെ കാലഘട്ടം ഇന്ത്യയിൽ ഇംഗ്ലീഷ് മേൽക്കോയ്മയുടെ കാലഘട്ടമാണ് എന്നു വിസ്മരിക്കുന്നില്ല. ഇന്ത്യയിലെ ദ്രാവിഡ സമ്പത്ത് കൊള്ളയടി

ക്കാൻ വെള്ളപ്പട്ടാളം ചെയ്ത ക്രൂരസംഭവങ്ങൾ പലതും നമുക്കറിയാം. ( ഇന്ത്യയെ പുരോഗതിയിലേക്കു നയിച്ചത് അവരുടെ പ്രവർത്തനഫലം കൂടിയാണെന്നത് വിസ്മരിക്കുന്നില്ല). വലിയുല്ലാഹിയെപ്പറ്റി ലേഖകന്റെ ഇനിയുള്ള ആശയം വളരെ ആശ്ചര്യകരമാണ്. ഉറുദുവിൽ നിന്നുള്ള പ്രധാനഭാഗം താഴെ കൊടുക്കുന്നു.

"یہ مدرسہ صرف درسگاہ نہیں تھا۔ بلکہ برصغیر ہند کی ایک انقلابی تحریک کا مرکزی ادارہ تھا جس نے پورے ہندوستان میں انگریزی سامراجیت کی جڑیں کمزور کرنے اور ان کا خاتمہ کرنے کے لئے عملی اقدامات کئے تھے۔ اور ایک جال پھیلایا تھا اسے ایک خانقاہ کی بھی حیثیت حاصل تھی جہاں لوگوں کے کردار و کیرکٹر بنائے جاتے تھے۔ وہاں انسان ڈھالے جاتے تھے اور مجاہدین کی تربیت کی جاتی تھی۔

(دہلی کے قدیم مدارس و مدرس صفحہ ۱۱۴)

ലേഖനത്തിൽ മുഫ്തി ജമീലു റഹ്മാൻ ഖാസിമി, വലിയുല്ലാഹിയെപ്പറ്റി വിവരിച്ചിരിക്കുന്നു. "ഇംഗ്ലീഷ് പ്രവർത്തനൾക്കു എതിരായി അദ്ദേഹം തന്റെ പ്രവർത്തനം ആരംഭിച്ചു. പ്രവർത്തനത്തിന്റെ പേര് ''ഇൻഖിലാബി മർക്കസ്" എന്നാണ് (വിപ്ലവ കേന്ദ്രം). രാഷ്ട്രീയ പാർട്ടികൾ പൊതുവെ ഉപയോഗിക്കുന്ന ഇൻക്വിലാബ് (ഇൻഖിലാബ്) ഒരു പേർഷ്യൻ പദമാണ്. അദ്ദേഹം തുടങ്ങിയത് കേവലം ഒരു മതപഠനശാലയല്ല; ഒരു വിപ്ലവ കേന്ദ്രമായിരുന്നു, "ഇൻഖിലാബി മർക്കസ്." ഏതു വിധത്തിലും ഇംഗ്ലീഷ് കമ്പനിക്കെതിരെ വിപ്ലവം നടത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. അതിനുള്ള മുജാഹിദീൻ (യുദ്ധപ്പടയാളികൾ) രൂപീകരിക്കുക. സുഭാഷ് ചന്ദ്രബോസ് സായുധ വിപ്ലവം നടത്താൻ താത്പര്യപ്പെട്ട വ്യക്തിയായിരുന്നു. അദ്ദേഹം അത് രൂപീകരിക്കുകയും ചെയ്തു. അത് അല്ലാഹുവിന്റെ പേരിൽ അല്ല, സ്വന്തം പേരിലും പ്രവർത്തിയിലുമാണ്.

മതം സംഘർഷമല്ല; സമാധാനമാണ്, ശാന്തിയാണ് സൗമ്യതയാണ് എന്നു പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ ആ സമാധാനത്തിന്റെ മാർഗ്ഗം തന്നെ പിൻപറ്റണം. ഇത്തരം വലിയുല്ലാഹിമാരുടെ കബറുകൾ പാക്കിസ്ഥാനിലും കാബൂളിലും കാണാൻ കഴിയും. കബർസ്ഥാനങ്ങൾ പ്രശ്ന പരിഹാരത്തിനുള്ള സ്ഥലമാണ് എന്നാണ് പ്രബലമായ വാദം. ഇന്ത്യയിലെ ഒരു ദേശീയ പ്രശ്നം വലിയുല്ലാഹിയുടെ മുമ്പിൽ അവതരിപ്പിച്ചാൽ പാക്കിസ്ഥാനിലും ഇന്ത്യയിലും ഒരുപോലെ ആരാധിക്കപ്പെടുന്ന വലിയുല്ലാഹിമാർ ആരുടെ പ്രാർത്ഥന കേൾക്കും എന്നുള്ളതാണ് ചിന്താവിഷയം.

മതം സമാധാനമാണ് എങ്കിൽ സമാധാന മാർഗ്ഗം തന്നെ പിൻതുടരണം. പ്രവൃത്തിക്കു വിരുദ്ധമായ വിശ്വാസവും വിശ്വാസത്തിനു വിരുദ്ധമായ ആശയവുമെങ്കിൽ അത് കേവലം കപട മനോഭാവമാണ്. ●

കീർത്തിയെല്ലാം അപകടകരമാണ്. സൽക്കീർത്തി അസൂയ ജനിപ്പിക്കുന്നു. ദുഷ്ക്കീർത്തി മാനക്കേടുണ്ടാക്കുന്നു.

തോമസ് ഫുള്ളർ.

കുടിയൻ ഒരു വിസ്കിക്കുപ്പി പോലെയാണ്. കഴുത്തും വയറുമുണ്ട്. തലയില്ല.

ഓസ്റ്റിൻ മാലി.

6–ാം പേജ് തുടർച്ച...........വംശാവലി ........
വിനെ പിശാചു പരീക്ഷിക്കുന്ന കാര്യമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, ലൂക്കോസ് യേശുക്രിസ്തുവിന്റെ വംശാവലിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനു ശേഷമാണ് മരുഭൂമിയിലെ പിശാചിന്റെ പരീക്ഷയെപ്പറ്റി പറയുന്നത്. പിശാചു പരീക്ഷിക്കുന്ന സംഭവം രേഖപ്പെടുത്തുന്നതിനു തൊട്ടുമുമ്പു തന്നെ യേശുവിന്റെ വംശാവലി രേഖപ്പെടുത്തിയിരിക്കുന്നത് വളരെ അർത്ഥവത്താണ് എന്നു മുമ്പേ പറഞ്ഞിരുന്നല്ലോ. ആദ്യമനുഷ്യനായ ആദാം പിശാചിന്റെ പരീക്ഷയിൽ പരാജയപ്പെട്ടപ്പോൾ അതേ മനുഷ്യന്റെ വംശ പരമ്പരയിൽ വരുന്ന, ദൈവം വാഗ്ദത്തം ചെയ്തിരുന്ന സ്ത്രീയുടെ സന്തതിയായ ഒടുക്കത്തെ ആദാം പിശാചിന്റെ പരീക്ഷകളെ എപ്രകാരം വിജയിച്ചു എന്നു വായനക്കാരോട് പറയുന്നതിനു മുമ്പ്, " ദൈവം ആദാമിനോട് വാഗ്ദത്തം ചെയ്തിരുന്ന സ്ത്രീയുടെ സന്തതിയാണ് അവൻ" എന്നു വംശാവലി രേഖയുടെ പിൻബലത്തോടെ ലൂക്കോസ് സമർത്ഥിക്കുന്നു. ഈ ആവശ്യത്തിനു വേണ്ടിയാണ് ലൂക്കോസ് മത്തായിയിൽ നിന്നു വ്യത്യസ്തമായി ആദാമിനോളം ചെല്ലുന്ന ദീർഘമായ വംശാവലി ഉപയോഗിച്ചിരിക്കുന്നത്!!

"യേശു യോസേഫിന്റെ മകനാണെന്നു പൊതുജനം വിചാരിച്ചു"(ലൂക്കോ 3:23) എന്നാണ് ലൂക്കോസ് പറയുന്നത്. മത്തായിയും ലൂക്കോസും ' യോസേഫ് യേശുവിന്റെ പിതാവല്ല' എന്ന കാര്യത്തിനു ഊന്നൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക. ഗബ്രിയേൽ ദൂതന്റെ വാക്കുകളിൽ നിന്നും (ലൂക്കോ 1:32) മറിയ ദാവീദിന്റെ വംശപരമ്പരയിൽ ഉൾപ്പെട്ടവളാണെന്നു മനസ്സിലാക്കാൻ പറ്റും. യേശുക്രിസ്തുവിനു ജഡപ്രകാരമുള്ള ബന്ധം യോസേഫുമായിട്ടല്ല, മറിയയുമായിട്ടാണ് എന്നതിനാൽ ദാവീദിൽ നിന്നും പുറപ്പെട്ട സന്തതിയാണ് യേശു എന്നു തെളിയുന്നു. ● ( തുടരും..)

---

10–ാം പേജ് തുടർച്ച......യേശു ഇന്ത്യയിൽ .....
തന്റെ നിസ്തുല്യതയെ ഇല്ലാതാക്കുവാനുള്ള സാത്താന്യ തന്ത്രമാണ് ഇതിന്റെയെല്ലാം പിറകിൽ. നമ്മുടെ യേശു മഹാദൈവമാണ്. വിശുദ്ധ ഖുർആൻ പോലും തന്റെ നിസ്തുല്യത വാഴ്ത്തിപ്പാടുന്നു. താൻ പലരിൽ ഒരാളല്ല. തികച്ചും ഏകനാണ്. ഏക രക്ഷകനാണ്. ഏകനായി മഹാത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണ്. നമുക്ക് അവനിൽ നിന്നു പഠിക്കാം. "നല്ല ഗുരോ നിത്യജീവൻ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം?" എന്നു ചോദിച്ചുകൊണ്ട്. ●

---

14–ാം പേജ് തുടർച്ച.......ലൂക്കോസിന്റെ തന്ത്രം?...
പ്രേരിപ്പിക്കുന്നതു അർത്ഥശൂന്യമാണെന്നു എന്തുകൊണ്ട് ഗ്രഹിക്കുന്നില്ല എന്നതാണ് പൗലോസ് ചോദിക്കുന്നത്. അത് യുക്തം തന്നെ.

ദർശനം നൽകിയതിലൂടെ വ്യക്തമായ കാഴ്ചപ്പാട് ലഭിച്ചിട്ടും, യഹൂദന്മാരെ ഭയന്നു പിൻവാങ്ങി പിരിഞ്ഞു നിന്നതിനാൽ ശേഷം യഹുദന്മാരും കപടം കാണിപ്പാൻ ഇടയായതിനെയാണ് പൗലോസ് ചോദ്യം ചെയ്യുന്നത്. ന്യായപ്രമാണത്താലല്ല, ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമേ രക്ഷപ്രാപിക്കുകയുള്ളൂ എന്ന വസ്തുത തന്നെയാണ് പത്രോസ് അപ്പോസ്തലപ്രവർത്തികൾ 15–ാം അധ്യായത്തിൽ വിവരിച്ചത്. കർത്താവായ യേശുവിന്റെ കൃപയാൽ രക്ഷ പ്രാപിക്കും എന്ന് നാം വിശ്വസിക്കുന്നതുപോലെ അവരും വിശ്വസിക്കുന്നു. അന്നു, നാം എന്നു പത്രോസ് പറയുമ്പോൾ പൗലോസ് അടുത്തുണ്ടായിരുന്നില്ല. എന്നാൽ , അക്കാര്യം തന്നെയാണ് പൗലോസും ഇവിടെ ആവർത്തിക്കുന്നത്. പിന്നെങ്ങെനെയാണ് പത്രോസിനെ പൗലോസ് സുവിശേഷം പഠിപ്പിച്ചതാണെന്നു പറയുന്നത്. രണ്ടു പേരും പറയുന്നതിൽ പരസ്പര വൈരുദ്ധ്യം ഉണ്ടെങ്കിലല്ലേ ഈസാ പറയുന്നതിൽ എന്തെങ്കിലും കഴമ്പുണ്ടെന്നു ചിന്തിക്കാനാവൂ. ●

# ചോദ്യം ചെയ്യപ്പെടുന്ന ധാർമ്മികത. 2

പാസ്റ്റർ വി.കെ.സുരേന്ദ്രൻ, പുല്പള്ളി.

ലോത്ത് ദാവീദ് തുടങ്ങിയ വ്യക്തികളിൽ ശ്രീ. എം.എം.അക്ബർ ആരോപിച്ച വസ്തുതകളുടെ നിജസ്ഥിയെക്കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചത്. എന്നാൽ, അദ്ദേഹം മഹത്തരമെന്നു വിശേഷിപ്പിക്കുന്ന തന്റെ മതഗ്രന്ഥത്തിൽ ധാർമ്മികാധഃപതനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് കൂടി ഒന്നു പരിശോധിക്കുന്നത് ഇത്തരുണത്തിൽ ഉചിതമണ്. ധാർമ്മികത പഠിപ്പിക്കുന്നതാകണം മതഗ്രന്ഥമെന്ന തന്റെ അഭിപ്രായവുമായി ഖുർആൻ എത്രമാത്രം പൊരുത്തപ്പെടുന്നു എന്നു കൂടി നിരീക്ഷിക്കാനാവുമല്ലോ. പ്രത്യേകിച്ച്, അക്ബർ ഈ വിഷയം സംബന്ധമായി ബൈബിളിനെതിരെ ആരോപണം ഉന്നയിച്ച സ്ഥിതിക്കു അതനിവാര്യവുമാണ്.

മുസ്ലീങ്ങളുടെ വിശ്വാസമനുസരിച്ച് പ്രവാചകന്മാരാരും തെറ്റിനധീനരായിരുന്നില്ലല്ലോ. ഖുർആനിൽ പ്രവാചകന്മാരുടെ പരാജയ കഥകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മുസ്ലീങ്ങളെല്ലാം തെറ്റു ചെയ്യാത്തവരായിട്ടു തന്നെയാണോ ജീവിക്കുന്നത്? നന്മ പഠിപ്പിക്കുവാൻ മാത്രം ലക്ഷ്യം വെച്ച് അവതരിപ്പിക്കപ്പെട്ടതെന്നു വിശ്വസിക്കുന്ന വേദത്തിന്റെ അനുകൂലികളുടെ ജീവിതത്തിൽ എത്രമാത്രം തിന്മപ്രവർത്തങ്ങൾ ചെയ്യുന്നുണ്ടെന്ന വസ്തുത വാർത്താമാദ്ധ്യമങ്ങൾ വായിച്ചാൽ ഗ്രഹിക്കാവുന്നതേയുള്ളു. പ്രവാചകന്മാരെ തെറ്റുപറ്റാത്ത മാതൃകാപുരുഷന്മാരായി സങ്കല്പിച്ചിട്ടും വിശ്വാസികളിൽ ആഴത്തിലുള്ള പരിവർത്തനം വരുത്തുവാൻ കഴിയുന്നില്ല. അതുകൊണ്ട് ഖുർആൻ നന്മ പഠിപ്പിക്കുന്നു എന്ന വാദം എത്രമാത്രം ഫലപ്രദമാണെന്ന് ചിന്തിക്കുക.



ഇസ്ലാമിന്റെ ഭൂമികയിലും ഖുർആനിന്റെ പരിപ്രേക്ഷ്യത്തിലും നിന്നുകൊണ്ട് ബൈബിളിലെ ധാർമ്മികതയെ വിലയിരുത്തുന്ന സാഹചര്യത്തിൽ ധാർമ്മിക വിഷയങ്ങളിലെ ഖുർആനിന്റെ കാഴ്ചപ്പാടുകൂടി പരിശോധിച്ച ശേഷം അടുത്ത വിഷയത്തിലേക്കു കടക്കുന്നതാണല്ലോ യുക്തം.

**പെൺമക്കളെ ലക്ഷ്യമിട്ടു അമ്മയെ വിവാഹം കഴിക്കുവാൻ ഇടനല്കുന്നു.**

“നിങ്ങൾ ലൈംഗീകവേഴ്ചയിൽ ഏർപ്പെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തു പുത്രിമാരും. (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു) ഇനി നിങ്ങൾ അവരുമായി ലൈംഗീകവേഴ്ചയിലേർപ്പെട്ടിട്ടില്ലെങ്കിൽ (അവരുടെ മക്കളെ വേൾക്കുന്നതിൽ) നിങ്ങൾക്കു കുറ്റമില്ല. (ഖുർആൻ 4:23). ഈ ഖുർആൻ ആയത്തിന്റെ (വാക്യം) അടിസ്ഥാനത്തിൽ സുന്ദരിമാരായ പെൺമക്കളുള്ള അമ്മയെ വിവാഹം കഴിച്ച് അവരുമായി ലൈംഗീകബന്ധം പുലർത്താതിരുന്നിട്ട് ആ സ്ത്രീയുടെ പെൺമക്കളുമായി ലൈംഗീകബന്ധം പുലർത്തുവാൻ ദൈവത്തിന്റെ നിയമം അനുവദിക്കുന്നു. അതായത്, സുന്ദരിയായ ഒരു പെൺകുട്ടിയെ ഉന്നം വെച്ച് അമ്മയെ വിവാഹം ചെയ്ത് തന്റെ ലക്ഷ്യം നിറവേറ്റാൻ ഈ നിയമം ഉപയോഗിക്കാമെ

ന്നർത്ഥം. ഇത് വിവാഹജീവിതത്തിന്റെ പവിത്രതയെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നു നാം അറിഞ്ഞിരിക്കണം. ഇത് അധാർമ്മികതയാണ്.

വിവാഹബന്ധം വേർപെട്ടവർ വീണ്ടും ഒന്നിക്കണമെങ്കിൽ ഭാര്യയായിരുന്നവൾ മറ്റൊരാളെ വിവാഹം ചെയ്ത് ലൈംഗീക വേഴ്ചയിലേർപ്പെട്ട ശേഷം വിവാഹമോചനം നേടിയെങ്കിൽ മാത്രമേ സാദ്ധ്യമാകൂ. ഇതും നന്മയായിട്ടാണ് ഖുർആൻ വീക്ഷിക്കുന്നത്. (ഖുർആൻ 2:230).

മുസ്ലീം പുരുഷന്മാർക്ക് അടിമസ്ത്രീകളുമായും ലൈംഗീകബന്ധം അനുവദിക്കപ്പെട്ടിരിക്കുന്നു. " തങ്ങളുടെ ഭാര്യമാരുമായോ, തങ്ങളുടെ അധീനത്തിലുള്ള അടിമ സ്ത്രീകളുമായുള്ള ബന്ധം ഒഴികെ. അപ്പോൾ അവർ ആക്ഷേപാർഹരല്ല. (ഖുർആൻ 23:6). ഇതു സംബന്ധിച്ച് ഒരു മുസ്ലീം പണ്ഡിതന്റെ വിശദീകരണം കൂടെ ഇവിടെ ചേർക്കുന്നു. ''പുരുഷന്റെ ഭാര്യമാരുടെ എണ്ണം പരമാവധി നാലായിരിക്കണമെന്നാണ് ഖുർആൻ നിഷ്ക്കർഷിക്കുന്നത്. നാലുഭാര്യമാരുള്ള ഒരാളുടെ കീഴിൽ ജീവിക്കുന്ന ഒരടിമ സ്ത്രീ ഉണ്ടെന്നിരിക്കട്ടെ, അയാൾക്ക് അവളെ വിവാഹം ചെയ്യുവാൻ പറ്റുകയില്ല. അവളെ സ്വതന്ത്രയാക്കുവാൻ അയാൾ സന്നദ്ധനല്ലെങ്കിൽ പാരതന്ത്ര്യത്തിൽ നിന്നുള്ള മോചനം അവൾക്കു ഒരു സ്വപ്നമായി അവശേഷിക്കും. അവളുടെ ലൈംഗികദാഹം ശമിപ്പിക്കുവാൻ വ്യഭിചാരത്തെ സമീപിക്കുവാൻ അവൾ നിർബ്ബന്ധിതയാവും. ഉടമയുടെ കുഞ്ഞിനെ പ്രസവിക്കുക വഴി സ്വാതന്ത്ര്യത്തിലേക്ക് നടന്നു പോകുവാൻ അവൾക്കു സാധിക്കും. അവളുടെ ലൈംഗീകതക്കുള്ള പരിഹാരമാകും. (എം.എം. അക്ബർ, ഖുർആനിന്റെ മൗലീകത, ഭാഗം 1 പേജ് 200).

അടിമസ്ത്രീയുടെ ലൈംഗീകതക്കുള്ള പരിഹാരമായി അടിമയായ ഒരു പുരുഷനെക്കൊണ്ടു വിവാഹം കഴിപ്പിച്ചാൽ മതിയാകുമല്ലോ. ഉടമ സ്ത്രീയും അടിമ പുരുഷനാണെന്നും കരുതുക. അടിമയായ പുരുഷന്റെ ലൈംഗീകതക്കുള്ള പരിഹാരമായി ലൈംഗീകബന്ധം പുലർത്താൻ ഉടമയായ സ്ത്രീയെ അനുവദിക്കുന്നുണ്ടോ? ഇല്ല. അപ്പോൾ, അവസരം പോലെ സ്ത്രീകളെ തങ്ങളുടെ ഇച്ഛാനിവർത്തിക്കായി ഉപയോഗിക്കുവാൻ കൂട്ടിച്ചേർത്തതല്ലേ ഇത്തരം നിയമങ്ങൾ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ബൈബിളിന്റെ ധാർമ്മികതയെ ചോദ്യം ചെയ്യുന്നവർ ഇത്തരം അധാർമ്മികതയെ പ്രോത്സാഹിപ്പിക്കുന്ന നിരവധി വിഷയങ്ങൾ തങ്ങളുടെ വേദഗ്രന്ഥത്തിലുണ്ടെന്നുള്ളത് വിസ്മരിക്കരുത്. (തുടരും)

ദൈവജനത്തിന്റെ വിശ്വാസ സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സീക്കേഴ്സ് പാത്ത്നൊപ്പം നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇത് പ്രാധാന്യമുള്ള ഒരു ശുശ്രൂഷയാണെന്നു നിങ്ങൾ ഇതിനോടകം തിരിച്ചറിഞ്ഞിട്ടുണ്ടാവുമല്ലോ. ഞങ്ങളോടൊപ്പം സഹകരിക്കുവാനും സഹായിക്കുവാനും താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

സി.ഡി.വർഗീസ്
പി.ഒ.ബോക്സ് നമ്പർ.7,പുല്ലാട്. പി.ഒ.തിരുവല്ല.
പിൻ: 689548. ഫോ: 9447518465

കഴിഞ്ഞലക്കം തുടർച്ച..........

# ബൈബിൾ ചരിത്രവും അക്ബറിന്റെ വാദവും

സി.ഡി.വർഗീസ്

(ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ എന്ന പുസ്തകത്തിൽ ശ്രീ എം. എം. അക്ബർ, ബൈബിളിലെ ചരിത്രത്തെറ്റുകളായി ചൂണ്ടിക്കാണിച്ച വിമർശനങ്ങൾക്കുള്ള മറുപടിയാണ് ഈ ലേഖനം.)

"ഏഴു ദിവസത്തെ പ്രപഞ്ചസൃഷ്ടിയെന്ന ആശയം ഏഴിനെ വിശുദ്ധ സംഖ്യയായി ഗണിക്കപ്പെടുന്ന ബാബിലോണിയൻ പുരാണങ്ങളുടെ സ്വാധീനത്തിൽ നിന്നായിരിക്കണം. ഉല്പത്തി പുസ്തകത്തിൽ കടന്നുകൂടിയതെന്നു പണ്ഡിതന്മാർ അനുമാനിക്കുന്നു. (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 148) എന്ന് പറഞ്ഞു തന്റെ വാദത്തെ ഉറപ്പിച്ചുകൊണ്ട് ബൈബിളിന്റെ ദൈവികതയ്ക്കെതിരെ ആഞ്ഞടിക്കുവാൻ ശ്രമിക്കുകയാണ് ശ്രീ അക്ബർ. അടിവരയിട്ട ഭാഗം ശ്രദ്ധിച്ചാൽ, മേൽ വിവരച്ച കാര്യങ്ങൾ ഒരിക്കലും തെളിയിക്കാൻ പറ്റാത്ത അനുമാനങ്ങൾ മാത്രമാണെന്നു തന്നെയാണല്ലോ പറഞ്ഞിരിക്കുന്നത്. ഒരു വ്യക്തിയുടെ തോന്നലുകളിൽ നിന്നും ഉരുത്തിരിഞ്ഞ അഭിപ്രായം എന്നതിൽ കവിഞ്ഞ് എന്തു ആധികാരികതയാണ് പ്രസ്തുത പഠനങ്ങൾക്കുള്ളത്? ഇത്തരം അനുമാനങ്ങളെ പിന്തുടർന്നുകൊണ്ട് ബൈബിളിന്റെ ദൈവികതയെ ചോദ്യം ചെയ്യുന്നത് ശുദ്ധഭോഷ്ക്കല്ലാതെ മറ്റെന്താണ്? തെളിയിക്കപ്പെട്ട രേഖകളോ ചരിത്രവസ്തുതകളോ ശാസ്ത്രസത്യങ്ങളോ ഇന്നോളം ബൈബിളിനെതിരായി വന്നിട്ടില്ല. ഇനിയും തെളിയിക്കപ്പെടാൻ കഴിഞ്ഞിട്ടില്ലാത്ത അനുമാനങ്ങളുടെ ചുവടുപിടിച്ച് അക്ബറിനെപ്പോലുള്ളവരും നിരീശ്വരന്മാരും ബൈബിളിനെ കടന്നാക്രമിച്ചിട്ടുണ്ട്. ഇപ്പോഴും അത് തുടരുന്നുമുണ്ട്. പക്ഷെ എല്ലാറ്റിനെയും അതിജീവിച്ച് വിജയത്തിന്റെ വെന്നിക്കൊടി പാറിച്ച്, അസൂയാലുക്കളുടെ മനസ്സിനെ അസ്വസ്ഥപ്പെടുത്തിക്കൊണ്ട് ദൈവവചനം അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടേയിരിക്കുന്നു.

ബൈബിളിലെ സൃഷ്ടിക്രമത്തെക്കുറിച്ച് പറയുമ്പോൾ ഏഴു ദിവസത്തെ പ്രപഞ്ചസൃഷ്ടി എന്ന പ്രയോഗംതന്നെ തെറ്റാണ്. കാരണം ആറുദിവസം കൊണ്ട് പ്രപഞ്ചസൃഷ്ടികർമ്മം പൂർത്തിയായി എന്നു തന്നെയാണ് ബൈബിൾ വിശദീകരിക്കുന്നത്.

അക്ബർ തുടരുന്നതു......ഏഴാം ദിവസം ദൈവം വിശ്രമിച്ചു എന്നു വരുത്തിത്തീർത്തതിനു പിന്നിൽ, എല്ലാവരും ശാബത്താചരിക്കണമെന്നു പഠിപ്പിക്കുവാനുള്ള ശ്രമമാണ് ഉല്പത്തി പുസ്തക രചയിതാവ് നടത്തിയിട്ടുള്ളത് എന്നതാണത്രെ പണ്ഡിതമതം. 'സാധരണ ജനത്തിനു പ്രമാണങ്ങളനുസരിക്കാനുള്ള പ്രചോദനമുണ്ടാകുവാനും ഈ വിവരണം ഉപകരിക്കുമെന്നു ഇതിന്റെ രചയിതാവായ യഹൂദപുരോഹിതൻ നിശ്ചയിച്ചു എന്നിങ്ങനെ ജോസഫ് കോട്ടയ്ക്കലിന്റെ പുസ്തകത്തിലെ ഉദ്ധരണികൾ എടുത്തു നിരത്തി, തങ്ങൾക്കാവശ്യമുള്ള ഒരു കാര്യം പഠിപ്പിക്കുന്നതിനു വേണ്ടി ദൈവത്തിന്റെ പേരിൽ പോലും കള്ളം പറയാൻ യാതൊരു മടിയുമില്ലാത്ത ആളുകളായിരുന്നു ബൈബിൾ പുസ്തകങ്ങളുടെ കർത്താക്കൾ എന്നു വരുത്തി തീർക്കാൻ ശ്രമിക്കുകയാണ് ശ്രീ അക്ബർ.

എന്നാൽ ബൈബിൾ രചയിതാക്കളാണോ അതോ ജോസഫ് കോട്ടയ്ക്കലാണോ കള്ളം പറഞ്ഞതെന്നു ശ്രദ്ധിക്കേണ്ട ബാദ്ധ്യത അക്ബർ സാഹിബിനുണ്ടായിരുന്നു, ഒരു ഗ്രന്ഥത്തെ

വിമർശിക്കുവാൻ മറ്റൊരു രചനയെ ആശ്രയിക്കുമ്പോൾ അതിന്റെ കൃത്യത അന്വേഷിക്കേണ്ടതല്ലയോ? പക്ഷെ, അതുമറന്നാണദ്ദേഹം വിമർശനവുമായി ചാടിയിറങ്ങിയത്. പഞ്ചഗ്രന്ഥങ്ങളുടെ രചയിതാവ് മോശെ തന്നെയാണെന്നു യേശുക്രിസ്തു സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. അക്ബറിക്കാ അപ്രമാദിത്വം കല്പിക്കുന്ന ഖുർആൻ പോലും, തൗറാത്ത് മോശയ്ക്കു ലഭിച്ചതു തന്നെയാണെന്നു സാക്ഷ്യപ്പെടുത്തുന്നുവെന്ന കാര്യം അദ്ദേഹം സൗകര്യപൂർവ്വം മറന്നു കളഞ്ഞതിന്റെ പിന്നിലെ ദുരുദ്ദേശം വ്യക്തമല്ലോ.

'ദൈവം സർവ്വശക്തനാണെന്ന ആശയത്തിന്റെ കടയ്ക്കു കത്തിവെക്കുന്ന, സൃഷ്ടിയെന്ന ഭാരിച്ച ജോലി ചെയ്ത് ഏഴാം ദിവസം വിശ്രമിക്കേണ്ടിവന്നവനാണ് ദൈവം എന്ന ആശയം ദ്യോതിപ്പിക്കുന്ന വചനങ്ങൾ രചിക്കുവാൻ ദൈവം തന്നെ പ്രചോദനം നല്കിയെന്നു വിശ്വസിക്കുന്നത് വിരോധാഭാസമാണ്. അതുകൊണ്ടു ബൈബിൾ പരിശുദ്ധാത്മപ്രചോദിതമായിട്ടല്ലായിരുന്നു ഉല്പത്തി പുസ്കത്തിന്റെ രചന (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 149) എന്നാണ് അക്ബറിന്റെ വാദം.

ഏഴാം ദിവസം ദൈവം തന്റെ സ്രൃഷ്ടി കർമ്മത്തിൽ നിന്നും മുക്തനായി എന്നാണ് എബ്രായ കൈയെഴുത്തുകളിൽ കാണുന്നത്. ഏഴാം ദിവസത്തെ സന്ധ്യയായി, ഉഷസുമായി എന്നു പറഞ്ഞു പരിമിതപ്പെടുത്തിയിട്ടില്ല എന്നുള്ളതും പ്രത്യേകം കുറിക്കൊള്ളേണ്ടതാണ്. ആഴ്ചക്കു ഇന്നും ഏഴു ദിവസം തന്നെയാണ് നിലവിലുള്ളത്. ആറു ദിവസങ്ങളിലായി സ്രൃഷ്ടി നടത്തി. ഏഴാം ദിവസത്തെ പ്രവൃത്തിയെന്തെന്നു ബോദ്ധ്യമാകുന്നതിനു അവനു മനസ്സിലാകുന്ന ഭാഷയിൽ വ്യക്തമാക്കുവാൻ അന്നു നിലവിലുണ്ടായിരുന്ന ഭാഷാ ശൈലിയാണ് രചയിതാവ് ഉപയോഗിച്ചിട്ടുള്ളത്. ദൈവം നല്കിയ ആശയങ്ങൾക്കോ നിയമങ്ങൾക്കോ യാതൊരു കോട്ടവും തട്ടാതെ, പ്രസ്തുത കാലയളവിൽ തങ്ങളുടെ ദേശത്തു നിലനിന്നിരുന്ന ഭാഷയിലും ശൈലിയിലും അവ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. അല്ലാതെ, ദൈവം നേരിട്ടു ഇറക്കിക്കൊടുത്തതാണ് ബൈബിളെന്നു ക്രിസ്ത്യാനികൾ കരുതുന്നില്ല. അതുകൊണ്ടുതന്നെ ഭാഷാപരമായി സംഭവിക്കുന്ന ഇത്തരം സ്ഖലിതങ്ങൾ വസ്തുതയുടെ നിജസ്ഥിതി ഗ്രഹിക്കുന്നതിനു തടസ്സമായി ഭവിക്കുന്നുമില്ല.

ഏഴാം ദിവസം വിശ്രമിച്ചു എന്നൊരു വാക്യം കണ്ടതോടെ ആറു ദിവസത്തെ സ്രൃഷ്ടി കർമ്മം കൊണ്ട് ദൈവം തളർന്നു പോയിയെന്നു അക്ബറിക്കാ വിചാരിച്ചു. ശ്രീ അക്ബർ അംഗീകരിക്കുന്നില്ലെങ്കിലും ആറു ദിവസത്തെ സൃഷ്ടിയെയാണ് ഖുർആനും അംഗീകരിച്ചിട്ടുള്ളത്. ആറു ദിവസത്തെ സൃഷ്ടിയെ അംഗീകരിച്ചാൽ ഏഴാം ദിവസം അള്ളാഹുവും വിശ്രമിച്ചുവെന്നു പറയേണ്ടി വരുമെന്നു ഭയന്നിട്ടാവാം പരിണാമത്തെ അനുകൂലിക്കുന്ന നിലപാടിലേക്കു അദ്ദേഹം ചുവടുമാറ്റി ചവിട്ടിയത്. പരിണാമവാദമാകട്ടെ, ശാസ്ത്രീയ നിഗമനങ്ങളിൽ അടിസ്ഥാനപ്പെട്ടതാണെന്നല്ലാതെ, ഇന്നുവരെ തെളിയിക്കപ്പെട്ട ശാസ്ത്ര സത്യത്തിന്റെ പരിധിയിൽ വരുന്നതല്ലതാനും. കടലിലെ ജീവികൾ, പറവജാലങ്ങൾ, കരയിലെ ജീവികൾ, ഒടുവിൽ മനുഷ്യൻ എന്നീ ക്രമത്തിലാണു ദൈവസൃഷ്ടി രേഖപ്പെടുത്തിയിരിക്കുന്നത്. പരിണാമവാദിയുടെ നിഗമനത്തിനു മുഖാന്തരമെന്നത്, ബൈബിളിലെ സൃഷ്ടിക്രമത്തിന്റെ അടിസ്ഥാനത്തിന്മേൽ, കാലത്തിന്റെ വിടവു ചെലുത്തി സൃഷ്ടിച്ചെടുത്തതാണ്. ഇവിടെ, ആറു ദിവസത്തെ സൃഷ്ടിയെ അനുകൂലിച്ചുകൊണ്ട് ഖുർആനിൽ അല്ലാഹു നേരിട്ടു പറഞ്ഞതാണോ അതോ, പരിണാമവാദത്തെ അനുകൂലിച്ചുകൊണ്ടു എം.എം അക്ബർ പറയുന്നതാണോ അംഗീകരിക്കേണ്ടതെന്ന സംശയം സാധാരണ വ്യക്തികൾക്കുണ്ടായാൽ അവരെ കുറ്റപ്പെടുത്താനാവുമോ? അല്ലാഹുവേക്കാൾ വലിയ ജ്ഞാനിയായി ഭാവിക്കുകയാണ് അദ്ദേഹം.

## പഴയ നിയമ കഥകളുടെ ചരിത്ര പരത

"ബൈബിളിൽ വിവരിക്കപ്പെടുന്ന ചരിത്ര

കഥകൾ അവ നല്കുന്ന സന്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെടേണ്ടതെന്നാണ് പണ്ഡിതന്മാരിൽ നല്ലൊരു വിഭാഗത്തിന്റെ അഭിപ്രായം. ചരിത്രകഥനത്തിന്റെ വിശദാംശങ്ങൾ ചിലപ്പോൾ തെറ്റായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടാവാം എന്ന വസ്തുത അവർ അംഗീകരിക്കുന്നു". (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 149)

തെറ്റായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടാവാം എന്ന പ്രയോഗം തന്നെ നിശ്ചയമില്ലായ്മയെയാണ് വെളിപ്പെടുത്തുന്നത്. തെറ്റായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നു തിട്ടമായി പറയാൻ കഴിയാത്തിടത്തോളം (തെറ്റായി പ്രതിപാദിക്കപ്പെട്ടു എന്നു തെളിയിക്കാൻ കഴിയുന്ന ആധികാരിക രേഖകൾ ഇല്ലാത്തിടത്തോളം കാലം) ബൈബിളിലെ ചരിത്ര കഥനം ചോദ്യം ചെയ്യാൻ കഴിയാത്ത സത്യമായി നിലകൊള്ളുന്നു എന്നതാണ് ശരി. അല്ലാത്തപക്ഷം, തെളിവുകളുടെ അടിസ്ഥാനത്തിൽ അവയെ ഖണ്ഡിക്കുകയാണ് വേണ്ടത്. ഊഹങ്ങളുടെ അടിസ്ഥാനത്തിൽ ഖണ്ഡിക്കാനാണെങ്കിൽ ഇന്നു നിലവിലുള്ള ഏതു കൃതിയുടെയും സത്യസന്ധതയെ നിഷ്ക്കരുണം ഭേദിക്കാനാവും. ശ്രീ അക്ബർ ബൈബിളിലെ ചരിത്ര വസ്തുതകളുടെ ആധികാരികതയ്ക്കെതിരെ നിരത്തുന്ന എല്ലാ ഉദ്ധരണികളും, തെളിവുകളില്ലാതെ അനുമാനങ്ങൾ കൊണ്ടു മാത്രം വികൃതമാക്കപ്പെട്ട രചനകളിൽ നിന്നുമാണ്. പകരം തെളിയിക്കപ്പെട്ട രേഖകൾ നിരത്തി ബൈബിളിലെ ചരിത്രാബദ്ധങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് വേണ്ടിയിരുന്നത്. അതിനദ്ദേഹത്തിനു കഴിയുമെങ്കിൽ അതു സ്വാഗതം ചെയ്യാൻ ഞങ്ങൾ തയ്യാറാണ്.

"ചരിത്ര പഠനങ്ങളുടെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അഭിവീക്ഷിക്കുമ്പോൾ തെറ്റാണെന്നു മനസ്സിലാവുന്ന ബൈബിൾ പരാമർശങ്ങൾ ദൈവനിവേശമെന്ന ആശയത്തിനു മുമ്പിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണന്നാണ്". (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 150).

നിഗമനങ്ങളല്ലാതെ ബൈബിളിലെ ചരിത്രവിശകലനങ്ങൾ തെറ്റാണെന്നു തെളിയിക്കുന്ന ഒരു രേഖയും അദ്ദേഹം ഉദ്ധരിക്കുന്നില്ല എന്നതു കുറിക്കൊള്ളേണ്ടതാണ്. തന്മൂലം അനുമാനങ്ങളാണ് ചരിത്രപഠനത്തിന്റെ മാനദണ്ഡം എന്നു അക്ബറിക്കാ ധരിച്ചുവശായിട്ടുണ്ട് എന്നു വേണം ധരിക്കാൻ "ആധുനിക ശാസ്ത്രത്തിന്റെയും ചരിത്രപഠനങ്ങളുടെയും മറ്റും കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ബൈബിളിലെ ചില പ്രസ്താവനകൾതെറ്റയി തോന്നിയേക്കാം. ഡോ. മൈക്കിൾ കാരിമറ്റത്തിന്റെ പുസ്തകത്തിൽ നിന്നും എം. എം അക്ബർ ഉദ്ധരിക്കുന്ന വാക്യമാണിത്.

കാരിമറ്റം എഴുതുന്നത്, തെറ്റായി തോന്നിയേക്കാം എന്നാണ്. തെറ്റാണെന്നു ബോദ്ധ്യമാവുന്നു എന്നല്ല. തന്റെ ബുദ്ധിയിൽ ഉൾക്കൊള്ളാൻ കഴിയാത്ത കാര്യങ്ങളെ സംശയത്തോടെ വീക്ഷിക്കുകയാണ് കാരിമറ്റം ചെയ്യുന്നത്. തന്റെ നിരീക്ഷണപരീക്ഷണങ്ങളിലൂടെ അദ്ദേഹത്തിനു ബോധ്യമായ കാര്യമല്ല മറിച്ച്, താൻ ഊഹിക്കുന്ന കാര്യമാണ് എഴുതിയതെന്നു പ്രസ്തുത വാക്യം വായിച്ചാൽ ബോദ്ധ്യമാവും. പഴയനിയമ പുസ്തകത്തിലെ വിവരണങ്ങൾ ചരിത്രപരമായി സത്യമാണെന്നു തെളിയിക്കുന്നതിനു മതിയായ നിരവധി തെളിവുകൾ ഉത്ഖനനത്തിലൂടെ പുറത്തു കൊണ്ടുവന്നിട്ടുണ്ട്. ബൈബിളിൽ പരാമർശിക്കപ്പെട്ട സ്ഥലനാമങ്ങളും രാജാക്കന്മാരും രാജവംശങ്ങളും അവരുടെ ചരിത്രങ്ങളും ഒക്കെ സത്യസന്ധമാണെന്നു ഗവേഷണപടുക്കൾ തങ്ങളുടെ അന്വേഷണ ഫലമായി കണ്ടെത്തുകയും അവയെ അംഗീകരിക്കുകയും ചെയ്തിട്ടുള്ളവയാണ്. ബൈബിളിനു പുറത്ത് ഇവ ചരിത്ര സത്യങ്ങളായി അംഗീകരിച്ചിരിക്കുന്നവയുമാണ്.

## യോനയുടെ കഥ

അക്ബർ പറയുന്നു:"വിശദീകരണത്തിനു വഴങ്ങാത്ത ബൈബിൾ വിവരണങ്ങൾ ദൃഷ്ടാന്ത കഥകളാണെന്ന വിശദീകരണത്തിൽ അഭയം തേടുകയാണ് ബൈബിൾ പണ്ഡിതന്മാർ ചെയ്യുന്നത്. റെയ്മണ്ട്– ഇ–ബ്രൗൺ എഴുതുന്നു:'ദൈവനിവേശിതമായതെല്ലാം ചരിത്രമാണെന്നാണ് പലരുടെയും ധാരണ. അതുശരിയല്ല. കവിത, നാടകം, ഐതിഹ്യം, കഥ എന്നിവയൊക്കെ ദൈവനിവേശിതമാവാം. യോനയുടെ പുസ്തകം ചരി

ത്രമല്ല. ഒരു ഉപമ കഥയാണെന്നു സൂചിപ്പിച്ചുവല്ലോ... യോനയെന്നു പറയുന്ന ഒരു യഥാർത്ഥ വ്യക്തിയെ വലിയൊരു മത്സ്യം വിഴുങ്ങിയെന്നു വിശ്വസിക്കാൻ നാം ബാധ്യസ്ഥരാണെന്നും ദൈവനിവേശനം അർത്ഥമാക്കുന്നില്ല. യോനയുടെ പുസ്തകം ഒരു ചരിത്ര ഗ്രന്ഥമാണെങ്കിൽ മാത്രമേ അതിൽ പ്രതിപാദിച്ചിട്ടുള്ള സംഭവം ചരിത്രവസ്തുതയാണോയെന്ന ചോദ്യം ഉദിക്കുകയുള്ളൂ.'' (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 150, 151)

ബൈബിളിന്റെ ദൈവനിശ്വാസിയതയെ ചോദ്യം ചെയ്യുന്നതിനാണ് മേലുദ്ധരിച്ച ഭാഗം അക്ബർ തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയതെങ്കിലും തുടർന്നു ഈ പ്രസ്താവനയെ ചോദ്യം ചെയ്യുകയാണ് അക്ബർ ചെയ്തിരിക്കുന്നത് എന്നതാണ് രസകരം.

"ബൈബിളിലൊരിടത്തും ഇന്ന കഥകൾ ചരിത്രമാണെന്നോ ഇന്ന കഥകൾ ഉപമകളാണെന്നോ പറഞ്ഞിട്ടില്ല. നടന്ന സംഭവങ്ങൾ എന്ന നിലയ്ക്കു തന്നെയാണ് ബൈബിളിലെ മുഴുവൻ കഥകളും വിവരിക്കപ്പെടുന്നത്. 'യോനായുടെ പുസ്തകത്തിലെ യോനപ്രവാചകന്റെ കഥയിലൊരിടത്തും അതൊരു ഉപമയാണെന്നു സൂചിപ്പിച്ചിട്ടില്ല. യേശുക്രിസ്തുവടക്കം യോനായുടെ കഥ സംഭവിച്ചതു തന്നെയാണെന്നായിരുന്നു വിശ്വസിച്ചിരുന്നതെന്നാണ് പുതിയനിയമത്തിലെ ചില പ്രസ്താവനകളിൽ നിന്നു മനസ്സിലാവുന്നത്. (മത്തായി 12:39,40). വിമർശനാത്മക ബൈബിൾ പഠന രീതി ആരംഭിക്കുന്നതിനു മുമ്പ് മുഴുവൻ ക്രിസ്ത്യാനികളും മനസ്സിലാക്കിയിരുന്നത് യോനയുടെ കഥയടക്കം ബൈബിളിൽ വിവരിക്കപ്പെട്ടിരിക്കുന്ന സകല വിവരങ്ങളും സത്യസന്ധവും ചരിത്രപരവുമാണെന്നായിരുന്നു. അതിൽ നിന്നു വ്യത്യസ്തമായി ചില ബൈബിൾ കഥകൾ ഉപമാകഥകൾ മാത്രമാണെന്നു പറയുമ്പോൾ അതിനുള്ള കാരണം വ്യക്തമാക്കേണ്ടതുണ്ട്. (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 151)

അക്ബർ ഒരിക്കലും റെയ്മണ്ട്-ഇ-ബ്രൗണിന്റെ ചിന്തകളോട് സമരസപ്പെടുന്നില്ല എന്നാണല്ലോ ഇതിൽ നിന്നും നമുക്ക് ബോദ്ധ്യമാവുന്നത്. കാരണം, ഉപമാകഥകളാണെന്നു റെയ്മണ്ട്-ഇ-ബ്രൗൺ പറയുമ്പോൾ അതിനുള്ള കാരണം അദ്ദേഹം വ്യക്തമാക്കുന്നില്ല എന്നതു തന്നെ. ക്രിസ്തു അംഗീകരിച്ച ഒരു ചരിത്ര വസ്തുതയെ അംഗീകരിക്കാൻ കഴിയാത്ത ഒരാൾ ഒരിക്കലും ക്രിസ്തുവിന്റെ അനുകാരി ആയിരിക്കില്ല മറിച്ച്, പാഷണ്ഡോപദേശകനായിരിക്കുമെന്നത് ഉറപ്പല്ലോ. അങ്ങനെയുള്ളവർ എങ്ങനെയാണ് ക്രൈസ്തവ പണ്ഡിതരാകുന്നത്? താൻ പറയുന്ന വസ്തുതയ്ക്കു തെളിവുനിരത്താൻ കഴിയാത്ത ഒരു പാഷണ്ഡോപദേശിയുടെ പുസ്തകം തന്റെ വാദഗതികൾക്കു ഉപോത്ബലകമായി അവതരിപ്പിച്ച അക്ബറോടു സഹതാപമാണ് തോന്നുന്നത്. ഇവിടെ വൈരുദ്ധ്യാധിഷ്ഠിതമാണ് അഭിപ്രായപ്രകടനം. കാരണം, ക്രൈസ്തവ പണ്ഡിതരെന്നു പറഞ്ഞു അക്ബർ അവതരിപ്പിച്ചവർ തന്നെ മതിയായ കാരണങ്ങൾ നിരത്താതെയാണ് ബൈബിളിന്റെ ദൈവനിവേശനത്തെ ചോദ്യം ചെയ്യുന്നത് എന്നു അദ്ദേഹം തന്നെ സമ്മതിക്കുന്നു എന്നുള്ളതാണ്.

നിനവെ, തർശീശ്, യോപ്പാ മുതലായവ യഥാർത്ഥ സ്ഥലനാമങ്ങളാണ്. ബി.സി 793 മുതൽ 753 വരെ യിസ്രായേൽ രാജ്യം ഭരിച്ചിരുന്ന ഏറ്റവും പ്രബലനായ രാജാവായ യെരോബയാം രണ്ടാമന്റെ സമകാലികനായിരുന്നു യോനാ എന്നു ചരിത്രം സാക്ഷിക്കുന്നു. അതുകൊണ്ടു തന്നെ, യോനായുടെ പുസ്തകം ഒരു ഉപമാകഥയല്ല; പ്രത്യുത ചരിത്ര ഗ്രന്ഥമാണ്. യേശുക്രിസ്തുവും അത് ചരിത്ര ഗ്രന്ഥമായി തന്നെയാണ് പരിചയപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അക്ബറാകട്ടെ, യോനയുടെ പുസ്തകം ചരിത്രമല്ലെന്നുള്ളതിനു തെളിവുകൾ ഹാജരാക്കിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്. യെരോബയാം രണ്ടാമൻ ചരിത്ര യാഥാർത്ഥ്യമായിരിക്കെ, നിനവെയും മറ്റും യഥാർത്ഥ സ്ഥലനാമങ്ങളായി നിലനില്ക്കെ, യോനാ ജീവിച്ചിരുന്ന വ്യക്തിയാണെന്നു അംഗീകരിക്കപ്പെട്ടിരിക്കെ യോനയുടെ പുസ്തകം ഉപമാ കഥയല്ലെന്നതു സ്ഥാപിക്കപ്പെടുന്നു.

യോനയെ വിഴുങ്ങിയ 'മഹാമത്സ്യം' വെയിൽഷാർക്ക് എന്നതരം തിമിംഗലമാണെന്നു

കരുതുന്നു. വെയിൽഷാർക്കുകൾക്കു 20 മീറ്റർ നീളവും 700 കിലോ തൂക്കവും ഉണ്ടാവുക സാധാരണമാണ്. അവയുടെ ദഹനേന്ദ്രീയം ഒരു പ്രത്യേക തരത്തിലുള്ളതാണ്. അതിന്റെ ആമാശയത്തിനു യോനായെപ്പോലെ രണ്ടു പേരെ ഉൾക്കൊള്ളാനുള്ള വിസ്തൃതിയുണ്ട്. ആവശ്യാനുസരണം വികസിപ്പിക്കാവുന്ന തരത്തിലുള്ളതാണ് അതിന്റെ ആമാശയം. തങ്ങൾക്കു ഇഷ്ടപ്പെടാത്ത ഇരകളെ ആമാശയത്തിനു പുറത്തേക്കു തള്ളിക്കളയുവാനുള്ള സംവിധാനമുണ്ടെന്നതാണ് അതിന്റെ പ്രത്യേകത. ആമാശയത്തിന്റെ ഉൾഭാഗം വായിൽക്കൂടി വെളിയിലേക്കു തള്ളി അവയ്ക്കിഷ്ടപ്പെടാത്തവയെ വയറ്റിൽ നിന്നും പുറത്തു തള്ളിക്കളഞ്ഞ് ആമാശയത്തെ ഉള്ളിലേക്കു വലിച്ചു പൂർവ്വസ്ഥിതിയിലാക്കുവാൻ ഇവയ്ക്കു കഴിവുണ്ട്. ഈ പ്രക്രീയയിലൂടെയാണ് യോനായെ മത്സ്യം ഛർദ്ദിച്ചത്.

## യേശു കഥയുടെ ചരിത്രപരത

"യേശുവിനെക്കുറിച്ച് സത്യസന്ധമായ വിവരങ്ങൾ ലഭിക്കുവാൻ സുവിശേഷങ്ങളെ മാത്രം ആശ്രയിച്ചിട്ടു ഫലമില്ല. അവയിലെ വിവരങ്ങൾ സത്യവും അസത്യവും കൂടിക്കലർന്ന നിലയിലാണുള്ളത്. തങ്ങളുടെ ഭാവനകൾക്കനുസൃതമായി സുവിശേഷകനും യേശുകഥമെനഞ്ഞെടുക്കുകയാണു ചെയ്തിരിക്കുന്നത്. അവയിൽ നിന്നു സത്യം ചികഞ്ഞെടുക്കുക അതീവ ദുഷ്ക്കരമാണ്. (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 159, 160)

ക്രിസ്തു മാർഗവും യഹൂദമതവും ചാരിത്രക മതങ്ങൾ എന്നാണറിയപ്പെടുന്നത്. കാരണം, ദൈവം ചരിത്രത്തിൽ തന്നെത്താൻ വെളിപ്പെടുത്തിയിരിക്കുന്നു എന്നതുതന്നെ. സുവിശേഷങ്ങളിലെ യേശു ചരിത്രത്തിനു പുറമേ, നിരവധി സാക്ഷ്യങ്ങൾ യേശുവിന്റെ ചരിത്രത്തിനു പിൻതുണ നൽകുന്നുണ്ട്. ഫ്ളാവിയസ് ജോസീഫസിനെ കൂടാതെ കൊർന്നേലിയൂസ് ടാസിറ്റസ്(55–117), യംഗർ പ്ലീനി (62–133), മിനുസ്യാസ് ഫുണ്ടാനസ്, ഗായൂസ് സ്യൂട്ടോണിയസ് (69–140), സാമാസാട്ടോയിലെ ലൂഷ്യൻ (125–190) എന്നിവർ തങ്ങളുടെ കൃതികളിൽ യേശുക്രിസ്തുവിന്റെ ചരിത്രത്തെ സാക്ഷിക്കുന്നു. യേശുക്രിസ്തുവിന്റ ഐഹികകാലത്തു തന്നോടൊപ്പം നടന്നവർ കേട്ടതും സ്വന്തം കണ്ണു കൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ നേർരേഖകളെ തള്ളിക്കള്ളയുന്നതിലെ യുക്തി ഒരു ചരിത്രകാരനും അംഗീകരിക്കാവുന്നതല്ല. ഈ തെളിവുകളെ അവഗണിക്കത്തക്കവിധം അതിനെതിരെ നിലനില്ക്കുന്ന യാതൊരു തെളിവുകളും (അനുമാനങ്ങൾ തെളിവാകുന്നില്ല) ഇന്നോളം ആരും നിരത്തിയിട്ടുമില്ല. മാത്രമല്ല, അല്പമാത്രമാണെങ്കിൽ പോലും ബൈബിളിനു പുറമെ നിന്നുള്ള കണ്ടെത്തലുകൾ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ബൈബിളിലെ പ്രസ്താവനകളോടു പൊരുത്തപ്പെടുന്നവയുമാണ്.

ശ്രീ എം എം അക്ബർ അള്ളാഹുവിന്റെ അരുളപ്പാടായി വിശ്വസിച്ചു കൊണ്ടു നടക്കുന്ന ഖുർആൻ യേശുക്രിസ്തു ചരിത്ര പുരുഷനാണെന്നു തന്നെയല്ലേ ചൂണ്ടിക്കാട്ടുന്നത്. ഇവിടെ യേശുക്രിസ്തുവിന്റെ ചരിത്രത്തെ ചോദ്യം ചെയ്യുന്ന അക്ബർ, ഒരു തെറ്റും ആരോപിക്കുവാൻ കഴിയാത്ത വിശുദ്ധ ഗ്രന്ഥമെന്നു താൻ വിശ്വസിക്കുന്ന ഖുർആന്റെ സത്യതയെ തന്നെയല്ലേ ചോദ്യം ചെയ്യുന്നത്? ഇവിടെയും അക്ബറിനു മുമ്പിൽ ഖുർആൻ ചെറുതാവുകയല്ലേ എന്ന സംശയം ബലപ്പെടുന്നു. ബൈബിളിനെ വിമർശിക്കുമ്പോൾ ഖുർആൻ അംഗീകരിക്കുന്ന വസ്തുതയെങ്കിലും പരാമർശ വിധേയമാകാതെ ശ്രദ്ധിക്കാനുള്ള ബാധ്യത തനിക്കുണ്ടായിരുന്നുവെന്നു അക്ബറിക്ക ഓർക്കേണ്ടതായിരുന്നു. മൂട് മറക്കുന്നവൻ മറ്റുള്ളതിനെ അവഗണിക്കുന്നതിനെക്കുറിച്ച് എന്തു പറയാൻ?

ബൈബിളിന്റെ ദൈവനിശ്വാസിയതയെ ചോദ്യം ചെയ്യുന്ന അക്ബർ പക്ഷെ, ഖുർആനിൽ ഒരബദ്ധം ചൂണ്ടിക്കാണിച്ചാൽ അത് അങ്ങനെയല്ല മറിച്ച്, ഞാൻ പറയുന്നതാണ് ശരിയെന്ന് സമർത്ഥിക്കുവാൻ പ്രയോഗിക്കുന്ന തന്ത്രം കാണേണ്ടതുതന്നെ. ഒരു ഉദാഹരണം നോക്കുക.

ദുൽഖർനൈൻ ഒരു സൂര്യാസ്തമയവും ഒരു സൂര്യോദയവും കാണുന്നതിനെപ്പറ്റി ഖുർആൻ പറയുന്നതും അതിന് അക്ബർ സാഹിബിന്റെ വിശദീകരണവും ശ്രദ്ധിക്കുക.

"അങ്ങനെ അദ്ദേഹം (ദുൽഖർനൈനി) സൂര്യാസ്തമയ സ്ഥാനത്തെത്തിയപ്പോൾ അത് ചെളിവെള്ളമുള്ള ഒരു ജലാശയത്തിൽ മറഞ്ഞു പോകുന്നതായി അദ്ദേഹം കണ്ടു. അതിനടുത്ത് ഒരു ജനവിഭാഗത്തെയും അദ്ദേഹം കണ്ടെത്തി. (അദ്ദേഹത്തോട്) നാം പറഞ്ഞു: 'ഹേ, ദുൽഖർനൈൻ, ഒന്നുകിൽ നിനക്കിവരെ ശിക്ഷിക്കാം. അല്ലെങ്കിൽ നിനക്ക് അവരിൽ നന്മയുണ്ടാക്കാം. (ഖുർആൻ 18:86)

"അങ്ങനെ അദ്ദേഹം സൂര്യോദയ സ്ഥാനത്തെത്തിയപ്പോൾ അത് ഒരു ജനതയുടെ മേൽ ഉദിച്ചുയരുന്നതായി അദ്ദേഹം കണ്ടെത്തി. അതിന്റെ (സൂര്യന്റെ) മുമ്പിൽ അവർക്ക് യാതൊരു മറയും ഉണ്ടാക്കി കൊടുത്തില്ല. (ഖുർആൻ 18:90).

ഇവിടെ സൂര്യാസ്തമയത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നിടത്ത്, ചെളിവെള്ളമുള്ള ജലാശയത്തിൽ സൂര്യൻ മറയുന്നതായി ദുൽഖർനൈനിക്ക് തോന്നിയതാണെന്നാണ് അക്ബർ സാഹിബ് അവകാശപ്പെടുന്നത്. മുസ്ലീം വ്യാഖ്യാതാക്കളുടെ അഭിപ്രായവും അതുതന്നെ. ദുൽഖർനൈനി താൻ അപ്രകാരം ഒരു കാഴ്ചകണ്ടതായി പറഞ്ഞതായിരുന്നുവെങ്കിൽ ഒരു പക്ഷെ, നമുക്കത് വിശ്വസിക്കാമായിരുന്നു. കാരണം, അത്തരം അനുഭവങ്ങൾ മനുഷ്യ സഹജമാണ്. എന്നാൽ ഇവിടെ ഇക്കാര്യം സൂചിപ്പിക്കുന്നത് അല്ലാഹുവാണ്. അത് ദുൽഖർനൈനിക്കുണ്ടായ തോന്നലാണെന്ന് അല്ലാഹുവിന് അറിയില്ലായിരുന്നോ? ദുൽഖർനൈനിക്ക് തോന്നിയെന്നു അല്ല ദുൽഖർനൈനി കണ്ടു എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത് അല്ലാഹു കണ്ടു എന്നുപറഞ്ഞാൽ അതിനർത്ഥം കണ്ടു എന്നു തന്നെയാണ്. അല്ലാത്തപക്ഷം ദുൽഖർനൈനിക്ക് തോന്നിയെന്ന് തന്നെ പറയുമായിരുന്നു.

ഇക്കാര്യത്തിൽ മുഹമ്മദ് നബിയെ കുറ്റപ്പെടുത്താനാവില്ല. കാരണം, സ്വർഗ്ഗത്തിൽ അല്ലാഹുവിന്റെ പക്കൽ സൂക്ഷിച്ചിരിക്കുന്നതിന്റെ ഒരു കോപ്പി തനിക്ക് ഇറക്കികൊടുത്തത് താൻ മറ്റുള്ളവരോട് പറഞ്ഞുകൊടുത്തുവെന്നല്ലാതെ ഇത്തരം കാര്യങ്ങളുടെ ഒരുത്തരവാദിത്തവും അദ്ദേഹത്തിനില്ലല്ലോ. എന്നാൽ, മേൽകൊടുത്തിരിക്കുന്ന രണ്ടു വാക്യങ്ങളിലായി കണ്ടു, കണ്ടെത്തി, കണ്ടെത്തി എന്നിങ്ങനെ മൂന്ന് വാക്കുകൾ അല്ലാഹുവിന്റേതായി കൊടുത്തിട്ടുണ്ട്. ഈ സന്ദർഭങ്ങളിലെല്ലാം തോന്നിയെന്ന് തന്നെയല്ലല്ലോ അർത്ഥമാക്കിയിട്ടുള്ളത്? അതോ ദുൽഖർനൈനി കണ്ടതിൽ ചില കാര്യങ്ങൾ തോന്നലും ചില കാര്യങ്ങൾ യാഥാർത്ഥ്യവുമെന്ന് വിശ്വസിച്ചു കൊള്ളണമെന്നാണോ? ഖുർആൻ സത്യമാണെന്ന് അംഗീകരിപ്പിക്കുവാൻ എത്ര വളഞ്ഞ വ്യാഖ്യാനവും സ്വീകരിക്കാൻ കാണിക്കുന്ന ഈ പ്രവണത ലജ്ജാകരമാണ്.

86–ാം വാക്യത്തിൽ തന്നെ സൂര്യൻ ചെളിവെള്ളത്തിൽ മറയുന്നത് കണ്ടതിനടുത്തായി ഒരു ജനവിഭാഗത്തെ കണ്ടതായി പറയുന്നതും തോന്നലാണെങ്കിൽ ഇല്ലാത്ത ആ ജനത്തെക്കുറിച്ച് തോന്നലിന്റെ അടിസ്ഥാനത്തിൽ അല്ലാഹു അരുളിച്ചെയ്തത് ബുദ്ധിശൂന്യതയല്ലയോ? ഇല്ലാത്തവരെ എങ്ങനെയാണ് ശിക്ഷിക്കുന്നത്? അല്ലെങ്കിൽ ഇല്ലാത്ത അവരിൽ എങ്ങനെയാണ് നന്മയുണ്ടാക്കുന്നത്? ഖുർആനിൽ അല്ലാഹു ഇറക്കിക്കൊടുത്തതല്ലാതെ ഒന്നും ഇല്ലെന്ന് സ്ഥാപിക്കാനായുള്ള അമിതാവേശത്തിൽ മറ്റുള്ളവരിൽ നിന്നും രക്ഷപ്പെട്ടു നില്ക്കാനുള്ള കുറുക്കു വഴികളാണിതെല്ലാമെന്ന് ആർക്കാണറിഞ്ഞു കൂടാത്തത്? ഇതു പോലുള്ള അനേകം തന്ത്രങ്ങൾ നമുക്ക് കാണാൻ കഴിയും.

സത്യസന്ധമല്ലാത്ത ഇത്തരം പ്രസ്താവനകൾ കൊണ്ട് ബൈബിളിന്റെ നിസ്തുല്യതയെ നിഷേധിക്കുകയും ഖുർആൻ കിടയറ്റതാണെന്നു സ്ഥാപിക്കുകയും ചെയ്യുന്നതിലെ യുക്തിരാഹിത്യം മുസ്ലീം ജനതയും ക്രിസ്ത്യാനികളും ഗ്രഹിക്കണമെന്നും സത്യം തിരിച്ചറിഞ്ഞ് നേർവഴിയെ ദൈവസന്നിധിയിൽ എത്തണമെന്നും ഉള്ള സദുദ്ദേശ്യമാണ് ഈ രചനയ്ക്കു പിന്നിലുള്ളത്.

മാന്യ വായനക്കാർ സത്യം ഗ്രഹിക്കണമെന്നും വക്രത തിരിച്ചറിയണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനായി സർവ്വകൃപാലുവായ ദൈവം നിങ്ങളെ സജ്ജരാക്കുകയും നിങ്ങളെ അനുഗ്രഹിക്കുകയും ചെയ്യട്ടെയെന്ന പ്രാർത്ഥനയോ ടെ സഹൃദയ സമക്ഷം ഞങ്ങൾ സമർപ്പിക്കുന്നു.

# നേതൃത്വത്തിന്റെ രസതന്ത്രം.

ലിയോ ജോണി പുല്പള്ളി.

ജീവിതത്തിൽ വിജയിക്കണമെന്നും, ഉയരങ്ങളിൽ എത്തണമെന്നും, സമൂഹത്തിന്റെ അംഗീകാരവും ആദരവും ലഭിക്കണമെന്നും ആഗ്രഹമില്ലാത്തവരായി ആരാണുള്ളത്? ഇത്തരത്തിൽ ആഗ്രഹിക്കുമ്പോൾ വ്യക്തമായ നല്ല ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിൽ വരുത്താനും, നേതൃത്വത്തിൽ എത്തുവാനും കുറേ കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. നേതൃത്വ ഗുണങ്ങളെക്കുറിച്ച് ഇതിഹാസങ്ങളിലും മഹത് ഗ്രന്ഥങ്ങളിലും പ്രശസ്ത മാനേജ്മെന്റ് കൃതികളിലും വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. നേതൃത്വം എന്നു പറയുന്നത് ഒരു സ്ഥാനമല്ല പ്രവൃത്തിയാണെന്നും ഇത്, അധികാരം പ്രയോഗിക്കലല്ല ഉത്തരവാദിത്തമാണെന്നും അറിഞ്ഞിരിക്കണം. അവശ്യ സാഹചര്യങ്ങളിൽ നിന്നാണ് ഒരു നേതാവ് രൂപപ്പെടുന്നത്. സമൂഹത്തിന്റെ ആവശ്യം സ്വന്തം ഉത്തരവാദിത്തമായി ഏറ്റെടുക്കാൻ മനസ്സു കാണിക്കുകയും അതിനുവേണ്ടി പ്രവർത്തനം നടത്തുകയും ഫലം കാണാൻ കൂട്ടായി പരിശ്രമിക്കുകയും ചെയ്യുമ്പോഴാണ് ഒരു വ്യക്തി യഥാർത്ഥ നേതാവായി ഉരുത്തിരിയുന്നത്. ചിലർ നേതാവായി ജനിക്കുന്നു. ചിലരിൽ നേതൃത്വം അടിച്ചേല്പിക്കുന്നു. എന്നാൽ, ഭൂരിപക്ഷവും നേതൃത്വം ആർജ്ജിച്ചെടുക്കുന്നവരാണ്. ഇവിടെയാണ് യഥാർത്ഥ നേതാവിന്റെ പ്രസക്തി.

**നേതാക്കളെ പ്രധാനമായും നാലായി തിരിക്കാം.**

**1** ജനാധിപത്യ നേതാവ് (Democratic Leader). **2** ഏകാധിപത്യ നേതാവ് (Autocratic Leader) **3** ഇടപെടാതിരിക്കൽ നയ നേതാവ് (Laissezfair Leader). **4** അവസരോചിത നേതാവ് (Situational Leader).

സമയോചിത ഇടപെടലുകൾ നടത്തി സാഹചര്യങ്ങൾക്കടിപ്പെടാതെയും സമ്മർദ്ദങ്ങൾക്കു വഴങ്ങാതെയും പ്രവർത്തിക്കുമ്പോഴാണ് നിസ്വാർത്ഥനായ ഒരു നേതാവ് ജനിക്കുന്നത്. അവസരോചിതമായി ഇടപെട്ട് കാര്യത്തെ ഗൗരവമായി കണ്ട് പരിഹാരം കാണാൻ ശ്രമിക്കുന്ന വ്യക്തി, അയാൾ അറിയാതെ തന്നെ കൂട്ടത്തിൽ നേതൃസ്ഥാനത്തേക്കു വരികയും അംഗീകാരം നേടുകയും ചെയ്യും. ഇത് ലളിതമായ കാര്യമല്ല. കാരണം, നിരന്തരമായ നിരീക്ഷണങ്ങളും കൂട്ടായ യത്നവും അവയുടെ തുടർപ്രവർത്തനങ്ങളും വളരെ ഗൗരവത്തോടും ആത്മാർത്ഥതയോടും പൂർത്തീകരിക്കാൻ കഴിഞ്ഞാൽ മാത്രമേ ഒരാൾക്കു വളരാൻ കഴിയുകയുള്ളു.

നേതൃത്വത്തിൽ എത്തുന്നതിനു നിരക്ഷരതയോ, ദാരിദ്ര്യമോ, വ്യക്തി ബന്ധങ്ങളോ, ശാരീരിക വൈകല്യങ്ങളോ ഒരു തരത്തിലും അയോഗ്യതയായി ഗണിക്കാനാവില്ല. ഇതിനു ഒരുപാട് ഉദാഹരണങ്ങൾ നമുക്കു മുമ്പിലുണ്ട്. ലോകം അംഗീകരിച്ച പ്രശസ്തരായ നേതാക്കൾ മുതൽ പ്രാദേശിക നേതാക്കൾ വരെയുള്ളവരിൽ പലരും ഉയർന്ന വിദ്യാഭ്യാസമോ, സമ്പത്തോ, പ്രശസ്തമായ കുടുംബ പശ്ചാത്തലമോ ഉള്ളവരായിരുന്നില്ല. പലരും നിർദ്ധനരും ദാരിദ്ര്യം അനുഭവിച്ചവരുമൊക്കെ ആയിരുന്നു. പലർക്കും പ്രവർത്തന സ്വാതന്ത്ര്യം പോലും ഉണ്ടായിരുന്നില്ല. നമുക്കറിയാം, ഗാന്ധിജി

ഒരു പ്രസംഗകനായിരുന്നില്ല. എന്നാൽ, ലോകം കണ്ടതിൽ ഏറ്റവും ആദരണീയനായ നേതാവായി അദ്ദേഹം മാറി. വർണ്ണവിവേചനത്തിനെതിരെ ലോകത്തോട് പടപൊരുതി വിജയിച്ച എബ്രഹാം ലിങ്കൺ ഏറെക്കാലം ദാരിദ്ര്യത്തിലും ദുരിതത്തിലും ജീവിച്ചയാളായിരുന്നു. ഇൻഡ്യൻ പ്രസിഡണ്ടായിരുന്ന ഡോ. എ.പി.ജെ അബ്ദുൾ കലാം ജീവിത സാഹചര്യങ്ങളോട് പൊരുതിയാണ് കരുത്തുറ്റ നേതാവായി മാറിയത്. ഹെലൻ കെല്ലർ അന്ധയും ബധിരയും മൂകയുമായിരുന്നു. എന്നിട്ടും, ബ്രെയിലി ലിപിയിലൂടെ ലോകത്തോടു സംവദിച്ചു. ഇ.എം.എസ് നമ്പൂതിരിപ്പാട് വിക്കുള്ള ഒരു വ്യക്തിയായിരുന്നു. എന്നിട്ടും അദ്ദേഹത്തിന്റെ വാക്കുകൾക്കായി കക്ഷി-രാഷ്ട്രീയ ഭേദമെന്യേ സമൂഹം കാതോർത്തു. ഇങ്ങനെ വിലയിരുത്തുമ്പോൾ നമുക്കറിയാവുന്ന പല നേതാക്കൾക്കും അവശ്യ വിദ്യാഭ്യാസമോ സൗകര്യങ്ങളോ ലഭിച്ചിട്ടില്ലാത്തവരായിരുന്നു. എന്നാൽ, അവരെയൊക്കെ ലോകം അംഗീകരിക്കുകയും അവരുടെ വാക്കുകൾക്ക് കാതോർക്കുകയും ചെയ്തത് ജീവിതത്തിൽ ഉടനീളം അവർ കാത്തു സൂക്ഷിച്ച സത്യസന്ധതയും നാടിന്റെ പുരോഗതിക്കും നിലനില്പിനും വേണ്ടി നടത്തിയ ആത്മാർത്ഥമായ പ്രവർത്തനങ്ങളും കൊണ്ടാണ്.

എന്നാൽ, നമ്മിൽ പലരും ചിന്തിക്കുന്നത് നമുക്ക് നല്ല നേതാവാകാൻ കഴിയില്ല എന്നാണ്. വഴങ്ങാത്ത ശരീരം, സൗന്ദര്യമില്ല എന്ന തോന്നൽ, പണവും കഴിവുമില്ല എന്ന ചിന്ത, എന്തു ചെയ്താലും പരാജയപ്പെടുമെന്ന ഭീതി ഇവയെല്ലാം നേതൃത്വത്തിലേക്കുള്ള വളർച്ചയെ തടയുന്ന പ്രധാന ഘടകങ്ങളാണ്. കരുത്തുറ്റ സ്വപ്നവും തീവ്രമായ ആഗ്രഹവും വ്യക്തമായ ലക്ഷ്യവുമുള്ള ഒരാൾക്ക് ഏതു സാഹചര്യത്തിലും വിജയിക്കാൻ കഴിയുമെന്നു നമുക്കു മുമ്പേയും നമ്മളോടൊപ്പവും നടന്ന നേതാക്കൾ കാണിച്ചു തന്നിട്ടുണ്ട്.

നേതൃത്വത്തിന്റെ രസതന്ത്രം മനസ്സിലാക്കിയാൽ ആർക്കും നേതാവാകുവാനും വിജയിക്കുവാനും കഴിയും. അതിനായി കുറേ കഴിവുകൾ വളർത്തിയെടുക്കേണ്ടതുണ്ട്.

**നേതൃഗുണം എന്തൊക്കെയായിരിക്കണം.**

1 ആശയങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരാനുള്ള കഴിവ്.

2 പ്രശ്നങ്ങളിൽ തന്റെ ഒപ്പമുള്ളവരെ ഒന്നിച്ചു നിർത്തി അത് പരിഹരിക്കാനുള്ള കഴിവ്.

3 ലക്ഷ്യം നേടാൻ വേണ്ടി കൂടെയുള്ളവരുടെ പിന്തുണ പരമാവധി നേടിയെടുക്കാനുള്ള കഴിവ്.

4 മറ്റുള്ളവരുടെ ആവശ്യങ്ങൾ അറിഞ്ഞു സാധിച്ചു കൊടുക്കാനും അവരെ ബോദ്ധ്യപ്പെടുത്താനും ഉള്ള കഴിവ്.

5 ദൃഢനിശ്ചയങ്ങൾ പലരും എടുക്കും. എന്നാൽ, ദൃഢനിശ്ചയങ്ങൾക്ക് കരുത്തു പകരാനുള്ള കഴിവ്.

6 സംഘാടനവും, പ്ലാനിംഗും, ഉദ്ദേശ്യ ശുദ്ധിയും, സമയത്തു തീരുമാനമെടുക്കാനുള്ള കഴിവും, ഊർജ്ജസ്വലതയും, ഒപ്പം ബുദ്ധി സാമർത്ഥ്യവും ഉണ്ടായിരിക്കണം.

**ഒരു നേതാവ് എങ്ങനെ ആയിരിക്കണം.**

1 ആവശ്യങ്ങൾ തിരിച്ചറിയുകയും നിറവേറ്റുകയും വേണം.

2 അറിവും, വിജയസ്വപ്നങ്ങളും, കാഴ്ചപ്പാടുകളും പങ്കുവെക്കണം.

3 സ്വയം നിയന്ത്രിക്കുകയും ലഭിക്കുന്ന

ഗുണങ്ങൾ ടീമംഗങ്ങൾക്ക് പങ്കുവെക്കുകയും വേണം.

4 സ്വഭാവശുദ്ധിയും കടപ്പാടും ആദരവും ആത്മവിശ്വാസവും കാത്തു സൂക്ഷിക്കണം.

5 ഉത്തരവാദിത്തങ്ങൾ പങ്കുവെച്ചു കൊടുക്കുകയും അവസരങ്ങൾ അവർക്ക് ഉറപ്പുവരുത്തുകയും വേണം.

6 സൗഹൃദബന്ധങ്ങൾ നിലനിർത്തുകയും മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും വേണം.

7 കഠിനപ്രയത്നത്തിലൂടെ വിജയിക്കാമെന്നു തെളിയിച്ചു കൊടുക്കണം.

ചുരുക്കത്തിൽ, നല്ല ആശയസംവേദനത്തിനുള്ള കഴിവ്, അവതരണത്തിനുള്ള മികവ്, മറ്റുള്ളവരെ പ്രചോദിപ്പിക്കാനും ഊർജ്ജസ്വലത നിലനിർത്താനും ഉള്ള കഴിവ്, അറിവ് പുതുക്കൽ, ഒപ്പമുള്ളവർക്ക് കരുതലും കാവലും, അവസരങ്ങളെ കണ്ടെത്തി ഉപയോഗിക്കാൻ പ്രേരിപ്പിക്കൽ, ആവശ്യത്തിനുള്ള നർമ്മപ്രയോഗങ്ങൾ തുടങ്ങിയവയൊക്കെ നേതൃഗുണത്തിൽ അനിവാര്യ ഘടകമാണെന്നു കാണാം.

നേതാവും നേതാവാകാൻ ആഗ്രഹിക്കുന്നവരും ചില രസതന്ത്രങ്ങൾ അറിഞ്ഞിരിക്കണം. പേരുകൾ ഓർത്തിരിക്കാൻ പരിശ്രമിക്കുക, ആൾക്കൂട്ടത്തിൽ നിന്നു ഒരാളെ പേരെടുത്തു വിളിക്കാൻ കഴിയുക, എല്ലാവരിലും നന്മയുണ്ടെന്നു വിശ്വസിക്കുകയും അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക, ഓരോ ചെറിയ വിജയങ്ങളിലും അവരെ അഭിനന്ദിക്കുകയും കൂടെക്കൂടെ ദേഷ്യപ്പെടാതെയും പരുക്കനായി പെരുമാറാതെയും ശ്രദ്ധിക്കുക.

ജനക്കൂട്ടത്തെ അഭിമുഖീകരിക്കാനുള്ള ഭയവും പ്രസംഗിക്കാനറിയില്ല എന്ന ധാരണയുമാണ് പലപ്പോഴും നേതൃസ്ഥാനത്തേക്കു സാധാരണക്കാരൻ കടന്നുവരാൻ മടിക്കുന്നതിനു കാരണമായി ഭവിക്കുന്നത്.

നേതാവാകാൻ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയും കാണികളെ ആകർഷിക്കാനുള്ള കഴിവ് ആർജ്ജിച്ചെടുക്കണം. CommunicastionSkill എന്നാൽ ആശയ സംവേദനത്തിന്റെ
അഗ്രഹാരമാണെന്നോർ ക്കുക. പാലിക്കാൻ കഴിയുന്ന വാഗ്ദാനങ്ങൾ മാത്രം നല്കുക. വിമർശനം ഉൾക്കൊള്ളാൻ കഴിയുന്ന മനസ്സുണ്ടായിരിക്കണം. വാക്കുകൾ ശ്രദ്ധാപൂർവ്വം ഉപയോഗിക്കുവാനും തെറ്റുകൾ തുറന്നു സമ്മതിക്കാനും അംഗീകരിക്കാനുമുള്ള ഹൃദയവിശാലതയുമാണ് ജനങ്ങളെ ആകർഷിക്കുന്നത്.

കുരുക്ഷേത്ര യുദ്ധം കഴിഞ്ഞു അർജ്ജുനൻ കൃഷ്ണനോടൊപ്പം ധൃതരാഷ്ട്രരിൽ നിന്നു അനുഗ്രഹം വാങ്ങുവാനും ഉപദേശം തേടാനുമായി ചെന്നു. അർജ്ജുനൻ ചോദിച്ചു; "പ്രഭോ, ഒരു നല്ല നേതാവിനു വേണ്ട കഴിവുകൾ എന്തൊക്കെയാണ്". ലോക നേതൃത്വത്തിനു നെറുകയിൽ കുറിച്ച ഉപദേശങ്ങളായിരുന്നു അദ്ദേഹം നല്കിയത്.
അവയിതാണ്......

1 നേതാവിന്റെ ഒന്നാമത്തെ കടമ ജനങ്ങളോടാണ്; അതാണ് ധർമ്മം.

2 നേതാവ് പ്രീതികരമായ സംഭാഷണ രീതി സ്വീകരിക്കണം. സൗഹൃദം കൂടരുത്, കർക്കശം അധികമാവുകയുമരുത്.

3 നേതാവ് കുലീന പ്രകൃതമുള്ളവരുമായി അടുത്ത് പെരുമാറുക.

4 നേതാവിനു വൈദഗ്ദ്യം, ചുറുചുറുക്ക്, സത്യസന്ധത,സമയകൃത്യത ഇവ എപ്പോഴും കൂടെയുണ്ടായിരിക്കണം.

5 രാജ്യം പുതുക്കിപ്പണിയണം; ജീർണ്ണത അരുത്.

6 ഖജനാവ് (Resourse) നിറഞ്ഞിരിക്കണം. അവയുടെ ഉപയോഗക്രമം അറിഞ്ഞിരിക്കണം.

7 പ്രവൃത്തിയിൽ മേൽനോട്ടം വേണം; ജാഗരൂകരായിരിക്കണം. (Alert).

8 പ്രവർത്തനത്തിനു പരസഹായം വേണം. സജ്ജമായ സേന കൂടെ ഉണ്ടായിരിക്കണം. (വിശ്വസ്തരായ അണികൾ)

9 മനസ്സിൽ വിദ്വേഷവും മുൻവിധിയും അരുത്.

ഓരോ വ്യക്തിയുടെയും ആന്തരിക ശക്തി അനന്തമാണ്. പക്ഷെ, നമ്മളാരും അതിനെക്കുറിച്ച് ബോധവാന്മാരല്ല എന്നു തിരിച്ചറിയണം. ദുർഘട സന്ദർഭങ്ങളിൽ ഒരാളെടുക്കുന്ന നിർണ്ണായക തീരുമാനങ്ങളാണ് അയാളുടെ ജീവിതത്തിലെ വളച്ചയെയും പതനത്തെയും നിർണ്ണയിക്കുന്നത്. മേൽപ്പറഞ്ഞ നേതൃത്വത്തിന്റെ രസതന്ത്രങ്ങൾ ജീവിതത്തിലേക്കു ഉൾക്കൊള്ളാൻ മനസ്സുവെച്ചാൽ ഏവർക്കും ജീവിത വിജയവും സംഘാടന പാടവവും അനായാസം നേടാനാവും. ●

സ്ഥലം മാറിപ്പോകുന്ന കർത്തൃദാസന്മാർ അഡ്രസ്സ് മാറ്റം ഓഫീസിൽ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

വിശ്വാസ സമർത്ഥന സംബന്ധിയായ വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതാൻ താല്പര്യമുള്ളവർക്ക് അതിനുള്ള അവസരങ്ങളുണ്ടായിരിക്കുന്നതാണ്. നിങ്ങളുടെ ലേഖനങ്ങൾ എഴുതി അയയ്ക്കേണ്ട വിലാസം.

സി.ഡി.വർഗീസ്

പി.ഒ.ബോക്സ് നമ്പർ.7, പുല്ലാട്. പി.ഒ.തിരുവല്ല. Pin:689548. Phone : **9447518465**

പ്രത്യേക ശ്രദ്ധക്ക്....

സീക്കേഴ്സ് പാത്ത് നു ജില്ലകൾതോറും കമ്മീഷൻ വ്യവസ്ഥയിൽ വിതരണക്കാരെ ആവശ്യമുണ്ട്. താത്പര്യമുള്ളവരും ദൈവവേലയിൽ സമർപ്പണ മനോഭാവമുള്ളവരുമായവർ ഓഫീസുമായി ബന്ധപ്പെടുക.

**മാസിക ആവശ്യപ്പെടുവാനും പണമയയ്ക്കുവാനും.**

**C D Varghese**
**P.O.Box.No:7,**
**Thiruvalla.689548.**

Email:
seekerspath@live.com

**Federal Bank Pullad.**
**Pullad P.O.**
**IFSC Code FDRL0001597**
**A/C. No: 15970100006326**

# സർപ്പം പൊടി തിന്നുമോ?



പ്രതിവാദം

സി.ഡി.വർഗീസ്

ചോദ്യം: മനുഷ്യരെ വഴിതെറ്റിച്ച സർപ്പത്തെ ദൈവം ശപിക്കുന്നതായി ഉല്പത്തി പുസ്തകം പറയുന്നിടത്ത് "ജീവിതകാലം മുഴുവൻ നീ പൊടി തിന്നും "( 3:14) എന്ന പരാമർശം കാണാം. ഇതുപ്രകാരം സർപ്പങ്ങൾ അന്നുമുതൽ ഇന്നു വരെ പൊടി തിന്നാണ് ജീവിക്കേണ്ടത്. എന്നാൽ വസ്തുത അങ്ങനെയല്ലല്ലോ?

ഉത്തരം: ജീവിതകാലം മുഴുവൻ നീ പൊടി തിന്നുമെന്നു ഹവ്വയുടെ അടുക്കൽ വന്ന സർപ്പത്തോടാണ് ദൈവം അരുളിച്ചെയ്തത്. അവിടെ **നീ** എന്നാണ് പറഞ്ഞിട്ടുള്ളത്. എല്ലാ സർപ്പങ്ങളും എന്നല്ല. ആ സർപ്പം പൊടി തിന്നിരുന്നില്ലെന്നു ശാസ്ത്രം തെളിയിച്ചിട്ടുണ്ടോ? പാമ്പുകളെക്കുറിച്ച് ശാസ്ത്രം ഇതുവരെ പഠിപ്പിച്ച വസ്തുതകൾക്കു വിരുദ്ധമായ കണ്ടുപിടുത്തങ്ങളാണ് ഉത്ഖനനങ്ങൾ നമുക്കു നല്കുന്നത്. കാലുകളുള്ള പാമ്പിന്റെ ഫോസിൽ കണ്ടെത്തിയിരിക്കുന്നു എന്ന വാർത്ത ഫോട്ടോ സഹിതമാണു പത്രങ്ങളിൽ അച്ചടിച്ചു വന്നത്. ഇക്കാലമത്രയും ശാസ്ത്രവിശാരദന്മാരും സാമാന്യ ജനവും കരുതിയിരുന്നത് പാമ്പുകൾ ഉരഗങ്ങൾ മാത്രമായിരുന്നെന്നാ.ശാസ്ത്രംപുരോഗമിക്കും തോറും ബൈബിളിന്റെ കൃത്യത തെളിവാർന്നു വരിക തന്നെയാണ്. "നീ ഉരസു കൊ ണ്ടു ഗമിക്കും"എന്നുദൈവംപറഞ്ഞതിനാൽ അന്നു വരെ പാമ്പുകൾ നടക്കുകയായിരുന്നുവെന്നു ധ്വനിക്കുന്നുവെന്നും അതിനാൽ ബൈബിളിലെ ഈ പ്രസ്താവന ശാസ്ത്രാബദ്ധമാണെന്നും പറഞ്ഞു ബൈബിളിനെ പരിഹസിച്ചവർക്കു ഇതിനെക്കാൾ വ്യക്തമായ മറുപടി ആവശ്യമുണ്ടോ? ശാസ്ത്രം സത്യം കണ്ടെത്താൻ വൈകുന്നതുകൊണ്ട് ദൈവവചനം തെറ്റാണെന്നു സമർത്ഥിക്കപ്പെടുന്നില്ല. ശാസ്ത്ര നിഗമനങ്ങളുമായി ബൈബിൾ പൊരുത്തപ്പെടാത്തതിനു കാരണം, ശാസ്ത്രത്തിന്റെ നിഗമനങ്ങളെല്ലാം സത്യമാണെന്നു തീർപ്പുകല്പിക്കാനാവില്ല എന്നതിനാലാണ്. അല്ലാതെ, ബൈബിൾ പരാമർശങ്ങൾ തെറ്റായതുകൊണ്ടല്ല.

## ദൈവമോ ചെകുത്താനോ?

ചോദ്യം: 2 ശമുവേൽ 24:1-ൽ "വീണ്ടും കർത്താവിന്റെ കോപം ഇസ്രായീലിനു നേരെ ജ്വലിച്ചു. 'പോകൂ; ഇസ്രായീലിന്റെയും യഹൂദായുടെയും ജനസംഖ്യയെടുക്കുക' എന്നു പറഞ്ഞു ദാവീദിനെ അവരുടെ നേരെ അവൻ ഇളക്കിവിട്ടു"എന്നു കാണുന്നു. എന്നാൽ, ഇതേ സംഭവം 1 ദിനവൃത്താന്തം 21:1-ൽ കാണുന്നത് മറ്റൊരു വിധത്തിലാണ്. അവിടെ പറയുന്നത്: " സാത്താൻ ഇസ്രായീലിനു എതിരായി തിരിഞ്ഞ്, ഇസ്രായീലിന്റെ ജനസംഖ്യയെടുക്കാൻ ദാവീദിനെ പ്രേരിപ്പിച്ചു'' എന്നാണ്. ഇതും

ബൈബിളിലെ വൈരുദ്ധ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതാണല്ലോ. ഇതേക്കുറിച്ച് എന്താണ് താങ്കൾക്ക് പറയാനുള്ളത്?

ഉത്തരം: ദൈവത്തിന്റെ കോപം ഇസ്രായേലിനു വിരോധമായി ജ്വലിച്ചതായി ബൈബിളിൽ കാണാം. ഈ സമയം സാത്താൻ തക്കത്തിൽ ഉപയോഗിച്ചാണ് ഇസ്രായേലിനു എതിരായി തിരിഞ്ഞ് ജനങ്ങളുടെ സംഖ്യയെടുക്കാൻ ദാവീദിനെ പ്രേരിപ്പിച്ചത് എന്നു ഗ്രഹിക്കാനാകും. സാത്താൻ അവസരങ്ങൾ തക്കത്തിൽ ഉപയോഗിച്ചതിനു ബൈബിളിൽ തെളിവുകളുണ്ട്. ഒരിക്കൽ പത്രോസ് യേശുവിനെ വേറിട്ടു കൊണ്ടു പോയി: കർത്താവേ നിനക്കങ്ങനെ ഭവിക്കരുതേ എന്നു ശാസിച്ചു തുടങ്ങിയതായി മത്തായിയുടെ സുവിശേഷത്തിൽ വായിക്കുന്നു. യേശു തന്റെ ക്രൂശുമരണത്തെയും പീഢനത്തേയും ഉയിർപ്പിനെയും കുറിച്ച് സംസംരിച്ച സന്ദർഭത്തിലാണ് പത്രോസ് ഇക്കാര്യം പറയുന്നത്. തന്റെ ഗുരുവിനു സംഭവിക്കാവുന്ന ഒരു ദുരന്തം തന്നിലുളവാക്കിയ വേദനയുടെ ബഹിർസ്പുരണമായി മാത്രം കരുതാവുന്ന ആരംഗം ചമച്ചത് സാത്താനായിരുന്നു. ക്രിസ്തു പക്ഷെ, അത് തിരിച്ചറിഞ്ഞു പത്രോസിനെ, "സാത്താനേ, എന്നെ വിട്ടു പോ; നീ എനിക്കു ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നത്. " എന്നു പറഞ്ഞു ശാസിക്കുകയാണ് ചെയ്തതെന്ന കാര്യവും മത്തായി രേഖപ്പെടുത്തിയിട്ടുണ്ട്. (മത്തായി 16 21-23).

ഇവിടെയും ദൈവം കോപിച്ച സന്ദർഭം മുതലെടുത്ത് ദൈവം പ്രേരിപ്പിച്ചു എന്നു തോന്നിപ്പിക്കുന്ന വിധം ദാവീദിനെ പ്രേരിപ്പിച്ചത് സാത്താനായിരുന്നു. സുബോധം വന്നപ്പോൾ ദാവീദ് വിലപിക്കുന്നത് അതുകൊണ്ടാണ്. ജനത്തെ എണ്ണിയശേഷം ദാവീദ് താൻ ഈ ചെയ്തത് തെറ്റാണെന്നു ഗ്രഹിക്കുകയും ക്ഷമയാചന നടത്തുകയും ചെയ്യുന്നുണ്ട്. ( 2 ശമുവേൽ24:10, 1 ദിനവൃത്താന്തം 21:8). തന്നെ പ്രേരിപ്പിച്ചത് ചെകുത്താനാണെന്നു ദാവീദിനു വ്യക്തമായി അറിയാമായിരുന്നു. അതുകൊണ്ടാണല്ലോ ദൈവമുമ്പാകെ കുറ്റം ഏറ്റുപറഞ്ഞത്. ദൈവമാണ് തോന്നിപ്പിച്ചതെങ്കിൽ അതിന്റെ ആവശ്യമില്ലായിരുന്നല്ലോ. മൂലഗ്രന്ഥത്തിൽ ശമുവേലിന്റെ പുസ്തകത്തിൽ ദൈവം പ്രേരിപ്പിച്ചു എന്നല്ല, ദാവീദിനു തോന്നിച്ചു എന്നാണുള്ളത്. എന്നാൽ, ദിനവൃത്താന്തത്തിൽ സാത്താൻ പ്രേരിപ്പിച്ചു എന്നു വ്യക്തമാക്കുന്നുമുണ്ട്. മാത്രമല്ല, ജനത്തെ എണ്ണിയത് ദൈവത്തിനു അനിഷ്ടമായിരുന്നു എന്നു ബൈബിൾ എടുത്തു പറയുന്നുണ്ട്. (1 ദിനവൃത്താന്തം 21:7) ദാവീദിനു ഇക്കാര്യം ചെയ്യുവാൻ പ്രേരണകൊടുത്തത് ദൈവമല്ലെന്നുള്ളത്, ദൈവം പ്രകടിപ്പിച്ച അനിഷ്ടവും അവിടുന്നു നല്കിയ ശിക്ഷയും വ്യക്തമാക്കുന്നുവല്ലോ. അതുകൊണ്ടു തന്നെ ഇത് വൈരുദ്ധ്യമാകുന്നില്ല എന്നത് ബോദ്ധ്യമാകുന്നുവല്ലോ.

ഇന്ത്യയെ സംബന്ധിച്ച് സുവിശേഷീകരണത്തിനു ഏറ്റവും അനുയോജ്യമായ രാഷ്ട്രീയ സാഹചര്യം ഏതാണ്? നിങ്ങളുടെ കാഴ്ചപ്പാടുകൾ കാര്യകാരണ സഹിതം സമർത്ഥിക്കുവാൻ ഒരവസരം. പ്രസിദ്ധീകരണ യോഗ്യമായവ **സീക്കേഴ്സ് പാത്ത്** മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**സി.ഡി.വർഗീസ്**

പി.ഒ.ബോക്സ് നമ്പർ.7,പുല്ലാട്. പി.ഒ.തിരുവല്ല.

പിൻ: 689548. ഫോൺ: 9447518465

അസത്യമായി ചിത്രീകരിക്കപ്പെട്ട സത്യം.5

സി.ഡി.വർഗ്ഗീസ് & വി.കെ.സുരേന്ദ്രൻ.

# വിമർശനങ്ങൾക്കു മറുപടി

**(ശ്രീ. എം.എം. അക്ബർ എഴുതിയ ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ എന്ന പുസ്തകത്തിൽ ബൈബിളിൽ നിന്നും പ്രവചനത്തെറ്റു കളായി ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയങ്ങൾക്ക് വ്യക്തമായ മറുപടി നല്കുന്ന ലേഖനപരമ്പര.)**

## *10. യോശിയായോടുള്ള പ്രവചനം.*

അക്ബർ ദൈവത്തിന്റെ മറ്റൊരു വാഗ്ദാനത്തെ ഇങ്ങനെ ആക്ഷേപിക്കുന്നു. യോശിയാ രാജാവിനോടും നീ സമാധാന ത്തോടെ മരിക്കുമെന്നു ദൈവം വാഗ്ദാനം ചെയ്യുന്നുണ്ട്. "കർത്താവാണ് ഇത് അരുളി ച്ചെയ്യുന്നത്: അതുകൊണ്ടു ഞാൻ നിന്നെ നിന്റെ പിതാക്കന്മാരോടു ചേർക്കും. നീ സമാധാനത്തോടെ നിന്റെ ശവകുടീരത്തി ലേക്കു പോകും. ഈ സ്ഥലത്ത് ഞാൻ ഉണ്ടാ ക്കുന്ന അനർത്ഥങ്ങളൊന്നും നിന്റെ കണ്ണു കൾ കാണുകയില്ല" (2 രാജാക്കന്മാർ 22:20). ഈ വാഗ്ദാനവും നിറവേറപ്പെട്ടില്ല. യോശി യായുടെ അന്ത്യം അതിദാരുണമായിരുന്നു. വില്ലാളികൾ യോശിയാ രാജാവിനെ എയ്തു. രാജാവ് ദാസരോടു പറഞ്ഞു:' എന്നെ കൊണ്ടു പോകൂ, എനിക്കു വല്ലാതെ മുറിവേ റ്റിരിക്കുന്നു'. ദാസൻ അയാളെ രഥത്തിൽ നിന്നിറക്കി അയാളുടെ രണ്ടാം രഥത്തിൽ ജറു സലേമിലേക്കു കൊണ്ടുവന്നു" (2 ദിനവൃത്താ ന്തം 35:23,24). (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ 136).

അക്ബർ എഴുതിയയിടത്തു മാത്രം നിർത്താതെ മുസ്ലീം വായനക്കാർ തുറന്ന മന സ്സോടെ ബൈബിൾ വായിക്കണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. നോക്കുക: "നെഖോ യോശിയായുടെ അടുക്കൽ ദൂതന്മാരെ അയച്ചു: യെഹൂദാ രാജാവേ, എനിക്കും നിനക്കും തമ്മിലെന്ത്? ഞാൻ ഇന്നു നിന്റെ നേരെ അല്ല, എന്റെ ശത്രുഭവനത്തിന്റെ നേരെയത്രേ പുറപ്പെട്ടിരിക്കുന്നത്, ദൈവം എന്നോടു തിടുക്കം കൂട്ടുവാൻ കല്പിച്ചിരി ക്കുന്നു. എന്റെ പക്ഷത്തുള്ള ദൈവം നിന്നെ നശിപ്പിക്കാതിരിക്കേണ്ടതിന്നു അവനോട് ഇടപെടരുത് എന്നു പറയിച്ചു. എങ്കിലും യോശിയാവ് വിട്ടു തിരിയാതെ അവനോടു യുദ്ധം ചെയ്യേണ്ടതിനു വേഷം മാറി, **നെഖോ പറഞ്ഞ ദൈവവചനങ്ങളെ കേൾക്കാതെ** അവൻ മെഗിദ്ദോ താഴ്‌വരയിൽ യുദ്ധം ചെയ്യുവാൻ ചെന്നു. വില്ലാളികൾ യോശിയാവിനെ എയ്തു. ( 2 ദിനവൃത്താന്തം 35:21,24). യോശിയാ രാജാവ് ദൈവവചനം കേൾക്കാതെ യുദ്ധത്തിനു പോയതുകൊ ണ്ടാണ് തന്റെ അന്ത്യം ദാരുണമായതെന്നു ബൈബിൾ വ്യക്തമാക്കുമ്പോൾ, ദൈവ കല്പന ലംഘിച്ചാലും ദൈവം അരുളിയ വാഗ്ദാനത്തിനു മാറ്റം വരുത്താനോ കല്പന ലംഘിച്ചാൽ അനർത്ഥം വരുത്തുമെന്നു മുന്നറിയിപ്പു നല്കുവാനോ ദൈവത്തിനു അവകാശമോ അധികാരമോ ഇല്ലെന്നു വരുത്തിത്തീർക്കാനാണ് ശ്രീ എം.എം. അക്ബറിനു വ്യഗ്രത.

## *11 ജെറുസലേമിനെക്കുറിച്ചുള്ള പ്രവചനം.*

യെശയ്യാവിന്റെ പുസ്തകത്തിലെ ഒരു പ്രവചനത്തെക്കുറിച്ച് അക്ബർ എഴുതുന്നു. " ഈ പ്രവചനം പ്രകാരം യെശയ്യാവിനു ശേ

ഷം പരിച്ഛേദനം ചെയ്യാത്ത ആരും തന്നെ ജെറുസലേമിൽ പ്രവേശിക്കുകയില്ല. “സീയോനെ, ഉണരുണരൂ, നിന്റെ ശക്തി ആർജ്ജിക്കൂ, വിശുദ്ധ നഗരമായ ജെറുസലേമേ, നീ നിന്റെ അഴകാർന്ന വസ്ത്രങ്ങൾ ധരിക്കൂ, കാരണം പരിച്ഛേദനം നടത്താത്തവനോ, ശുദ്ധിയില്ലാത്തവനോ ഇനി നിന്നിൽ പ്രവേശിക്കയില്ല” ( യശയ്യാവ് 52:1). ഈ പ്രവചനത്തിനു ശേഷം ലക്ഷക്കണക്കിനു പരിച്ഛേദനം ചെയ്യാത്ത മനുഷ്യർ ജെറുസലേമിൽ പോകുകയും അവിടെ താമസമാക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും ചെയ്തുകൊണ്ടിരിക്കുന്നു. യെശയ്യാവിന്റെ പ്രവചനവും തെറ്റിയെന്നർത്ഥം. (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 137).

ഇത് ഭാവിയിൽ സംഭവിക്കാനുള്ള വസ്തുതയായിട്ടാണ് ബൈബിൾ പ്രസ്താവിക്കുന്നത് എന്നതിനാൽ തെറ്റിപ്പോയി എന്നു അക്ബർ പറയുന്നത് അവാസ്തവമാണ്. ഭാവിയിൽ സംഭവിക്കേണ്ട പ്രവചനമാകയാൽ യെശയ്യാവിനു ശേഷം എന്ന രീതിയിൽ അതിനെ വ്യാഖ്യാനിക്കുന്നതും യുക്തമല്ല. യെശയ്യാവിന്റെ പ്രവചനം 52-ാം അദ്ധ്യായം 1 മുതൽ 12 വരെ വാക്യങ്ങൾ വായിച്ചാൽ അത് യെശയ്യാവിന്റെ കാലത്തു നടക്കേണ്ടുന്ന കാര്യമല്ലെന്നും ഭാവിയിൽ നടക്കാനുള്ളതാണെന്നും ബോദ്ധ്യപ്പെടുന്നതാണ്. മാത്രമല്ല, ഇത് രാഷ്ട്രത്തെക്കുറിച്ചല്ല, യിസ്രായേൽ ജനതയ്ക്കുണ്ടാകുന്ന ആത്മീകാഭിവൃദ്ധിയുടെ വാഗ്ദത്തം മിശിഹയിലൂടെ ലഭിക്കാനുള്ള വസ്തുതയെയാണ് കുറിക്കൊള്ളുന്നത് എന്നു ഈ അദ്ധ്യായവും തുടർന്നുള്ളതും വിശദീകരിക്കുന്നു. ആത്മികനല്ലാത്ത ഒരാൾ അത് തിരിച്ചറിയാത്തതിൽ കുറ്റപ്പെടുത്താനാവില്ല, അതവനു ഭോഷത്തം ആകുന്നു. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അതു അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. ( 1 കൊരിന്ത്യർ 2:14) എന്നു ബൈബിൾ പ്രസ്താവിക്കുന്നുണ്ട്. ആയതിനാൽ അക്ബർ ഒരുക്കുന്ന നാശത്തിന്റെ പാതയിൽ ചരിക്കാതെ രക്ഷയുടെ പാതയിലേക്കു തിരിയാൻ ഞങ്ങൾ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

## *12 കോന്യായെക്കുറിച്ച് പ്രവചനം;*

യെഹോയാക്കീമിന്റെ പുത്രനായ കോന്യായെക്കുറിച്ച് യിരെമ്യാപുസ്തകത്തിലെ പ്രവചനം: “ കോന്യാ എന്ന ഈ മനുഷ്യൻ, ആരും കാര്യമാക്കാത്ത, നിന്ദിക്കപ്പെട്ട ഒരു ഉടഞ്ഞ പാത്രമോ? അയാളും അയാളുടെ സന്തതികളും അവർക്കു അജ്ഞാതമായ ഒരു ദേശത്തേക്കു ചുഴറ്റി എറിയപ്പെടുന്നത് എന്തുകൊണ്ട്? അല്ലയോ ദേശമേ, ദേശമേ, ദേശമേ കർത്താവിന്റെ വചനം കേൾക്കൂ! കർത്താവ് അരുൾച്ചെയ്യുന്നു. ഈ മനുഷ്യൻ മക്കളില്ലാത്തവനെന്നും ആയുഷ്ക്കാലത്തു വിജയം വരിക്കാത്തവനെന്നും എഴുതിവെയ്ക്കൂ. കാരണം, വീണ്ടും ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു യഹൂദാ ഭരിക്കാൻ അയാളുടെ സന്തതികളിൽ ആർക്കും സാദ്ധ്യമാകുകയില്ല”( യിരെമ്യാവ് 22: 28-30).

ഈ വചനപ്രകാരം കോന്യാക്ക് മക്കളുണ്ടാവാൻ പാടില്ല. എന്നാൽ, ദിനവൃത്താന്തം ഒന്നാം പുസ്തകത്തിൽ യെഹോയാക്കീമിന്റെ പുത്രനായ കോന്യായുടെ പുത്രന്മാരെക്കുറിച്ച് പറയുന്നുണ്ട്. അത് ഇങ്ങനെയാണ്: യെഹോയാക്കീമിന്റെ പിൻമുറക്കാർ: അയാളുടെ പുത്രൻ യെകോന്യ, അയാളുടെ പുത്രൻ സിദെക്കിയ, ബന്ധനസ്ഥനായ യെകോനയായുടെ പുത്രന്മാർ: അയാളുടെ പുത്രൻ ശെയൽത്തിയെൽ, മൽക്കിറാം, പെദായ, ശെനസ്സർ, യെശമീയ, ഹോശാമ, നെദബ്യാ”( 1 ദിനവൃത്താന്തം 3:16-18). (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 137,138).

കോന്യായ്ക്കു സന്തതികളുണ്ടെന്നു ഈ ഭാഗത്തു തന്നെ വ്യക്തമായി പറഞ്ഞിരിക്കെ, മക്കളുണ്ടാവാൻ പാടില്ലെന്നു അക്ബർ തീരുമാനിച്ചതെങ്ങനെയാണാവോ? "അയാളും അയാളുടെ സന്തതികളും അജ്ഞാതമായ ഒരു ദേശത്തേക്കു ചുഴറ്റി എറിയപ്പെടുന്നത് എന്തുകൊണ്ട്?" എന്ന പദപ്രയോഗം മക്കളുള്ളതു കൊണ്ടുതന്നെയാണെന്നു ചിന്തിക്കാനുള്ള ബോധം പോലും അദ്ദേഹത്തിനില്ലാതായോ? ഇല്ലാത്ത സന്തതികളെ എങ്ങനെയാണാവോ ചുഴറ്റി എറിയുന്നത്? "അയാളും അയാളുടെ സന്തതികളും" എന്ന പ്രയോഗത്തിലെ 'സന്തതികൾ' ഇല്ലെങ്കിൽ 'അയാളും' കാണുകയില്ലല്ലോ. അതോ ഒരു പ്രയോഗത്തിലെ രണ്ടു വസ്തുതകളെ ഒരേ കാര്യം കൊണ്ടു സൂചിപ്പിച്ചാലും ഒരു പകുതി ഉണ്ടെന്നും അടുത്ത പകുതി ഇല്ലെന്നും വരുന്ന പുതിയ തന്ത്രം മലയാള ഭാഷയിൽ പുതുതായി കണ്ടെത്തിയെന്നു കരുതണമോ?

ദാവീദിന്റെ സിംഹാസനത്തിലിരുന്നു ഭരിക്കാൻ അയാളുടെ സന്തതികളിൽ ആർക്കും സാദ്ധ്യമാവില്ല എന്ന കാരണത്താലാണ് മക്കളുണ്ടായിട്ടും മക്കളില്ലാത്തവനെന്നു എഴുതിവെക്കുവാൻ പറഞ്ഞത് എന്നു അവിടെ വ്യക്തമാക്കുന്നുണ്ട്. എന്നാലും എന്തെങ്കിലുമൊക്കെ പറഞ്ഞു ബൈബിൾ തെറ്റാണെന്നു പ്രചരിപ്പിക്കാനാണ് അക്ബറിന്റെ ശ്രമം. എങ്കിലല്ലേ ഖുർആനു നിലനില്പുള്ളു? അക്ബർ സാഹിബ്ബിന്റെ കാപട്യം വായനക്കാർക്ക് കൂടുതൽ വ്യക്തമാവാൻ ഇതിലും അധികം തെളിവുകൾ വേണ്ടിവരില്ലല്ലോ.

### *13 ഹാസോറിനെക്കുറിച്ച് പ്രവചനം;*

ഹാസോർ പ്രദേശത്തെക്കുറിച്ചു യിരെമ്യായുടെ പുസ്തകത്തിൽ ഒരു പ്രവചനമുണ്ട്. "ഹാസോർ കുറുനരികളുടെ ഇടമാകും. നിത്യമായ പാഴ്നിലം. ആരും അവിടെ പാർക്കുകയില്ല. ആരും അവിടെ പ്രവേശിക്കയില്ല" (യിരെമ്യാവ് 49:33).'ഈ പ്രവചനത്തിനു ശേഷവും പലരും ഹാസോറിൽ പാർക്കുകയും പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും ജനങ്ങൾ ഇവിടെ പാർക്കുന്നു. ചരിത്രത്തിലെവിടെയും ഹാസോർ പ്രദേശം കുറുനരികളുടെ ഇടമായിത്തീർന്നതായി സൂചിപ്പിക്കുന്നില്ല'. (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 137,138) എന്നൊക്കെയാണ് അക്ബറിന്റെ അടുത്ത ആക്ഷേപം.

ഹാസോർ എന്ന പേരിൽ ഒന്നിലധികം സ്ഥലങ്ങളെക്കുറിച്ച് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1 ഉത്തര പലസ്തീനിലെ ഒരു പ്രധാന പട്ടണം (യോശുവ 11:1,10). 2 യഹൂദയുടെ തെക്കെ അറ്റത്തുള്ള മറ്റൊരു പട്ടണം (യോശുവ 15: 23). 3 ഹാസോർ ഹദത്ഥ (നവഹാസോർ) (യോശുവ 15:25). ഹാസോർ നിവാസികളിൽ ചിലർ പുതിയ സ്ഥലത്ത് താമസിച്ച് അതിനു കൊടുത്ത പേരാണിത്. 4 കെരിയോത്ത് ഹാസോർ. 5 യെരുശലേമിനു വടക്കുള്ള പട്ടണം. പ്രവാസാനന്തരം ബെന്യാമീന്യർ ഇവിടെ പാർത്തു (നെഹമ്യാവ്11:33). 6 ഫ്രാത്തിന്റെയും പേർഷ്യൻ ഉൾക്കടലിന്റെയും മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന സ്ഥലം. യിരെമ്യാവ് ഇതിന്റെ നാശം പ്രഖ്യാപിക്കുകയും ബി.സി.598-ൽ നെബുഖദ്നേസർ ഇതിനെ നശിപ്പിക്കുകയും നാമാവശേഷമാക്കുകയും ചെയ്തു. ബൈബിളിലെ പ്രവചനം അക്ഷരംപ്രതി നിറവേറി. മറ്റു ഹാസോറുകൾ കണ്ടു അക്ബർ തെറ്റദ്ധരിച്ചതിനും പഴി ബൈബിളിന്. കഷ്ടം!

### *14 ബാബിലോണിനെക്കുറിച്ചുള്ള പ്രവചനം.*

ബാബിലോണിനെക്കുറിച്ചും ഹാസോറിനെക്കുറിച്ചു പറഞ്ഞതുപോലെയുള്ള ഒരു പ്രവ

ചനം യിരെമ്യായുടെ പുസ്തകത്തിലുണ്ട്. “ആകയാൽ ബാബിലോണിൽ വന്യമൃഗങ്ങളും കുറുക്കനും ഒരുമിച്ചു പാർക്കും. ഒട്ടകപ്പക്ഷി പാർക്കും. മേലാൽ ഒരിക്കലും അവളിൽ ആൾപ്പാർപ്പ് ഉണ്ടാകുകയില്ല. ഒരു തലമുറയിലും അവിടെ നിവാസികൾ ഉണ്ടാകുകയില്ല. ദൈവം സോദോമിനെയും ഗൊമോറയേയും അയൽ നഗരങ്ങളെയും നശിപ്പിച്ചപ്പോൾ എന്നപോലെ ആരും അവിടെ വസിക്കയില്ല. ഒരു മനുഷ്യനും അവളിൽ പ്രവേശിക്കയില്ല. കർത്താവാണ് ഇത് അരുളിച്ചെയ്യുന്നത്” (യിരെമ്യാവ് 50:40,41). ഇതേ കാര്യം തന്നെ യെശയ്യാവിന്റെ പുസ്തകത്തിലുമുണ്ട് (യെശയ്യാവ് 13:19-22). ഈ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ലെന്നത് ഒരു വർത്തമാനകാല അനുഭവമാണല്ലോ എന്നാണ് അക്ബറിന്റെ ചോദ്യം (ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ പേജ് 138,139).

ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന, ബൈബിളിലെ അവസാനത്തെ പുസ്തകമായ വെളിപ്പാടു പുസ്തകത്തിൽ മഹതിയാം ബാബിലോണിന്റെ നാശത്തെക്കുറിച്ചു എടുത്തു പറയുന്നുണ്ട്. ഇതു ഭാവിയിൽ നടക്കേണ്ടുന്ന ഒരു കാര്യമായിട്ടാണ് ബൈബിളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ഇതു വർത്തമാനകാല അനുഭവത്തിൽ പൂർത്തിയായിട്ടില്ല എന്നു പറയുന്നത് യുക്തമല്ല. ഭാവിയിൽ സംഭവിക്കാനുള്ള കാര്യമായിട്ടാണ് ബൈബിളിൽ പറഞ്ഞിട്ടുള്ളതെന്നു അക്ബറിനും അറിയാം. അതുകൊണ്ടാണല്ലോ 'വർത്തമാനകാല അനുഭവം' എന്നു എടുത്തു പറഞ്ഞത്. അല്ലാത്ത പക്ഷം തനിക്കു ഒരു വിമർശനം മുന്നോട്ടു വെച്ച് തന്റെ ‘പാണ്ഡിത്യം’ അനുയായികൾക്കു മുമ്പിൽ തെളിയിക്കാനാവില്ലല്ലോ.

“ രണ്ടാമതു വേറൊരു ദൂതൻ ചെന്നു: വീണുപോയി, തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളേയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി എന്നു പറഞ്ഞു” (വെളിപ്പാടു 14:8). മഹാനഗരം മൂന്നംശമായി പിരിഞ്ഞു, ജാതികളുടെ പട്ടണങ്ങളും വീണുപോയി, ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോണിനു കൊടുക്കേണ്ടതിനു അവളെ ദൈവസന്നിധിയിൽ ഓർത്തു” (വെളിപ്പാടു 16:19). “ അവൻ ഉറക്കെ വിളിച്ചു പറഞ്ഞത്: വീണുപോയി, മഹതിയാം ബാബിലോൺ വീണുപോയി, അവർ ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും സങ്കേതവും അശുദ്ധിയും അറപ്പും ഉള്ള സകല പക്ഷികളുടെയും താവളമായിത്തീർന്നു”(വെളിപ്പാടു 18:2).

ഇങ്ങനെ നിരവധി വചനങ്ങൾ ഭാവിയിൽ സംഭവിപ്പാനുള്ള കാര്യമായി ബൈബിളിൽ പ്രതിപാദിച്ചിരിക്കെ വർത്തമാനകാല അനുഭവമായി കാണാനുള്ള ശ്രമം ദുരുപദിഷ്ടമാണ്. ഇത് വർത്തമാനകാലത്തിൽ നിറവേറേണ്ട പ്രവചനമായിട്ടല്ല - യിരെമ്യാവിന്റെയും യെശയ്യാവിന്റെയും പുസ്തകത്തിൽ മാത്രമല്ല - യേശുവിന്റെ ഐഹികജീവിത കാലഘട്ടത്തിനും വളരെ വർഷങ്ങൾക്കു ശേഷം എഴുതപ്പെട്ട വെളിപ്പാടു പുസ്തകത്തിലും ഇത് ഭാവിയിൽ നിറവേറേണ്ട പ്രവചനമായിട്ടു തന്നെയാണ് പ്രതിപാദിച്ചിട്ടുള്ളത്. ബൈബിൾ വിരുദ്ധ തിമിരം മുറ്റിയവർ അതു കാണാതെ പോകുന്നുവെന്നു മാത്രം. •

മനുഷ്യരെപ്പോലെ ചിന്തിക്കുന്ന കഴുതകളെ ഞാൻ കണ്ടിട്ടില്ല. എന്നാൽ, കഴുതകളെപ്പോലെ ചിന്തിക്കുന്ന മനുഷ്യരെ ഞാൻ കണ്ടിട്ടുണ്ട്. ഹെൻറിച്ച് ഹെയിൻ